




# അൽഹഖ്

പുസ്തകം 19 ലക്കം 7 സെപ്തംബർ 2011 തബൂക് 1390 ശവ്വാൽ - ദുൽഖഅദ് 1432


# കളവിനെ വേരോടെ പിഴുതെറിയുക

ഹ. അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്)



സത്യം പറയുകയും, സത്യത്തിൽ നിലനിൽക്കുകയും കളവിനെ വെറുക്കുകയും ചെയ്യുന്നത് ഉന്നതമായ സ്വഭാവമാണ്. അല്ലാഹുവിന്റെ ഏകത്വം സ്ഥാപിക്കാനും ഇത് വളരെ അനിവാര്യമാണ്. അല്ലാഹു ശിർക്കിൽ നിന്നും, കളവിൽ നിന്നും രക്ഷപ്പെടാൻ ഒരേ സ്ഥലത്താണ് പരാമർശിച്ചിട്ടുള്ളത്. അതുകൊണ്ട് നബി(സ) കുട്ടികൾക്ക് നൽകിയ ആദ്യപാഠം സത്യം പറയണമെന്നാണ്. മാതാക്കളോടും പിതാക്കളോടും പറഞ്ഞത്, സത്യസന്ധത പഠിപ്പിക്കണമെന്നായിരുന്നു. നവമുസ്‌ലിംകൾക്ക് നൽകിയ അധ്യാപനവും സത്യത്തെ സ്വാംശീകരിക്കണമെന്നും, എപ്പോഴും സത്യം പറയണമെന്നുമായിരുന്നു.

സത്യത്തെ നിലനിർത്തുന്നതിനും കുട്ടികളിൽ രൂഢമൂലമാക്കുന്നതിനും നബി(സ) എത്രമാത്രം ശ്രദ്ധിച്ചിരുന്നുവെന്ന് ഒരു നിവേദനത്തിൽ നിന്ന് മനസിലാക്കാൻ കഴിയും. അബ്ദുല്ലാഹ്ബിൻ അമീർ(റ) നിവേദനം ചെയ്യുന്നു നബി(സ) ഒരിക്കൽ ഞങ്ങളുടെ വീട്ടിൽ വരുകയുണ്ടായി. ഞാൻ വളരെ ചെറിയ കുട്ടിയായിരുന്നു. കളിക്കാൻ ഞാൻ പുറത്തേക്കിറങ്ങുമ്പോൾ ഉമ്മ എന്നെ വിളിച്ച് പറഞ്ഞു, അബ്ദുല്ലാഹ് ഇങ്ങോട്ട് വരൂ, ഞാനൊരു സാധനം തരാം. നബി(സ) നിങ്ങൾ എന്തെങ്കിലും കൊടുക്കാനാണോ വിളിക്കുന്നത്. ഉമ്മ പറഞ്ഞു, അതേ, ഞാൻ കാരക്ക കൊടുക്കുന്നതാണ്. തിരുനബി(സ) പറഞ്ഞു: യഥാർഥത്തിൽ കൊടുക്കാനുള്ള ഉദ്ദ്യേശ്യമില്ലാതെ കുട്ടിയെ വിളിക്കാനാണ് അങ്ങനെ പറഞ്ഞതെങ്കിൽ നിങ്ങൾക്ക് കളവ് പറഞ്ഞതിനുള്ള തിന്മയാണുള്ളത്.

നോക്കുക, ചെറുപ്രായത്തിലെ ഈ ഉപദേശം കുട്ടിയിൽ സ്വാധീനം ചെലുത്തി. ഇത്തരം സാഹചര്യങ്ങളിൽ, ഇത്തരം ഉപദേശങ്ങളിൽ വളർന്നുവരുന്ന കുട്ടി ജീവിതത്തിൽ എപ്പോഴെങ്കിലും കളവ് പറയുമോ? അത്തരം ശിക്ഷണത്തിൽ വളരുന്ന കുട്ടികൾ പിന്നീട് ലോകത്തിന് സത്യസന്ധത കാണിച്ചു കൊടുക്കുന്നവരായിത്തീരുന്നു.

ഒരിക്കൽ ഒരാളോട് നബി(സ) പറഞ്ഞു, നിനക്ക് എല്ലാ തിന്മകളും ഒഴിവാക്കാൻ കഴിയില്ലെങ്കിൽ കളവ് പറയുന്ന സ്വഭാവം ഉപേക്ഷിക്കുക. അങ്ങനെ അയാൾ കളവ് ഉപേക്ഷിച്ച കാരണത്താൽ പതിയെ പതിയെ മറ്റെല്ലാ തിന്മകളും അകന്നുപോയി. ഞാൻ നേരത്തെ പറഞ്ഞതുപോലെ കളവ് ശിർക്കിലേക്ക് കൊണ്ടുപോകുന്നതാണ്. അതുകൊണ്ട് തന്നെ നബി(സ)ന് കളവിനോട് കഠിനമായ വെറുപ്പ് ഉണ്ടായിരുന്നു. ഇത് മനുഷ്യനെ നാശത്തിന്റെ അടിത്തട്ടിലേക്ക് നയിക്കുന്നു. ഇതിൽ നിന്ന് രക്ഷപ്പെടാൻ നബി(സ) തന്റെ ഉമ്മത്തിനെ ശക്തമായി ഉപദേശിച്ചിരുന്നു.

ഹ. അബ്ദുർറഹ്മാൻ ബിൻ അബൂബക്കർ തന്റെ മാതാവിൽ നിന്ന് നിവേദനം ചെയ്യുന്നു. നബി(സ) മൂന്ന് പ്രാവശ്യം ചോദിച്ചു, ഞാൻ നിങ്ങൾക്ക് വൻപാപങ്ങളെ കുറിച്ച് പറഞ്ഞുതരട്ടയോ? ഞങ്ങൾ പറഞ്ഞു, തീർച്ചയായും. നബി(സ) പറഞ്ഞു : വൻപാപങ്ങൾ ഇവയാണ്. അല്ലാഹുവിന് പങ്കുകാരെ ചേർക്കുക, മാതാപിതാക്കളെ അനുസരിക്കാതിരിക്കുക, നബി(സ) ചാരിയിരിക്കുകയായിരുന്നു. അവിടെ നിന്ന് എഴുന്നേറ്റ് ഇരുന്ന് പറഞ്ഞു. ശ്രദ്ധിച്ചു കേൾക്കൂ, കളവും കള്ളസാക്ഷ്യവും, ശ്രദ്ധിച്ചു കേൾക്കൂ, കളവും കള്ളസാക്ഷ്യവും.... നിവേദകൻ പറയുന്നു. നബി(സ) ഇത് ആവർത്തിച്ച് കൊണ്ടേയിരുന്നു. ഞാൻ ആശിച്ചു, തിരുനബി(സ) നിശബ്ദനായെങ്കിൽ എന്ന്. (ബുഖാരി)

നബി(സ) എത്ര ശക്തമായിട്ടാണ് അതിൽ നിന്ന് രക്ഷപ്പെടാൻ ആവശ്യപ്പെട്ടത് അത്രയും പ്രാധാന്യത്തോടെ നാം അതിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. പൊതുവിലുള്ള സാധാരണ തെറ്റായ സംസാരങ്ങളിൽ നിന്നും നാം രക്ഷപ്പെടണം. നബി(സ) ആ മാതാവിനോട് പറഞ്ഞതുപോലെ, നിങ്ങൾ കുട്ടിക്ക് ഒന്നും നൽകിയില്ലെങ്കിൽ അതും കളവാണെന്നാണ്.

ഇത് ഇന്ന് സർവസാധാരണമായിക്കൊണ്ടിരിക്കുന്നു. തമാശകളിൽ പറയുന്ന കളവിന് ഒരു കുറവുമില്ല. ആരുടെ ഉള്ളിലാണോ ഇതുള്ളത് അതിനെ വേരോടെ പിഴുതെറിയാൻ ഓരോ അഹ്മദിയും ശ്രമിക്കേണ്ടതാണ്. (ഖുത്ബു ജുമുഅ. 19-8-2005)


2. ജമാഅത്തായ നമസ്ക്കാരത്തിന്റെ പ്രാധാന്യം

3. സത്യം പറയാൻ ധൈര്യമുള്ളരാവുക

4. ഋജുവായ സംസാരം

5. കളവ് - മുനാഫിഖിന്റെ ലക്ഷണം

7. അമാനത്ത് അഥവാ സൂക്ഷിപ്പുമുതൽ

9. അതാണ് ജീവിതം!

10. കണങ്കാൽ കാണാനുള്ള തത്രപ്പാട്

11. സ്നേഹാദരമായ ഉത്തരവാദിത്വം

12. പിണങ്ങോട് പിണങ്ങരുത് !

13. ഒബാമയുടെ ഇഫ്താറിൽ അഹ്മദിയ്യാ പ്രതിനിധി

## ഇമാമുസമാന്റെ ഫത്‌വകൾ



### ഖിബ്‌ലയെ ബഹുമാനിക്കൽ

ചോദ്യം: ഖിബ്‌ലയുടെ ഭാഗത്തേക്ക് കാല് വെച്ച് കിടന്നുറങ്ങൽ അനുവദനീയമാണോ?

ഉത്തരം: ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. ഇത് അനുവദനീയമല്ല. കാരണം ഇത് ആദരവിനു വിരുദ്ധമാണ്. ചോദ്യകർത്താവ് പറഞ്ഞു, ഹദീസുകളിൽ ഇതിനെ സംബന്ധിച്ച് നിരോധനം ഇല്ലല്ലോ?

ഹദ്റത്ത് മസീഹ് മൗഊദ് (അ) മറുപടി പറഞ്ഞു, ഇതൊരു തെളിവല്ല.ഹദീസുകളിൽ തെളിവില്ലയെന്നു പറഞ്ഞു കൊണ്ട് ആരെങ്കിലും വിശുദ്ധഖുർആന്റെ മേൽ ചവിട്ടി നിൽക്കുകയാണെങ്കിൽ അത് അനുവദനീയമാണോ? ഒരിക്കലുമില്ല. വമൻ യുഅ സ്സിം ശആ ഇരില്ലാഹ ഫഇന്ന ഹാ മിൻ തഖ്‌വൽ ഖുലൂബി. (ബദർ 24 ജൂലൈ 1904 പേജ്-6)

### അനഹ്മദിയുടെ മയ്യിത്ത് നമസ്കാരം

ചോദ്യം: ജമാഅത്തിൽ പെടാത്ത വ്യക്തിയുടെ ജനാസ നമസ്കാരം അനുവദനീയമാണോ?

ഉത്തരം: ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. ജമാഅത്തിന്റെ എതിരാളിയായി കൊണ്ട് നമ്മളെ ചീത്ത പറയുകയും, നമ്മൾ തെറ്റിലാണെന്നു മനസ്സിലാക്കിയിട്ടുമുണ്ടെങ്കിൽ അയാളുടെ ജനാസ നമസ്കരിക്കരുത്. എന്നാൽ നിശബ്ദനും, മധ്യനില സ്വീകരിച്ചവനുമാണെങ്കിൽ അയാളുടെ ജനാസ നമസ്കരിക്കാവുന്നതാണ്. എന്നാൽ ഇമാം നിങ്ങളിൽ നിന്നുള്ള ആളായിരിക്കണം. മരണപ്പെട്ട വ്യക്തി പ്രകടമായ നിലയിൽ എതിർക്കാത്തവനും കളവാക്കാത്തവനുമാണെങ്കിൽ അത്തരം വ്യക്തിയുടെ ജനാസ നമസ്കരിക്കുന്നതിൽ യാതൊരു വിധ കുഴപ്പവുമില്ല. കാരണം അദൃശ്യകാര്യങ്ങളെ കുറിച്ച് അറിയുന്നത് പരിശുദ്ധനായ അല്ലാഹുവാണ്.

(അൽഹക്കം-ഏപ്രിൽ 30-1902 കോളം-2)

### തറാവീഹിനുവേണ്ടി ഹാഫിളീങ്ങളെ നിശ്ചയിക്കൽ

ചില ആളുകൾ റമാള്വാനിൽ ശമ്പളത്തിനു ഹാഫള്വിനെ നിശ്ചയിക്കാറുണ്ട്. ഇത് തെറ്റാണ്. എന്നാൽ തികച്ചും നല്ല ഉദ്ദേശ്യത്തോടെ, ദൈവഭയത്തോടെ അയാളെ സേവിക്കുകയാണെങ്കിൽ അത് അനുവദനീയമാണ്.

(ബദർ 14-3-1907)

### കൈക്കൂലിയും ഉപഹാരവും

കൈക്കൂലി ഒരിക്കലും നൽകരുത്. ഇത് വളരെ വലിയ പാപമാകുന്നു.എന്റെ വീക്ഷണത്തിൽ ഇതിന്റെ നിർവചനം ഇപ്രകാരമാണ്. ഇത് മുഖേന ഗവർമെന്റിന്റെയോ, മറ്റു വ്യക്തികളുടേയോ അവകാശങ്ങളെ ധ്വംസിക്കുക എന്നതാണ്. ഇതിനെ ഞാൻ ശക്തമായും നിരോധിക്കുകയാണ്. എന്നാൽ ആരുടെയെങ്കിലും അവകാശങ്ങളെ ധ്വംസിക്കാനുള്ള ഉദ്ദേശ്യമില്ലാതെ സ്വന്തം അവകാശം ധ്വംസിക്കപ്പെടുന്നതിൽ നിന്നും, ഉപദ്രവങ്ങളിൽ നിന്നും രക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെ വല്ല ഉപഹാരവും ആർക്കെങ്കിലും നല്കുകയാണെങ്കിൽ അത് എന്റെ വീക്ഷണത്തിൽ എതിരല്ല. അതിന്റെ പേർ കൈക്കൂലി എന്നു ഞാൻ വയ്ക്കുന്നില്ല. ആരുടെയെങ്കിലും അക്രമത്തിൽ നിന്ന് രക്ഷനേടുന്നതിനെ ശരീഅത്ത് നിരോധിച്ചിട്ടില്ല. മറിച്ച് ലാതഹ് ലുക്കൂ ബി അയ്ദീക്കും ഇലത്തഹ്‌ലുകത്തി എന്നാണ് പറഞ്ഞിരിക്കുന്നത്. (അൽഹക്കം-17-8-1902)

### കൈക്കൂലി

കൈക്കൂലിയും ഉപഹാരവും തമ്മിൽ എപ്പോഴും വ്യത്യാസം ഉണ്ടാകേണ്ടതാണ്. മറ്റുള്ളവരുടെ അവകാശങ്ങളെ ധ്വംസിക്കുന്നതിനുവേണ്ടി കൊടുക്കുന്നതും വാങ്ങുന്നതുമായ പണത്തിനെയാണ് കൈക്കൂലി എന്ന് പറയുന്നത്. അല്ലാതെ ഒരാൾ നമ്മുടെ ഒരു കാര്യം വളരെ പരിശ്രമത്തോടെ ചെയ്തു തരികയും അതിൽ ആരുടെയും അവകാശത്തിന് കോട്ടം തട്ടുന്നില്ലയെങ്കിൽ അയാൾക്ക് എന്താണ് നൽകുന്നത് അത് അയാളുടെ പരിശ്രമത്തിനുള്ള പ്രതിഫലമാകുന്നു.

(ഫത്താവാ അഹ്മദിയ്യ വാള്യം പേജ് 51)

വിവ: മുഹമ്മദ് നജീബ് ഖാൻ

## കർമശാസ്ത്രം

### ജമാഅത്തായ നമസ്ക്കാരത്തിന്റെ പ്രാധാന്യം

ചോദ്യം: ജമാഅത്തായുള്ള നമസ്ക്കാരം കൂടുതൽ പുണ്യമുള്ളതാകാൻ കാരണമെന്ത്?

ഉത്തരം: ജമാഅത്ത് നമസ്ക്കാരത്തിന് കൂടുതൽ പുണ്യമുണ്ട്. ഇത് മുഖേന ഏകത്വം സംജാതമാകുന്നു. ഈ ഏകത്വം പ്രാവർത്തികമായ നിലയിൽ വെളിപ്പെടുത്തുന്നതിനുള്ള നിർദ്ദേശവും താക്കീതും നൽകപ്പെട്ടിട്ടുണ്ട്. എത്രത്തോളമെന്നാൽ പാദങ്ങളിലും സമഭാവന പ്രകടമാകണം .അഥവാ അണികളായി അന്യോന്യം ചേർന്നും ദൈവസവിധത്തിൽ നിൽക്കേണ്ടതാണ്. ഒരാളുടെ ആജ്ഞയിൽ നിലകൊള്ളുകയും ഒരാളുടെ പ്രഭാവം മറ്റുള്ളവരിൽ പ്രസരിപ്പിക്കുകയും സ്വാർത്ഥതയും വിവേചന ചിന്തയും ഇല്ലാതാക്കുകയും ചെയ്യുക എന്നുള്ളതാണ് ഇത് കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. മനുഷ്യന് പ്രഭാവ ശക്തിയുണ്ടെന്ന കാര്യം നല്ലവണ്ണം ഓർക്കേണ്ടതാണ്.

ചോദ്യം: നമസ്ക്കാരത്തിൽ കണിശതയുണ്ടാക്കുന്നതിന് ബോധപൂർവ്വം ജമാഅത്ത് നമസ്ക്കാരങ്ങളിലും മറ്റ് നമസ്ക്കാരങ്ങളിലും അശ്രദ്ധ കാണിക്കുന്നവരിൽ നിന്ന് പിഴയീടാക്കാനുള്ള നിർദ്ദേശം ശരിയാണോ?

ഉത്തരം: ആവേശം നല്ലതും ശ്ലാഘനീയവുമാണ്. എന്നാൽ പിഴ ഈടാക്കുന്നത് ബിദ്അത്താകുന്നു. ഏതെങ്കിലും തരത്തിൽ അലസതയുണ്ടാവുകയും അതിൽ സ്വയം കുറ്റബോധമുണ്ടാകുകയും ചെയ്യുമ്പോൾ അനുഷ്ഠിക്കുന്ന നമസ്ക്കാരമാണ് ഗുണപ്രദമായിത്തീരുന്നത്. നമസ്ക്കാരത്തിലെ അശ്രദ്ധ ആത്മാവിന്റെ ത്യാഗത്തിലൂടെ അകന്നു പോകുന്നു. അല്ലാതെ പണം ചെലവഴിക്കുന്നതിലൂടെയല്ല. ജമാഅത്തായ നമസ്ക്കാരം ഉപേക്ഷിക്കുന്നവരെ സംബന്ധിച്ച് അവരുടെ ഭവനങ്ങൾ അഗ്നിക്കിരയാക്കുന്നതിന് തോന്നിപോകുന്നുവെന്ന് നബി(സ) തിരുമേനി അരുളുകയുണ്ടായി. നമസ്ക്കാരം ജമാഅത്തായി അനുഷ്ഠിക്കാൻ ശ്രമിക്കാത്തവന്റെ ഓരോ നമസ്ക്കാരവും അവശേഷിക്കുന്നു. അതിലവന് കഠിനമായ ദുഃഖവും വേദനയും സംജാതമാകുന്നില്ലെങ്കിൽ യഥാർത്ഥത്തിൽ അവന്റെ ഹൃദയത്തിൽ ഇസ്ലാം പ്രവേശിച്ചിട്ടില്ല. ഇതിനുള്ള ബാഹ്യമായ പ്രതിവിധി ഉൽബോധനവും ഉപദേശങ്ങളും ആന്തരിക പ്രതിവിധി പ്രാർത്ഥനയുമാകുന്നു. എന്നിട്ടും കാര്യങ്ങൾ മനസ്സിലാക്കാത്തവനെ കാലത്തിന്റെ ഇമാമിന്റെ അനുമതിപ്രകാരം ജമാഅത്തിൽ നിന്നും മാറ്റി നിറുത്തേണ്ടതാണ്. നമസ്ക്കാരം ഇസ്ലാമിന്റെ അടിസ്ഥാന കാര്യമാകുന്നു. സൈന്യത്തിൽ വികലാംഗനെ വെക്കുകയില്ലല്ലോ.

ചോദ്യം: ചില സന്ദർഭങ്ങളിൽ ഫജർ നമസ്ക്കാരം ഫജറിന്റെ സമയമായിട്ടില്ലെന്ന് തോന്നുമാറാകുന്ന സമയങ്ങളിലാണ് വരുന്നത്. ഇത്തരം ഘട്ടങ്ങളിൽ ജമാഅത്തായ നമസ്ക്കാരങ്ങളിൽ ചേരണമോ?

ഉത്തരം: മറ്റുള്ളവർ നേരമായെന്ന് മനസ്സിലാക്കിക്കൊണ്ട് തന്നെ നമസ്ക്കാരമനുഷ്ഠിക്കുമ്പോൾ തന്റെ ജമാഅത്ത് നമസ്ക്കാരം പാഴാക്കി കളയാവതല്ല . ഇത് സംബന്ധമായി ഒരാളുടെ സ്വന്തമായ അഭിപ്രായം ജമാഅത്തിന്റെ അഭിപ്രായത്തിന് വിധേയമാക്കേണ്ടതാണ്. ജമാഅത്തിൽ നിന്നും ഒരിക്കലും വിട്ട് നിൽക്കാൻ പാടുള്ളതല്ല. ഹദീസിൽ വന്നിരിക്കുന്നു.ആരാണോ ജമാഅത്തിൽ നിന്ന് വേറിട്ട് നിൽക്കുന്നത് അവന്റെ മരണം ജാഹിലിയ്യത്തിന്റേതായിരിക്കും. (ബുഖാരി കിതാബുൽ ഫിതൻ)

**വിവ: ടി.കെ. മഹ്മൂദ് കൽകുളം**

## സെപ്തംബർ 08 - 14 ഖുർആൻ വാരം



ഇക്കൊല്ലം മുതൽ വർഷത്തിൽ രണ്ടുതവണ ഖുർആൻ വാരം നടത്തണമെന്ന് കേന്ദ്ര തഅ്‌ലീമുൽ ഖുർആൻ നാസിർ ജ. മൗലാനാ ബുർഹാൻ അഹ്മദ് സാഹിബ് സഫർ ജമാഅത്തുകളിലേക്ക് അയച്ച സർക്കുലറിൽ നിർദ്ദേശിച്ചു. ഏപ്രിൽ ആദ്യവാരവും സെപ്തംബർ രണ്ടാം വാരവുമാണ് ഖുർആൻ വാരം. നേരത്തെ ജൂലൈ ആദ്യവാരത്തിലായിരുന്നു ആചരിച്ചിരുന്നത്.

തഫ്സീർ

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)



وَالَّذِيْنَ لَا يَشْهَدُوْنَ الزُّوْرَ ۙ وَ اِذَا مَرُّوْا بِاللَّغْوِ مَرُّوْا كِرَامًا ۝

# കളവിന്റെ വകഭേദങ്ങൾ

അരുളുന്നു: പരമകാരുണികന്റെ ദാസരുടെ ഒരു ലക്ഷണം അവർ കള്ളസാക്ഷ്യം പറയുകയില്ല എന്നതാണ്. സൂർ എന്നതിന്റെ അർത്ഥം ഭാഷാടിസ്ഥാനത്തിൽ കളവ് എന്നാണ്. അപ്പോൾ ലാ യശ്ഹദൂന സ്സൂറ എന്നതിന്റെ അർത്ഥം ലാ യശ്ഹദൂനബിസ്സൂരി അല്ലെങ്കിൽ ലാ യശ്ഹദൂന ശ്ശഹാദത്തിസ്സൂറി അതായത് പരമകാരുണികന്റെ ദാസരുടെ ഒരു ലക്ഷണം അവർ കള്ളസാക്ഷ്യം പറയുകയില്ല എന്നതാണ്. തൗഹീദിന് ശേഷം ലോകത്ത് മനുഷ്യന് നേരിടേണ്ടി വരുന്ന ഏറ്റവും പ്രയാസകരമായ പ്രവൃത്തി സത്യസന്ധതയാണ്. കരുണ കാണിക്കുന്നവരും നീതി പ്രവർത്തിക്കുന്നവരുമായ ആയിരക്കണക്കിനാളുകളെ കാണാം. എന്നാൽ അവർക്ക് സാക്ഷി പറയേണ്ടതായി വരുമ്പോൾ അവർക്കോ അവരുടെ ബന്ധുമിത്രാദികൾക്കോ നഷ്ടം സംഭവിക്കുന്നതായി കാണുന്നതായാൽ അവർ സാക്ഷ്യങ്ങളിൽ എന്തെങ്കിലുമൊക്കെ മാറ്റങ്ങൾ വരുത്തുന്നു.

ഈ രോഗം എത്രത്തോളമെന്നാൽ ആളുകൾ വളരെ ധൈര്യത്തോടെ സത്യം ചെയ്ത് കൊണ്ട് കളവ് പറയുകയും അതോടൊപ്പം അവരുടെ കളവിനെ സത്യമായി പരിഗണിച്ചില്ലെങ്കിൽ ദേഷ്യപ്പെടുന്നു.കോടതികളിൽ സാക്ഷിയുടെ വശം വിശുദ്ധഖുർആൻ നൽകിക്കൊണ്ട് സത്യം ചെയ്യിക്കുമായിരുന്നു. അതുകൊണ്ട് ഉദ്ദേശിച്ചിരുന്നത് വിശുദ്ധഖുർആനിലുള്ള ഭീഷണികളെ മുൻനിർത്തി ഞാൻ സത്യം ചെയ്യുന്നു അഥവാ ഞാൻ ചെയ്യുന്ന സത്യം കളവാണെങ്കിൽ അതിൽ പ്രതിപാദിച്ചിരിക്കുന്ന ഭീഷണികളും ശിക്ഷകളും എനിക്ക് ലഭിക്കട്ടെ എന്നായിരുന്നു.എന്നാൽ ആ സാക്ഷികളിൽ എത്രയോ പേർ കളവ് പറയുന്നവരായിരുന്നു.

സൂർ എന്നതിന്റെ രണ്ടാമത്തെ അർത്ഥം വിവേകം എന്നതാണ്. ഇതനുസരിച്ച് ആയത്തിന്റെ അർത്ഥം പരമകാരുണികന്റെ ദാസന്മാർ ബുദ്ധി ഉപയോഗിച്ച് മാത്രം സാക്ഷി പറയില്ല എന്നാണ്. അഥവാ ബുദ്ധിയില്ലാതെ സാക്ഷി പറയും എന്നല്ല, മറിച്ച് സംഭവം ഉള്ളത് പോലെ മാത്രം സാക്ഷി പറയുന്നതാണ്. നിഗമനങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നു. സൂർ എന്നതിന്റെ മൂന്നാമത്തെ അർത്ഥം കഴിവ് (ശക്തി) എന്നതാണ്. പരമകാരുണികന്റെ ദാസർ തങ്ങളുടെ കഴിവിന്റെ അഹങ്കാരത്തിൽ പാവപ്പെട്ടവരെ നിന്ദിക്കുന്നതിനായി സാക്ഷി പറയുകയില്ല എന്നതാണ് ഇതിലൂടെ ആയത്തിന് അർത്ഥമാകുന്നത്. ശിർക്ക് എന്നതാണ് സൂർ എന്നതിന്റെ നാലാമത്തെ അർത്ഥം. വല്ലദീന യശ്ഹദൂനസ്സൂറ എന്നതിനർത്ഥമാക്കാവുന്നത് പരമകാരുണികന്റെ ദാസർ ശിർക്കിന്റെ സദസ്സുകളിൽ നിന്ന് വിട്ട് നിൽക്കും എന്നതാണ്. സൂർ എന്നതിന്റെ അഞ്ചാമത്തെ അർത്ഥം മജ്ലിസുൽ ഗിനാഇ അഥവാ സംഗീത സദസ്സുകൾ എന്നാണ്. പരമകാരുണികന്റെ ദാസന്മാർ സംഗീത സദസ്സുകളിൽ പോകുകയില്ല എന്നതാണ് ഇവിടെ അർത്ഥം. അതിന്റെ വിഷലിപ്തമായ സ്വാധീനത്തിൽ നിന്നും സുരക്ഷിതരായിരിക്കാൻ വേണ്ടിയും ദൈവത്തെ മറന്ന് കൊണ്ട് വികാരവിചാരങ്ങൾക്ക് അടിമപ്പെടാതിരിക്കാനും വേണ്ടിയാണ് ഞാൻ ജമാഅത്തിനോട് അവർ സിനിമ കാണരുത് എന്ന് നിർദ്ദേശിച്ചിരിക്കുന്നത്. എന്തെന്നാൽ മനുഷ്യഹൃദയത്തെ ദൈവത്തിൽ നിന്ന കറ്റി നിർത്തുന്ന സംഗീതാവതരണങ്ങളും ദൃശ്യങ്ങളുമുണ്ടാകും. ആദ്യമിത് തീയേറ്ററുകളിലാണ് നടന്നിരുന്നത്. എന്നാൽ ടിവി ഇറങ്ങിതുടങ്ങിയപ്പോൾ സിനിമയിലും തിയേറ്ററിനേക്കാൾ വിപുലമായ തോതിൽ വന്നിരിക്കുന്നു. തിയേറ്ററിൽ ഒരു ഷോ മാത്രമാണ് ഉണ്ടായിരുന്നത്. അതിൽ വലിയ കലാപ്രതിഭകളെ കൊണ്ടുവരിക എന്നത് ചിലവേറിയതായിരുന്നു. കൂടാതെ ഒരു സ്ഥലത്ത് ഒരു ഷോ മാത്രമേ കാണിക്കാൻ സാധിച്ചിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ ആയിരം ഫിലിമുകൾ തയ്യാറാക്കി രാജ്യം മുഴുവനും വ്യാപിക്കുകയും അത് പോലെ വലിയ പ്രഗൽഭരെയും പ്രതിഭകളെയും അവർക്ക് അണിനിരത്തുവാനും സാധിക്കുന്നു.അതിനാൽ തന്നെ തിയേറ്ററിലെ സിനിമകൾക്ക് ദൂഷ്യം വളരെ കൂടുതലാണ്. റസൂൽ കരീം (സ) അരുളിയിട്ടുണ്ട്. സംഗീതാലാപനവും വാദ്യോപകരണങ്ങളും ശൈത്താന്റെ ആയുധങ്ങളാണ്. അവ ഉപയോഗിച്ച് അവൻ ജനങ്ങളെ വഴി പിഴപ്പിക്കുന്നു. എന്നാൽ മുസ്‌ലിംകൾ അല്ലാഹുവിന്റെ ഈ വ്യക്തമായ നിർദ്ദേശത്തെ വിസ്മരിച്ച് കളയുകയും അവർക്ക് കഴിവുണ്ടായിരുന്ന കാലത്ത് അസാന്മാർഗിക പ്രവണതകളിൽ മുഴുകുകയും ചെയ്തു. അതിന്റെ ഫലം അവർക്ക് അവരുടെ ഭരണം നഷ്ടപ്പെട്ടു.അബ്ബാസിയ ഖിലാഫത്ത് തകർന്നത് സംഗീത അതിപ്രസരം കൊണ്ടുമാത്രമാണ്. ഹലാകൂ ഖാൻ തന്റെ സൈന്യസമേതം ദേശങ്ങൾ കീഴടക്കിക്കൊണ്ട് ബഗ്ദാദിലേക്ക് മുന്നേറിക്കൊണ്ടിരിക്കുമ്പോൾ അബ്ബാസിയ ഖലീഫ നൃത്തത്തിലും സംഗീതത്തിലും മുഴുകിയിരിക്കുകയായിരുന്നു.മാത്രമല്ല നിങ്ങൾ പാട്ടുകാരികളെ വിളിക്കൂ, ബഗ്ദാദിനെ ആക്രമിക്കാൻ ആർക്കും സാദ്ധ്യമല്ല, ആരാണോ അക്രമിക്കുന്നത് അവർ സ്വയം നശിച്ച് പോകുന്നതാണെന്ന് ആശ്വാസം കൊണ്ടിരിക്കുകയായിരുന്നു. പക്ഷെ ഹലാകൂ ഖാൻ എത്തിയ ഉടനെ ചക്രവർത്തിയെ കൊലപ്പെടുത്തി ഗവർണറെ വധിച്ചു പിന്നീട് ബഗ്ദാദ് ആക്രമിച്ച് തകർത്ത് തരിപ്പണമാക്കുകയും 18 ലക്ഷം ആളുകളെ കൊല്ലുകയും ചെയ്തു.

മുഗൾ ഭരണകൂടത്തിന്റെ തകർച്ചക്കും സംഗീതാസ്വാദനം കാരണമായി. മുഹമ്മദ് ഷാ രങ്കീലയെ, രങ്കീല എന്ന് പറയാൻ കാരണം അദ്ദേഹത്തിന്റെ സംഗീത താൽപര്യം കാരണമായിരുന്നു.ഇന്ത്യയിലെ അവസാനത്തെ മുഗൾ ചക്രവർത്തിയായ ബഹദൂർഷായുടെ കഥയും മറ്റൊന്നല്ല. ഇംഗ്ലീഷുകാരുടെ പട്ടാളം കൽക്കത്തയിലൂടെയും അലഹബാദിലൂടെയും മീററ്റിലൂടെയും സഹാറൻപൂരിലൂടെയും നീങ്ങിക്കൊണ്ടിരുന്നു. എന്നാൽ ചക്രവർത്തിയുടെ ദർബാറിൽ സംഗീതം മുഴങ്ങുകയായിരുന്നു.അവസാനം അദ്ദേഹത്തിന്റെ 12 മക്കളുടെയും ശിരസ്സറുത്ത് ചക്രവർത്തിക്ക് മുമ്പിൽ എത്തിച്ചു. ഈജിപ്തിൽ സ്വലാഹുദ്ദീൻ അയ്യൂബി ആക്രമണം നടത്തുമ്പോൾ ഫാത്തിമീ ചക്രവർത്തി സംഗീതസദസ്സിലായിരുന്നു.

എന്നാൽ ഇത്ര വലിയ തകർച്ച സംഭവിച്ചിട്ടും മുസ്‌ലിംകൾ ഇപ്പോഴും ഇത്തരം പ്രവർത്തനങ്ങളിൽ മുന്നേറുകയാണ് ചെയ്യുന്നത്. എന്നാൽ വിശുദ്ധ ഖുർആൻ വല്ലദീന ലാ യശ്ഹദൂന സ്സൂറ എന്ന് പറഞ്ഞ് കൊണ്ട് പറയുന്നു, മുസ്‌ലിംകൾ പരമകാരുണികന്റെ ദാസരാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവരുടെ കർത്തവ്യം സംഗീത സദസ്സുകളിൽ നിന്ന് വിട്ട് നിൽക്കുക എന്നതാണ്. എന്നിട്ട് ഏകദൈവവുമായി ബന്ധപ്പെട്ട് നിൽക്കുക. അങ്ങനെയെങ്കിൽ അവർ വിജയികളായിത്തീരും മറിച്ച് അതിന്റെ നാശകരമായ ഫലത്തിൽ നിന്നും അവർ രക്ഷപ്പെടുകയില്ല .

(തഫ്സീറെ കബീർ വാള്യം 6 പേജ് 570, 585-586)

വിവ: കെ.നജ്മുദ്ദീൻ ,മുറിയക്കണ്ണി

ഖാദിംകളോട്



മുസ്‌ലിഹ് മൗഊദ്(റ)

# സത്യം പറയാൻ ധൈര്യമുള്ളരാവുക

നിങ്ങളുടെ സമയങ്ങളിൽനിന്ന് അൽപസമയം കളികളിലേർപ്പെടാൻ ഞാൻ പറഞ്ഞതിന്റെ സാരം കൂടുതൽ സമയവും ലൗകീക കാര്യങ്ങളിൽ ചെലവഴിക്കുക എന്നതല്ല, മറിച്ച് പരിഷ്കരണത്തിന്റെയും നേർമാർഗത്തിന്റെയും ഉൽകൃഷ്ട മാതൃകയെ കുറിച്ചാണ് പറയാനാഗ്രഹിക്കുന്നത്. ഞാൻ പറഞ്ഞ ഈ ഉദ്ദേശ്യത്തോടുകൂടിയാണ് നിങ്ങൾ കബഡിയോ മറ്റേതെങ്കിലും കളികളിലോ ഏർപ്പെടുന്നതെങ്കിൽ നിങ്ങൾ നന്മയാണ് പ്രവൃത്തിക്കുന്നത്. കാരണം നിങ്ങളുടെ ഈ പ്രവർത്തനങ്ങളെല്ലാം ജനങ്ങളുടെ ഹിദായത്തിനും ഇസ്‌ലാമിന്റെ പ്രചാരണത്തിനും വേണ്ടിയുള്ളതാണ്. അതുകൊണ്ട് നിങ്ങൾ യഥാർത്ഥ ധീരരായിത്തീരുക. അക്രമിക്കപ്പെടുമ്പോൾ സഹനം കൈക്കൊള്ളുകയും കഴിവുണ്ടായിട്ടും മാപ്പ് നൽകുകയും ചെയ്യുന്നവനാണ് യഥാർത്ഥ ധീരൻ. ത്യാഗത്തിന്റെ സമയം വരുമ്പോൾ അതിന്റെ പരിണിതഫലത്തെ കുറിച്ച് അവർ വ്യാകുലപ്പെടാറില്ല. ഏതെങ്കിലും സമയത്ത് ഇസ്‌ലാമിനുവേണ്ടി ജീവൻ ബലിയർപ്പിക്കേണ്ട ആവശ്യം വരികയും നിങ്ങൾക്ക് അതിനുള്ള അവസരം ലഭിക്കുകയും, നിങ്ങളുടെ കൈകൾ കൊണ്ട് മനപൂർവ്വമല്ലാതെ ആർക്കെങ്കിലും നഷ്ടം സംഭവിക്കുകയും ചെയ്താൽ ഞാൻ അവിടെ ഉണ്ടായിരുന്നില്ല എന്ന് നിങ്ങൾ പറയരുത്. മറിച്ച് ഞാൻ തന്നെയാണ് ഈ പ്രവൃത്തി ചെയ്തത് എന്ന് ധൈര്യപൂർവ്വം പറയുക. ഒരു നിമിഷനേരത്തേക്കുപോലും നിങ്ങൾ സത്യത്തെ കൈവെടിയരുത്. നിങ്ങൾ അക്രമം സഹിച്ചു കൊണ്ടിരിക്കുമ്പോൾ കാണിക്കേണ്ട മാതൃക നിങ്ങളേക്കാൾ ബലഹീനനായ ഒരു വ്യക്തിയും നിങ്ങളുടെ ഒരു കരണത്തടിക്കുമ്പോൾ എന്നെ മർദ്ദിക്കുന്നത് മൂലം നിങ്ങൾക്ക് സന്തോഷം ലഭിക്കുന്നുവെങ്കിൽ എന്നെ തീർച്ചയായും മർദ്ദിച്ചുകൊള്ളുക എന്നു പറഞ്ഞുകൊണ്ട് നിങ്ങളുടെ മറുകരണവും കാണിച്ചുകൊടുക്കുക. പക്ഷെ അല്ലാഹുവിന്റെ കൽപനകളെ അൽപനേരത്തേക്കെങ്കിലും കേൾക്കുക എന്നും പറയുക. നിങ്ങളുടെ ഈ മാതൃകയിൽ മുഴുവൻ ഗ്രാമവും സ്വാധീനിക്കപ്പെടുന്നതാണ്. ഇനി എപ്പോഴെങ്കിലും അക്രമത്തിനെതിരെ പോരാടേണ്ടിവരികയും മനപൂർവ്വമല്ലാതെ നിങ്ങളുടെ കൈകളാൽ ആർക്കെങ്കിലും നഷ്ടം വരികയും സംഭവം കോടതിയിലെത്തുകയും ചെയ്താലും കളവ് പറഞ്ഞ് രക്ഷപ്പെടാൻ നിങ്ങൾ ശ്രമിക്കരുത്. മറിച്ച് അല്ലയോ ന്യായാധിപാ, ഈ അവസ്ഥയിൽ ഞാൻ ചെയ്ത പ്രവൃത്തിയാണ് ഇത് എന്ന് സത്യം പറയുക. നിങ്ങൾ ഇങ്ങിനെ പ്രവർത്തിക്കുന്നുവെങ്കിൽ നിങ്ങളുടെ വിജയവും പുരോഗതിയും തീർച്ചയാണ്. ...........അല്ലാഹുവിന്റെയോ റസൂലിന്റെയോ കൽപന പറയുന്നത് ഇപ്പോൾ നിങ്ങളുടെ ജീവന്റെ പ്രശ്നമല്ല, നിങ്ങളുടെ വിശ്രമത്തിന്റെയും പ്രശ്നമല്ല. ഇപ്പോൾ ദീനിന്റെ സംരക്ഷണത്തിന്റെ പ്രശ്നമാണ്. ഇങ്ങിനെയുള്ള അവസരത്തിൽ എന്റെ ഉപദേശം ഈ നന്മ പ്രാപിക്കുന്നതിനുവേണ്ടി നിങ്ങൾ ഭയപ്പെടാതെ പോരാടുക എന്നുള്ളതാണ്. പ്രതിരോധിക്കുന്നതിനിടെ നിങ്ങളുടെ കൈകളാൽ ആർക്കെങ്കിലും മനപൂർവ്വമല്ലാതെ നഷ്ടം സംഭവിച്ചാൽ അഥവാ നിങ്ങൾ യഥാർത്ഥ അക്രമി അല്ലെങ്കിൽ നിങ്ങൾക്ക് വേണ്ടി സ്വർഗത്തിന്റെ കവാടങ്ങൾ കൂടുതലായി തുറക്കപ്പെടുന്നതാണ്.

(മശ്അലെ രാഹ് - വാള്യം -1)

വിവർത്തനം : എ. നസീം അഹ്മദ് ചേലക്കര)




അൽഹഖ്
വാർത്താപത്രിക

2011 സെപ്തംബർ
പുസ്തകം 19 ലക്കം 6


# ഋജുവായ സംസാരം

സംസാരിക്കാനുള്ള കഴിവ് മനുഷ്യന് മാത്രം കിട്ടിയിട്ടുള്ള അനുഗ്രഹമാണ്. മറ്റ് ജീവജാലങ്ങളും ആശയ വിനിമയം നടത്തുന്നെങ്കിലും അതൊക്കെ ചില നിശ്ചിത കാര്യങ്ങൾക്ക് വേണ്ടിയും ചില ക്ലിപ്തമായ രൂപത്തിലുമാണ്. എന്നാൽ മനുഷ്യൻ, കാര്യങ്ങൾ സമയവും സന്ദർഭവുമനുസരിച്ച് സംസാരിക്കുന്നു. ഒളിച്ചും തെളിച്ചും കാര്യങ്ങൾ പറയുന്നു. സംബോധിതനെ കയ്യിലെടുക്കാൻ എന്തുതരം വാചകകസർത്തിനും മടിയൊന്നുമില്ല.

ഇവിടെ ഇസ്ലാം നൽകുന്ന സന്ദേശം ഋജുവായി മാത്രമേ സംസാരിക്കാവൂ എന്നാണ്. സത്യമെന്ന പേരിൽ പറയുമ്പോൾ സംബോധിതൻ കബളിക്കപ്പെടുകയോ, കൃത്യമായ സന്ദേശം ലഭിക്കാതാവുകയോ ചെയ്യരുത്. നിസ്സാര കാര്യങ്ങളിൽപോലും അറിഞ്ഞോ അറിയാതേയും കളവ് പറയുന്നത് ശീലമാക്കിയ വർത്തമാനയുഗത്തിൽ ഖുർആനിക അധ്യാപനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്.

ഒന്നും നഷ്ടപ്പെടാനില്ലെങ്കിൽ, ഒന്നും പ്രശ്നമാകാനില്ലെങ്കിൽ സത്യം പറയാൻ ധൈര്യം കാണിക്കുന്നവരാണ് അധികം പേരും. എന്നാൽ എന്തുതന്നെ പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നാലും സത്യം കൈവിടരുതെന്നും മാത്രമല്ല, ഋജുവായി മാത്രമേ സംസാരിക്കാവൂ എന്നും ഇസ്ലാം നിഷ്കർഷിക്കുന്നു. തനിക്കും, തന്റെ അടുത്ത ബന്ധുമിത്രാദികൾക്കെതിരിലാണെങ്കിൽ പോലും കള്ളസാക്ഷ്യം പറയരുതെന്ന് വിശുദ്ധഖുർആൻ കൽപ്പിക്കുന്നു. ലോകത്തെ സംഘർഷഭരിതമാക്കുന്നതിൽ സംസാരത്തിന് വലിയ പങ്കുണ്ട്. സത്യമെന്ന പേരിൽ എല്ലാ കാര്യങ്ങളും സ്ഥാനത്തും അസ്ഥാനത്തും വിളിച്ചുകൂവുന്നതിനെ ഇസ്ലാം വിലക്കുന്നു. മറിച്ച് സംസാരിക്കേണ്ടിവരുമ്പോൾ സത്യത്തിൽ അധിഷ്ഠിതമായിരിക്കണമെന്നും, അപ്പോഴും സത്യത്തിന്റെ പേരിൽ സംബോധിതൻ കബളിപ്പിക്കപ്പെടുന്ന രീതിയിൽ കാര്യങ്ങൾ പറയരുതെന്നും, പറയുന്ന ആളുടെ സന്ദേശം കേൾക്കുന്ന ആൾക്ക് കൃത്യമായി മനസിലാകണമെന്നുമാണ് ഇസ്ലാമിക അധ്യാപനം.

**ഹദ്റത് അഹ്മദ്(അ) പറയുന്നു : യഥാർഥത്തിൽ സത്യം പറയുന്നതുകൊണ്ട് ആർക്കെങ്കിലും ശിക്ഷ ലഭിക്കുന്നുവെങ്കിൽ അതിന്റെ കാരണം സത്യമല്ല. മറിച്ച് അത് അയാളിലെ ചില ഗുപ്തമായ തിന്മകളുടെയും മറ്റേതെങ്കിലും കളവിന്റെയും പരിണിതിയായിരിക്കും. അല്ലാഹുവിന്റെ പക്കൽ അയാളുടെ തിന്മകളുടെയും കളവുകളുടെയും ഒരു ശൃംഖല തന്നെ ഉണ്ടായിരിക്കും. അയാളുടെ ഒരുപാട് തെറ്റുകൾ ഉണ്ടായിരിക്കും. അങ്ങനെ ഏതെങ്കിലും ഒന്നിൽ അയാൾ ശിക്ഷിക്കപ്പെടുന്നു.**

**(മൽഫൂസാത്ത് ഭാഗം :4, പേജ് : 638)**

ചുരുക്കത്തിൽ സത്യസന്ധത മനുഷ്യന് മാന്യതയും പ്രൗഢിയും പ്രദാനം ചെയ്യുന്നു. അവന്റെ വാക്കുകൾക്ക് ദൈവിക ശക്തി ലഭിക്കുന്നു. അവന്റെ സംസാരത്തിലെ ഋജുമാർഗ്ഗം അവന്റെ കർമങ്ങളെ നല്ലതാക്കാനും പ്രയോജനപ്പെടുന്നു.

# യുഗനാദം

ഹദ്റത് അഹ്മദ്(അ)



## സിദ്ദീഖിയ്യത്തിന്റെ പരിപൂർണത നേടാനുള്ള തത്വം

സിദ്ദീഖ് (ഏറ്റവുമധികം സത്യസന്ധൻ) ന്റെ സമ്പൂർണത കരസ്ഥമാക്കാനുള്ള തത്വം ഇതാണ്: തന്റെ ദുർബലതയും അവശതയും കണ്ട് തന്റെ കഴിവും അവസ്ഥയുമനുസരിച്ച് ഇയ്യാക്കനഅ്ബുദു എന്ന് പറയുകയും, സത്യസന്ധത സ്വായത്തമാക്കുകയും, കളവിനെ ഒഴിവാക്കുകയും, കളവിൽ നിന്ന് ഉൽഭൂതമാകുന്ന എല്ലാത്തരം മാലിന്യങ്ങളിൽ നിന്നും, അശുദ്ധികളിൽ നിന്നും ദൂരെ അകലുകയും, ഒരിക്കലും കളവുപറയുകയില്ലെന്നും, കള്ളസാക്ഷ്യം നൽകുകയില്ലെന്നും, സ്വേച്ഛകളുടെ രൂപത്തിലോ, വ്യർഥമായോ, നല്ലത് നേടാനോ, നല്ലതല്ലാത്തതിനെ ഒഴിവാക്കാനോ കളവായി ഒന്നും പറയുകയില്ലെന്നും അതായത് ഒരു തരത്തിലും, അവസ്ഥയിലും കളവു പറയുകയില്ലെന്നും ഉള്ള പരിധി വരെ വാഗ്ദാനം ചെയ്യുന്ന ആൾ ഇയ്യാക്ക നഅ്ബുദു എന്നതിൽ ഒരു പ്രത്യേക പ്രവൃത്തിയാണ് ചെയ്യുന്നത്. അയാളുടെ അത്തരം കർമം ഉന്നതമായ ഇബാദത്താണ്. (മൽഫൂസാത്ത് ഭാഗം:1,പേജ് : 242)

## കളവിനെ ഒഴിവാക്കാതെ പരിശുദ്ധി ലഭിക്കില്ല

യാഥാർഥ്യമെന്തെന്നാൽ, കളവിനെ ഒഴിവാക്കാത്തിടത്തോളം മനുഷ്യന് പരിശുദ്ധനാവാൻ സാധ്യമല്ല. ഒന്നിനും കൊള്ളരുതാത്ത ഭൗതികനായ ഒരാൾ പറയുമായിരിക്കും കളവ് കൂടാതെ ജീവിക്കാൻ സാധ്യമല്ലെന്ന്. ഇത് വിടുവായത്തമാണ്. സത്യസന്ധത കൊണ്ട് ജീവിക്കാൻ സാധ്യമല്ലെങ്കിൽ, കളവ് കൊണ്ട് ഒരിക്കലും ജീവിക്കാൻ സാധ്യമേ അല്ല. അഹോ:കഷ്ടം ഈ നിർഭാഗ്യരായ ജനങ്ങൾ അല്ലാഹുവിനെ വിലമതിക്കുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ ജീവിക്കാൻ സാധ്യമല്ലെന്ന് അവർ അറിയുന്നില്ല. അവർ അവരുടെ ആരാധ്യനും, പ്രയാസങ്ങളെ ദുരീകരിക്കുന്നതും കളവിന്റെ മാലിന്യമാണെന്ന് ധരിച്ചുവെച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ അല്ലാഹു, കളവിനെ വിഗ്രഹങ്ങളുടെ മാലിന്യവുമായി കൂട്ടിച്ചേർത്താണ് പറഞ്ഞിരിക്കുന്നത്.

ഉറപ്പായും അറിഞ്ഞുകൊള്ളുവിൻ, നമുക്ക് ഒരു കാലടി, എന്നല്ല ഒരു ശ്വാസംപോലും അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ എടുക്കാൻ സാധ്യമല്ല. (Ibid പേജ് : 243, 244)

## കളവ് ഹൃദയത്തെ കരുവാളിപ്പിക്കും

ക്ഷണികമായും താൽക്കാലത്തേക്കും കളവ് കൊണ്ട് മനുഷ്യന് എന്തെങ്കിലും പ്രയോജനം കിട്ടുമായിരിക്കാം. എന്നാൽ യഥാർഥത്തിൽ കളവിനെ സ്വായത്തമാക്കുമ്പോൾ ഹൃദയം കരുവാളിക്കുകയും, ഉള്ളിന്റെ ഉള്ളിൽ അത് ഒരു ചിതൽ ആയിത്തീരുകയും ചെയ്യുന്നു. ഒരു കളവിനുവേണ്ടി അയാൾക്ക് അനേകം കളവുകൾ പടച്ചുണ്ടാക്കേണ്ടിവരുന്നു. കാരണം ആദ്യകളവിനെ സത്യമാണെന്ന് സ്ഥാപിക്കണം. അങ്ങിനെ അയാളുടെ അകതാരിൽ ധാർമികവും, ആത്മീയവുമായ ശക്തികൾ ക്ഷയിച്ചുതുടങ്ങുന്നു. പിന്നെ അയാൾ അല്ലാഹുവിനെക്കുറിച്ചും കറ്റുകെട്ടിപ്പറയാൻ ധൈര്യവും തന്റേടവും നേടുന്നു.....

നല്ലപോലെ ഓർത്തുകൊള്ളുവിൻ, കളവ് വളരെ മോശമായ വിനയാകുന്നു. അത് മനുഷ്യനെ നശിപ്പിക്കുന്നു. ((Ibid പേജ് : 245)

## കളവിന്റെ ഭാവങ്ങൾ

ചില കളവുകൾ കച്ചവടക്കാർ പറയാറുണ്ട്. രഞ്ജിപ്പിന് ശ്രമിക്കുന്ന ചിലരും കളവ് പറയുന്നു. യഥാർഥത്തിൽ അല്ലാഹു കളവിനെ മാലിന്യവുമായി ചേർത്താണ് പറഞ്ഞിരിക്കുന്നത്. പല ആളുകളേയും കണ്ടിട്ടുണ്ട്, അവർ നിറം പിടിപ്പിച്ച് കാര്യങ്ങൾ വർണിക്കുന്നതിൽനിന്ന് പിന്തിരിയുന്നില്ല. അതിനെ പാപമായും ഗണിക്കുന്നില്ല. ചിരിക്കാൻ വേണ്ടിയും കളവ് പറയുന്നു. കളവിന്റെ എല്ലാ രൂപഭാവങ്ങളേയും ഒഴിവാക്കാത്തിടത്തോളം ഒരാളും സിദ്ദീഖ് എന്ന് പറയപ്പെടാൻ സാധ്യമല്ല.

(മൽഫൂസാത്ത് ഭാഗം : 3, പേജ്: 99)

## കളവും അഹങ്കാരവും

ഓർക്കുക, അഹങ്കാരത്തിന് കളവ് അനിവാര്യമാണ്. മാത്രമല്ല, ഏറ്റവും ദുഷിച്ച കളവ്, അഹങ്കാരത്തോടൊപ്പം വെളിപ്പെടുന്നതാണ്. അതുകൊണ്ട് തന്നെയാണ് അല്ലാഹു ഏറ്റവും ആദ്യം അഹങ്കാരത്തിന്റെ ശിരസ് ഉടച്ചുകളയുന്നത്. (ആയിനയേ കമാലാത്തെ ഇസ്ലാം പേജ് : 599)






# കളവ് - മുനാഫിഖിന്റെ ലക്ഷണം

സംസാരിക്കുമ്പോൾ കളവു പറയുന്നു എന്നതാണ് രണ്ടാമത്തെ അടയാളമായി നബി തിരുമേനി (സ) പറഞ്ഞിരിക്കുന്നത്. വിശേഷിച്ച് പിന്നോക്കസമുദായങ്ങളിൽ ഇത് വലിയൊരു വ്യാധിയായിത്തീർന്നിരിക്കുകയാണ്. ഏതെങ്കിലുമൊരു രാഷ്ട്രവുമായി മാത്രം ബന്ധപ്പെട്ടതല്ല. പൊതുവിൽ പിന്നോക്ക സമുദായങ്ങളിൽ കളവ് ധാരാളമായി പറയപ്പെടുന്നു. വലിയ സമുദായങ്ങളിൽ വ്യക്തിപരമായ നിലയിൽ കളവ് കുറച്ചേ കാണപ്പെടുന്നുള്ളു. സാമുദായിക കലഹവേളയിൽ കളവ് പറഞ്ഞുകൊണ്ടും സാമുദായിക മേന്മയുടെ അവസരങ്ങളിൽ കളവ് പ്രയോഗിച്ചുകൊണ്ടും വ്യാജപ്രചരണം നടത്തിക്കൊണ്ടും അവർ ഈ കുറവ് നികത്തിക്കൊണ്ട് തങ്ങളുടെ ദാഹശമനം നടത്തുന്നു. എന്നാൽ വ്യക്തി പരമായ നിലയിൽ പിന്നോക്ക സമുദായമെന്നോ വികസ്വര രാഷ്ട്രമെന്നോ നാം പറയുന്നവരേക്കാൾ ഇവർ ഭേദപ്പെട്ടവരാണ്. ഇത്തരുണത്തിലും അഹ്മദിയ്യാ ജമാഅത്തിനുമേൽ വലിയ ഉത്തരവാദിത്ത്വമുണ്ട്. കളവിനെ മാരകവിഷമായി മനസ്സിലാക്കേണ്ടതാണ്.

കാപട്യത്തിന്റെ ഏറ്റവും കൊടിയ വിഷം കളവാകുന്നു. ഒരാൾ സംസാരിക്കുമ്പോൾ കളവ് പറയുന്നു. ദൈവീകയാഥാർത്ഥ്യത്തെ നിഷേധിക്കലിനേയാണ് കളവ് എന്നു പറയുന്നത്. കളവ് പറയുന്ന സമുദായങ്ങൾ ലോകത്ത് ഒരു മേഖലയിലും പുരോഗതി കൈവരിക്കാറില്ല. എന്താണോ നിങ്ങളുടെ കണ്ണ് കണ്ടു കൊണ്ടിരിക്കുന്നത് അത് തന്നെയാണെങ്കിൽ അത് സത്യമാകുന്നു. അഥവാ നിങ്ങൾ തെറ്റായി കാണുന്നുവെങ്കിൽ അത് രോഗമാകുന്നു. എന്നാൽ നിങ്ങൾ കാണുന്നത് ഒന്നും, പറയുന്നത് മറ്റൊന്നുമാണെങ്കിൽ അത് കളവാകുന്നു. കളവ് പറയുന്ന സമുദായത്തിന് പിന്നീട് കണ്ണിന് രോഗം ബാധിക്കുന്നു. അവരുടെ ദൃഷ്ടി അവതാളത്തിലാകുന്നു. അവർക്ക് മറ്റൊന്ന് ദൃശ്യമാകാൻ തുടങ്ങുന്നു. കളവ് പറയുന്നവർ പിന്നീട് സ്വയം സ്വന്തം കളവിന്റെ ഇരകളായിത്തീരുന്ന സംഭവങ്ങളും ഉണ്ടാകാറുണ്ട്. കളവ് പറഞ്ഞ് പറഞ്ഞ് ആ കളവിൽ വിശ്വസിക്കുകയും പിന്നീട് ഒരു നീണ്ടകാലത്തിന് ശേഷം ഇന്നതാണ് സംഭവം എന്ന് മനസ്സിലാക്കാൻ തുടങ്ങുകയും ചെയ്യുന്നു.

നബിതിരുമേനി (സ) കാപട്യത്തിന്റെ ലക്ഷണമായി പറഞ്ഞ കളവ് അത്യധികം ഭയാനകവും മാരകവുമായ വ്യാധിയാകുന്നു. അഥവാ സമുദായങ്ങളിൽ നിന്ന് കളവ് ദൂരപ്പെടുകയാണെങ്കിൽ അതിമഹത്തായ ഫലങ്ങൾ ലഭിക്കുന്നതാണ്. ഉദാഹരണമായി, ശാസ്ത്രജ്ഞന്മാർക്ക് കളവുമായി ഒരടി പോലും മുന്നോട്ടു പോകുവാൻ സാധ്യമല്ല. ശുഭാപ്തിവിശ്വാസത്തെയും തങ്ങളുടെ ആഗ്രഹങ്ങളേയും പിൻപറ്റാതിരിക്കുക എന്നതാണ് ശാസ്ത്രജ്ഞന്മാരുടെ വളർച്ചയുടെ അടിസ്ഥാനം. പ്രത്യുത, തന്റെ ആഗ്രഹങ്ങൾക്കു വിരുദ്ധമാണെങ്കിലും എന്താണോ കാണുന്നത് അതിനെ സ്വീകരിക്കുക. മനസ്സാഗ്രഹിക്കുന്നു, ഒരു ചിന്ത വരുന്നു,ഒരു തിയറി ഒരു വീക്ഷണം അയാളുടെ ബുദ്ധിയിൽ രൂപപ്പെടുന്നു. ഇക്കാര്യം യഥാർത്ഥത്തിൽ സത്യമാണോ അല്ലയോ എന്നതിലേക്ക് തനിക്ക് സാക്ഷ്യങ്ങളെ അന്വേഷിക്കേണ്ടതാണ് എന്ന് അയാൾക്ക് അനുഭവപ്പെടുന്നു. അഥവാ അയാൾ സാക്ഷ്യങ്ങളെ തന്റെ ആഗ്രഹങ്ങൾക്കു അനുഗുണമാക്കാൻ ശ്രമിക്കുകയാണെങ്കിൽ അത് കളവാകുന്നു. അയാൾക്കൊന്നും തന്നെ ലഭിക്കുന്നതല്ല. അഥവാ സംഭവങ്ങൾ അയാളെ എവിടേയ്ക്കാണോ കൊണ്ടുപോകുന്നത് അതിനെ പിൻപറ്റുകയാണെങ്കിൽ അത് സത്യമാകുന്നു.

എല്ലാ ശാസ്ത്രവളർച്ചയുടേയും അടിസ്ഥാനം സത്യത്തിലാകുന്നു. എവിടെയാണോ കളവ് കടന്നുകൂടുന്നത് അവിടെ അന്ധവിശ്വാസവും മന്ത്രവാദവും കലഹങ്ങളും വിഢിത്തങ്ങളും കടന്നുകൂടുകയും ശാസ്ത്രലോകത്ത് നിന്ന് മനുഷ്യൻ വേർതിരിക്കപ്പെടുകയും ചെയ്യുന്നു. അതിനാൽ ശാസ്ത്രലോകം സത്യത്തിന്റെ ലോകമാകുന്നു. പ്രപഞ്ചവ്യവസ്ഥിതിയുടെ രൂപത്തിൽ നാം കാണുന്ന ദൈവിക കർമ്മസാക്ഷ്യങ്ങളെയാണ് ശാസ്ത്രം എന്ന് പറയുന്നത്. അതിന്റെ പഠനവും ആത്മീയതയും മതവും പറയുന്നത്, ദൈവത്തിന്റെ കർമ്മസാക്ഷ്യവും സൈദ്ധാന്തിക വ്യവസ്ഥിതിയും ധാർമ്മിക വ്യവസ്ഥിതിയും നമുക്ക് അവന്റെ ഗ്രന്ഥത്തിൽ ലഭിക്കുന്നു എന്നാണ്.

ദൈവത്തിന്റെ കർമ്മസാക്ഷ്യത്തെ നിഷേധിക്കാത്തവർക്ക് അവന്റ വചനസാക്ഷ്യത്തെയും നിഷേധിക്കാതിരിക്കുന്നതിനുള്ള കൂടുതൽ തൗഫീഖ് ലഭിക്കുന്നു, ലഭിക്കുന്നതുമാണ്. കളവിന്റെ ലോകത്തെ പൊതുകാര്യങ്ങൾ ശീലമാക്കിയവരിൽ ദൈവികഗ്രന്ഥത്തിന്റെ സ്വാധീനം ഉണ്ടാകുന്നതു തന്നെയല്ല. എല്ലാ വസ്ത്രങ്ങളിലും എല്ലാ നിറവും പിടിക്കുന്നതല്ല. ആദ്യം ഒരു അടിസ്ഥാന ശുചീകരണം നടത്തുന്നു. അതുകൂടാതെ യാതൊരു നിറവും അതിൽ പിടിക്കുന്നതല്ല. അതിനാൽ കളവ് പറയുന്നവരിൽ ശരീഅത്തിന്റെ നിറം പിടിക്കുന്നതല്ല. കാരണം സത്യത്തിന്റെ പേരാണ് ശരീഅത്ത്. അവർക്ക് ഒന്നും തന്നെ കരസ്ഥമാകുന്നതല്ല. ദൈവികജ്ഞാനവും ഇഹലോക ഫലങ്ങളും പരലോക ഫലങ്ങളും ഒന്നും തന്നെ ലഭിക്കുകയില്ല.

കളവു പറയുന്നവർ തികച്ചും പിന്തള്ളപ്പെടുന്നു, ജീവിതത്തിന്റെ എല്ലാ തുറകളിലും അവൻ പരാജിതനാകുന്നു. താൽക്കാലികമായ നിസാര ഫലങ്ങൾ അൽപ്പാൽപ്പം പ്രത്യക്ഷത്തിൽ ലഭിച്ചുകൊണ്ടിരിക്കും. എന്നാൽ യഥാർത്ഥത്തിൽ സാമൂഹികമായ നിലയിൽ ആർക്കെങ്കിലും ആത്മഹത്യ ചെയ്യണമെന്നുണ്ടെങ്കിൽ കളവ് സ്വായത്തമാക്കുക എന്നതിനേക്കാൾ ഉത്തമ പരിഹാരമാർഗ്ഗമില്ല. എല്ലാ തിന്മകളുടേയും തായ്വേര് കളവാകുന്നു. തമാശയായിട്ടു പോലും കളവ് പറയാവതല്ല. മാതാക്കൾ കുട്ടികളുടെ മുന്നിൽ കളവ് പറയാതിരിക്കുക. കളവ് പറഞ്ഞ് അവരെ സമാധാനിപ്പിക്കരുത്. കെട്ടുകഥകൾ പറഞ്ഞു കൊടുക്കരുത്. മാതാക്കളുടെ മടിത്തട്ടിലാണ് സത്യവും കളവും തമ്മിലുള്ള തീരുമാനം വിധിക്കപ്പെടുന്നത്. മാതാക്കൾ മനസ്സിനെ സമാധാനിപ്പിക്കുവാനായി, തങ്ങൾ കളവാണ് പറയുന്നത് എന്നറിഞ്ഞുകൊണ്ടുതന്നെ, നീ മിണ്ടാതിരുന്നാൽ ഞങ്ങൾ നിനക്ക് മിഠായി കൊണ്ടുവന്ന് തരാം എന്നു പറയുന്നു. അത് എത്രകണ്ട് ആ കുട്ടികളുടെ മനസ്സിൽ പതിയുന്നുവെന്നാൽ, വലുതായതിനു ശേഷം അതേ മാതാക്കൾ കളവു പറയരുതെന്ന് അവരെ ഉപദേശിക്കുമ്പോൾ, അവരുടെ മനസ്സ് പറയും ഇത് വെറും വാക്കാണ്. മാതാവ് എന്താണോ ചെയ്യുന്നത് അതാണ് യഥാർത്ഥ വസ്തുത, എന്താണോ പറയുന്നത് അത് വെറും വാക്കാണ്. അങ്ങിനെ കള്ളം പറയുന്ന കുട്ടികൾ, കള്ളം പറയുന്ന തലമുറ ജനിക്കുന്നു.

**കളവിനെതിരിൽ ജിഹാദ് ചെയ്യുക എന്നതാണ് അഹ്മദിയ്യാ ജമാഅത്തിന്റെ വളരെ സുപ്രധാനമായ കടമ. തങ്ങളുടെ സമൂഹത്തിൽ ജിഹാദ് ചെയ്യുക. ജനങ്ങളേയും കളവിൽ നിന്ന് തടയുക. തൽഫലമായി അതിമഹത്തായ ആത്മീയ ഗുണങ്ങൾ കരസ്ഥമാകുന്നതാണ്. ഭൗതിക അഭിവൃദ്ധിയും ആ സമൂഹത്തിന് ലഭിക്കുന്നതാണ്.**

(ഖുത്വുബാത്തെ താഹിർ )

വിവ: ടി.എം. അബ്ദുൽ മുജീബ്, തമ്മനം.

**സീറത്തുന്നബി(സ)**
**– ഹ. മിർസാ ബശീർ അഹ്മദ് MA (റ)**

# അബ്ദുൽ മുത്ത്വലിബിന്റെ സംരക്ഷണം

മാതാവിന്റെ വഫാത്തിനെ തുടർന്ന് നബി(സ) മാതാവിന്റെ സേവകിയായിരുന്ന ഉമ്മു അയ്മനോടൊപ്പം മക്കയിലെത്തി. ഉമ്മു അയ്മൻ, നബി(സ)ന്റെ പിതാവിന്റെ മരണത്തെ തുടർന്ന്, കുടുംബസ്വത്തിന്റെ ഭാഗമെന്ന നിലക്ക് തിരുനബിയുടെ പക്കൽ എത്തിച്ചേർന്ന അടിമസ്ത്രീ ആയിരുന്നു. നബി(സ) വലുതായപ്പോൾ അവരെ സ്വതന്ത്രയാക്കുകയും അവരോട് ഔദാര്യപൂർവ്വം പെരുമാറുകയുമുണ്ടായി. പിന്നീട് ഇവരുടെ വിവാഹം, നബി(സ) തന്നെ സ്വതന്ത്രനാക്കിയ അടിമ, സൈദ്ബിൻ ഹാരിസുമായി നടന്നു. ഉസാമബിൻ സൈദ് ഇവർക്കുണ്ടായ മകനാണ്. ഉമ്മുഅയ്മൻ നബി(സ)ന്റെ വഫാത്തിന് ശേഷവും ജീവിച്ചിരുന്നു.

ഏതായിരുന്നാലും നബി(സ) മാതാവിന്റെ വഫാത്തിനുശേഷം അവരോടൊപ്പമാണ് മക്കയിലെത്തിയത്. മക്കയിൽ അബ്ദുൽ മുത്വലിബ്, നബി(സ)ന്റെ സംരക്ഷണം നേരിട്ട് ഏറ്റെടുക്കുകയുണ്ടായി. അബ്ദുൽ മുത്വലിബിന് നബി(സ)നെ ഏറെ ഇഷ്ടമായിരുന്നു. അദ്ദേഹം തിരുനബി(സ)നെ തന്റെ ചുമലിൽ ഇരുത്തി കഅ്ബ ത്വവാഫ് ചെയ്യുമായിരുന്നു. നബി(സ)യും അദ്ദേഹത്തോട് വളരെ സ്വതന്ത്രമായി ഇടപഴകിയിരുന്നു. അബ്ദുൽ മുത്വലിബിന്, കഅ്ബയുടെ അങ്കണത്തിൽ, പ്രത്യേകം വിരിപ്പ് വിരിച്ച് അതിൽ ഇരിക്കുന്ന ശീലമുണ്ടായിരുന്നു. ആർക്കും തന്നെ അദ്ദേഹത്തിന്റെ ആ വിരിപ്പിൽ കയറാനോ, കൂടെ ഇരിക്കാനോ ധൈര്യമുണ്ടായിരുന്നില്ല. എന്തിനധികം മക്കൾ പോലും ദൂരെ മാറിയിരിക്കുമായിരുന്നു. പക്ഷേ നബി(സ) നേരെ ചെന്ന് അബ്ദുൽ മുത്വലിബിന്റെ സമീപം ഇരുന്നിരുന്നു. തിരുനബിയെ കാണുമ്പോൾ അദ്ദേഹം സന്തോഷവാനാകുമായിരുന്നു. ചില സമയങ്ങളിൽ അദ്ദേഹത്തിന്റെ പിതൃവ്യൻ വിരിപ്പിൽ കയറുന്നതിൽ നിന്ന് തിരുനബിയെ തടയാൻ ശ്രമിക്കുമ്പോൾ അബ്ദുൽ മുത്വലിബ് തിരുനബിയുടെ പിതൃവ്യനെ വിലക്കുകയും, തിരുനബിയെ ഒന്നും പറയേണ്ടെന്ന് നിർദ്ദേശിക്കുകയും ചെയ്യുമായിരുന്നു.

### അബ്ദുൽ മുത്വലിബിന്റെ മരണം

നബി(സ) ഈ സ്നേഹത്തിൽ കഴിച്ചുകൂട്ടുകയായിരുന്നു. അതിനിടയിൽ അബ്ദുൽ മുത്വലിബിനും മരണത്തിന്റെ സന്ദേശമെത്തി. അദ്ദേഹത്തിന്റെ ജനാസയോടൊപ്പം തിരുനബി കരഞ്ഞു കരഞ്ഞ് നീങ്ങുന്നുണ്ടായിരുന്നു. ചെറുപ്രായത്തിൽ തിരുനബിക്ക് ഇത് മൂന്നാമത്തെ ദുഃഖമായിരുന്നു. ആ സമയത്ത് നബി(സ)ന് 8 വയസായിരുന്നു പ്രായം. അബ്ദുൽ മുത്വലിബിന്റെ പ്രായം വ്യത്യസ്ത നിവേദനങ്ങൾ അനുസരിച്ച് 80 മുതൽ 140 വരെ പറയപ്പെടുന്നു.

വിവിധ ഭാര്യമാരിൽ അബ്ദുൽ മുത്വലിബിന് ഒരുപാട് ആൺമക്കൾ ഉണ്ടായിരുന്നു. അതിൽ ഏറെ പ്രസിദ്ധരായവരുടെ പേരുകൾ ഇങ്ങനെയാണ്.ഹാരിസ്, സുബൈർ, അബൂത്വാലിബ്, അബൂലഹബ്, അബ്ദുല്ലാഹ്, അബ്ബാസ്, ഹംസ. ഇതിൽ അബൂത്വാലിബിന്റെയും അബ്ദുല്ലാഹ്‌യുടെയും മാതാവ് ഒരാൾ തന്നെയായിരുന്നു. ഒരു പക്ഷേ ഈ ബന്ധം കൊണ്ടായിരിക്കണം,അബ്ദുൽ മുത്വലിബ് മരണവേളയിൽ നബി(സ)ന്റെ സംരക്ഷണം അബൂത്വാലിബിനെ ഏൽപ്പിക്കുകയും, തിരുനബിയെ നല്ലപോലെ ശ്രദ്ധിക്കാൻ വസിയ്യത്ത് ചെയ്യുകയുമുണ്ടായത്.

അങ്ങിനെ ആ സമയം മുതൽ, നബി(സ)തന്റെ പിതൃവ്യനായ അബൂത്വാലിബിന്റെ സംരക്ഷണത്തിലായി. സമുദായപരമായ സഹായ, റിഫാദ് എന്നീ ജോലികൾ മൂത്തപുത്രൻ സുബയ്റിനെയാണ് അബ്ദുൽമുത്വലിബ് ഏൽപിച്ചത്. പക്ഷേ ഈ രണ്ട് ജോലികൾക്കും ഒരുപാട് പൈസ ചെലവുണ്ടായിരുന്നു. അതുകൊണ്ട് തന്നെ ഇത് തന്റെ കഴിവിന്നതീതമാണെന്ന് കണ്ട സുബൈർ രണ്ട് ജോലികളും അബൂത്വാലിബിനെ ഏൽപിച്ചു. അബൂത്വാലിബും സാമ്പത്തികമായി ദരിദ്രനായിരുന്നു. അങ്ങിനെ റിഫാദ ബനൂ നൗഫലിന്റെ ചുമതലയിലായി. ഒടുവിൽ സിഖായ അബ്ബാസിനെ ഏൽപ്പിക്കുകയുണ്ടായി. അദ്ദേഹം മറ്റുള്ളവരെ അപേക്ഷിച്ച് സമ്പന്നനായിരുന്നു.

അബ്ദുൽ മുത്വലിബിന്റെ മരണം വരേയും, ബനൂ ഹാശിം അന്തസ്സും ആഭിജാത്യവുമുള്ളവരായിരുന്നു. മാത്രമല്ല ഖുറൈശി ഗോത്രങ്ങളിൽ ഈ കുടുംബത്തിന് പ്രത്യേകം സ്ഥാനവുമുണ്ടായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ഈ അന്തസിനെ കാത്ത് സൂക്ഷിക്കാൻ പോന്ന ആരും ഉണ്ടായില്ല. അങ്ങനെ ഖുറൈശികളുടെ പൊതുവിലുള്ള നേതൃത്വം അവർക്ക് നഷ്ടപ്പെട്ടു. ബനൂഹാശിമിന്റെ എതിരാളികളായിരുന്ന ബനൂ ഉമയ്യ പതുക്കെ പതുക്കെ ശക്തിയാർജിച്ചുകൊണ്ടിരുന്നു.

(സീറത്ത് ഖാത്തമുന്നബിയ്യീൻ പേജ്: 99, 100)

(സമ്പാ : എ.എസ്)



**സീറത്തുൽ മഹ്ദി**

# സിദ്ദീഖ്

**ഹ. മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നു:** ലാഹോറിൽ ഹദ്റത് മസീഹ് മൗഊദ്(അ) വഫാത്തായപ്പോൾ ഹ. മൗലാനാ നൂറുദ്ദീൻ സാഹിബ്, ആ റൂമിൽ ഇല്ലായിരുന്നു. ഹ. മൗലവി സാഹിബ് വിവരം അറിഞ്ഞ ഉടനെ അവിടെ എത്തി ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ നെറ്റിത്തടത്തിൽ ഉമ്മവെച്ചു പെട്ടെന്ന് തന്നെ പുറത്തേക്കിറങ്ങി. ഹ. മൗലവി സാഹിബ് റൂമിൽ നിന്ന് പുറത്തേക്ക് കാൽവെച്ചതും, മൗ. സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ്, ഗദ്ഗദത്തോടെ അദ്ദേഹത്തോട് പറഞ്ഞു: അൻത സിദ്ദീഖി (താങ്കൾ സിദ്ദീഖ് (അബൂബക്കർ) ആണ്) മൗലവി സാഹിബ് പറഞ്ഞു: ഇപ്പോൾ ഈ പ്രശ്നമൊക്കെ മാറ്റിവെക്കു, അതൊക്കെ ഖാദിയാനിലെത്തി തീരുമാനമാകും. ഒരു പക്ഷേ ഞാൻ മാത്രമേ ഈ സംസാരം കേട്ടിട്ടുള്ളൂ.

# മെഴുകുതിരികൾ

**ഉമ്മുൽ മുഅ്മിനീൻ ഹ. നുസ്റത് ജഹാൻ ബേഗം സാഹിബ(റ) പറയുന്നു.** ഹ. മസീഹ് മൗഊദ്(അ), സാധാരണഗതിയിൽ സുബ്ഹി നമസ്കാരത്തിനുശേഷം കുറച്ച് സമയം ഉറങ്ങുമായിരുന്നു. രാത്രിയിൽ ഒരുപാട് നേരം ഉണർന്നിരിക്കുമായിരുന്നു.കാരണം ഹുസൂർ (അ)നു രാത്രിയിലും ലേഖനങ്ങൾ എഴുതേണ്ടിവന്നിരുന്നു. പൊതുവെ വളരെ വൈകുംവരേയും എഴുതിക്കൊണ്ടിരിക്കുമായിരുന്നു. മറ്റൊന്ന് മൂത്രമൊഴിക്കാൻ പല തവണ എഴുന്നേറ്റിരുന്നു. കൂടാതെ തഹജ്ജുദിനും എണീക്കുമായിരുന്നു.

ഹുസൂർ(അ) മണ്ണെണ്ണ വിളക്കിന് മുന്നിലിരുന്ന് ജോലിചെയ്യാൻ ഇഷ്ടപ്പെട്ടിരുന്നില്ല. മെഴുകുതിരികളാണ് ഉപയോഗിച്ചിരുന്നത്. ഒരുകാലത്ത് കുറച്ച് സമയം ഗ്യാസിന്റെ വിളക്കും ഉപയോഗിച്ചിരുന്നു. ഹ. മിർസാ ബശീർ അഹ്മദ് സാഹിബ് തുടർന്ന് എഴുതുന്നു: ഹ. മസീഹ് മൗഊദ്(അ) കുറേയധികം മെഴുകുതിരികൾ കത്തിച്ചുവെക്കുമായിരുന്നു. ഒന്ന് അണഞ്ഞാൽ ഉടനെ മറ്റൊന്ന് കത്തിച്ചിരുന്നു. വീട്ടിൽ സാധാരണഗതിയിൽ മെഴുകുതിരികളുടെ ബണ്ടിൽ വാങ്ങി സൂക്ഷിച്ചിരുന്നു. ഒരിക്കൽ ബയ്തുൽ ഫിക്റിന്റെ തൊട്ടടുത്തുള്ള അങ്കണത്തിൽ ഒരു കട്ടിലിൽ ഇരുന്ന് ഹ. മസീഹ് മൗഊദ്(അ) തന്റെ ജോലിയിൽ വ്യാപൃതനായിരുന്നു. മുന്നിൽ മെഴുകുതിരികൾ കത്തിച്ചുവെച്ചിരുന്നു. എന്റെ ഉമ്മ മെഴുകുതിരികളുടെ അടുത്തുകൂടി കടന്ന് പോയപ്പോൾ പിന്നിൽ നിന്ന് അവരുടെ തട്ടത്തിന്റെ സൈഡിൽ തീ പിടിച്ചു. അവർ അതേകുറിച്ച് ഒന്നും അറിഞ്ഞിരുന്നില്ല. ഹ.മസീഹ് മൗഊദ്(അ) അത് കണ്ട ഉടനെ എഴുന്നേറ്റ് തീയണക്കുകയുണ്ടായി. അപ്പോൾ ഉമ്മ ഏറെ പരിഭ്രമിച്ചിരുന്നു.

# സുന്നത്ത് നമസ്ക്കാരം

**ഉമ്മുൽ മുഅ്മിനീൻ(റ) പറയുന്നു:** ഹ. മസീഹ് മൗഊദ്(അ) ഫർള് നമസ്കാരങ്ങൾക്ക് മുൻപുള്ള സുന്നത്തുകൾ വീട്ടിലാണ് നമസ്ക്കരിച്ചിരുന്നത്. ശേഷമുള്ള സുന്നത്തുകളും സാധാരണ വീട്ടിൽ തന്നെയാണ് അനുഷ്ഠിച്ചിരുന്നത്. ചിലപ്പോൾ മസ്ജിദിലും നമസ്കരിച്ചിരുന്നു. ഹ.മിയാൻ ബശീർ അഹ്മദ്(റ) ചോദിച്ചു. ഹുസൂർ(അ), ഈ നമസ്കാരങ്ങൾ ഒരുപാട് നീട്ടി നമസ്കരിച്ചിരുന്നോ അതോ, ചെറിയ നമസ്കാരങ്ങളായിരുന്നോ? അവർ പറഞ്ഞു : സാധാരണ ഗതിയിൽ ചെറുതായിരുന്നു.

ശതാബ്ദം
1911–സെപ്തംബർ
എസ്.

# ഈദുൽ ഫിത്വ്ർ

1911 സെപ്തംബർ 25 ന് ഹ. സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് ഈദുൽ ഫിത്വ്ർ ഖുത്ബ നിർവ്വഹിച്ചു കൊണ്ട് പറഞ്ഞു.

ബുദ്ധിമുട്ടുകളിൽ നിന്ന് രക്ഷപ്പെടുന്നതിന് അല്ലാഹു സന്തോഷദിവസമായ ഈദിന് ആറാമതൊരു നമസ്ക്കാരം കൂടി വെച്ചിരിക്കുന്നു. ഇത് സൂചന നൽകുന്നത്, സമ്പത്തും, സ്വത്തും, സുഖസൗകര്യങ്ങളും ലഭിക്കുമ്പോൾ ഇബാദത്തുകൾ വർദ്ധിപ്പിക്കണമെന്നാണ്. ഇക്കാര്യങ്ങൾക്കുള്ള ആഗ്രഹം വർദ്ധിക്കുമ്പോൾ നമസ്ക്കാരവും അധികരിപ്പിക്കണം.

# അഹ്മദീ ഉലമാക്കൾ ദക്ഷിണേന്ത്യയിൽ

മൈസൂർ പ്രവിശ്യയിലെ ബാംഗ്ലൂരിൽ ജമാഅത്ത് ഇസ്ലാമിയ്യ: സമ്മേളനം നടത്തുന്നുവെന്നും അതിലേക്ക് നമ്മുടെ പണ്ഡിതന്മാരേയും അയക്കണമെന്നും ബാംഗ്ലൂരിലെ അഹ്മദികൾ ഹ. ഖലീഫത്തുൽ മസീഹ് അവ്വൽ(റ)നോട് അപേക്ഷിച്ചിരുന്നു.ഹുസൂർ(റ), ഹ.മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി(റ)യേയും, അധ്യ. ഖാജാ കമാലുദ്ദീൻ സാഹിബിനേയും, മിർസാ യഅ്ഖൂബ് ബേഗ് സാഹിബിനേയും അയച്ചു.ബാംഗ്ലൂരിൽ സയ്യിദ് സുലയ്മാൻ നദ്‌വിയും, മൗലാനാ ശൗകത്ത് അലിയും ചില അറേബ്യൻ പണ്ഡിതന്മാരും ഈ സമ്മേളനത്തിന് എത്തിച്ചേർന്നിരുന്നു. നദ്‌വി അഹ്മദിയ്യാ പണ്ഡിതരെ ഏറെ ശ്ലാഘിക്കുകയും അവരുടെ ഖുർആൻ പാണ്ഡിത്യത്തെ ഏറെ പുകഴ്ത്തുകയുമുണ്ടായി. (താരീഖെ അഹ്മദിയ്യത്ത്)

വാഗ്ദത്ത മസീഹിന്റെ കത്തുകൾ

സമ്പാ: സുൽത്താൻ നസീർ

# ദൈവികവാഗ്ദാനം

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

ബഹുമാനപ്പെട്ട സഹോദരൻ സേട്ട് സാഹിബ്

السلام عليكم ورحمة الله وبركاته

താങ്കളുടെ കത്ത് ലഭിച്ചു.താങ്കൾ പൂർണ്ണ സമാധാനത്തോടെ ഇരുന്നാലും, ലോകത്ത് ഒരു വലിയ സൗഭാഗ്യവാന് വേണ്ടി ചെയ്യാൻ സാധിക്കുന്ന വിധത്തിലുള്ള ദുആ താങ്കൾക്കായി ചെയ്തിട്ടുണ്ട്. പ്രതാപവാനും സർവ്വശക്തനുമായ അല്ലാഹു പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമാണ്. അവന്റെ സമക്ഷത്തിൽ നിന്നും വലിയ പ്രതീക്ഷകളാണുള്ളത്. എന്നാൽ ഇടക്ക് ചില ബുദ്ധിമുട്ടുകൾ ഉണ്ടാകേണ്ടതും നിർബന്ധമാണ്. അതുകൊണ്ട് അല്ലാഹുവിനാൽ നിശ്ചയിക്കപ്പെട്ട ദിവസം വരുന്നത് വരെ സ്ഥിരചിത്തതയോടും ശക്തിയോടും ധൈര്യത്തോടും കൂടി ഇത്തരം ബുദ്ധിമുട്ടുകളെ നേരിടേണ്ടതാണ്. ഭൗതികത തേടുന്ന അവസ്ഥയിൽ മനുഷ്യഹൃദയം ബലഹീനമായിപ്പോകുന്നത് സ്വാഭാവികമാണ്. എന്നാൽ എത്രമാത്രം അല്ലാഹുവിലുള്ള വിശ്വാസം ബലഹീനമാണോ അത്രത്തോളം നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകളിൽ ദുഃഖിക്കുകയും അത്രത്തോളം തന്നെ നിരാശപ്പെടുകയും ചെയ്യുമെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് അങ്ങനെ ആയിത്തീരരുത്. താങ്കൾക്കായി അല്ലാഹു സുവാർത്തകളോടു കൂടിയ ഇൽഹാം ഇറക്കിയിരിക്കുന്നു.

അല്ലാഹുവിന്റെ വാക്കുകൾ തെറ്റിപ്പോവുകയില്ല. ലോകത്തിലെ മുഴുവൻ രാജാക്കന്മാരും ഒരുമിച്ച് കൊണ്ട് ഒരു വാഗ്ദാനം നടത്തിയാലും അതിൽ പൂർണ്ണമായും വിശ്വാസം അർപ്പിക്കുകയില്ല എന്നതാണ് എന്റെ അവസ്ഥ. കാരണം വാഗ്ദാനപൂർത്തീകരണത്തിന് മുമ്പ് തന്നെ അവരെല്ലാവരും മരണപ്പെട്ട് പോകാനും വാഗ്ദാനം പൂർത്തീകരിക്കാൻ സാധിക്കാതെ വരികയും ചെയ്യാം . അവർ നിർബന്ധിതരാണ്. എന്നാൽ അല്ലാഹു ഇത്തരം കാര്യങ്ങളിൽ നിന്ന് പരിശുദ്ധനാണ്. അല്ലാഹു ഏതെല്ലാം മാർഗ്ഗത്തിലൂടെയും രീതിയിലുമായിരിക്കും താങ്കൾക്ക് ഈ ദുഃഖത്തിൽ നിന്ന് മോക്ഷം നൽകുക എന്ന് എനിക്കറിയാൻ കഴിയില്ല. ആ സമയം എപ്പോൾ സമാഗതമാകുമെന്നും ഇതുവരെ അറിയാൻ സാധിച്ചിട്ടില്ല.

അൽപം സമയമെടുക്കാം. സർവ്വശക്തനായ അല്ലാഹുവിൽ നിന്നുള്ള വാഗ്ദാനമാണ്. വൽ കരീമു ഇദാ വഅദ വഫാ (ആദരണീയനായ അല്ലാഹുവാണ് സത്യം, അവൻ വാഗ്ദാനം ചെയ്യുമ്പോൾ അത് പൂർത്തിയാക്കുന്നു.) അതുകൊണ്ട് ആ പ്രതാപവാന്റെ വാഗ്ദാനത്തിനായി സധൈര്യം കാത്തിരിക്കുക.മറ്റുള്ളവരുടെ അവഗണന കാര്യമായി എടുക്കാതിരിക്കുക. അവിചാരിത മഴയെപ്പോലെ എപ്പോഴാണ് മേഘം വരുന്നതെന്നും എപ്പോഴാണ് മഴ വർഷിക്കുന്നതെന്നും പറയാൻ സാധിക്കാത്തത് പോലെ അല്ലാഹുവിന്റെ അനുഗ്രഹവും കള്ളനെപ്പോലെയാണ് വരുന്നത്.അതുകൊണ്ട് പൂർണ്ണ ദൃഢവിശ്വാസത്തോടും സ്ഥിരചിത്തതയോടും കൂടി പ്രതീക്ഷയർപ്പിച്ച് കൊണ്ടിരിക്കേണ്ടതാണ്. മാത്രമല്ല മനുഷ്യന്റെയല്ല അല്ലാഹുവിന്റെ വാഗ്ദാനമാണ് എന്നത് കൊണ്ട് സന്തോഷിക്കുകയാണ് വേണ്ടത്. താങ്കൾ അഗ്നിയിലേക്ക് വീഴുകയോ അല്ലെങ്കിൽ വീഴാൻ പോകുകയോ ആണെങ്കിൽ പോലും സന്തോഷവാനായി നിലകൊള്ളുക. എന്തുകൊണ്ടെന്നാൽ ഈ അഗ്നിയെ സൃഷ്ടിച്ചവന് ഒറ്റയടിക്ക് അതിനെ തണുപ്പിക്കാനും സാധിക്കും. ലോകത്ത് ഈ കാര്യം എനിക്ക് നല്ലവണ്ണം അറിയാം കാരണം നമ്മുടെ ദൈവം എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണ് . അത് കൊണ്ട് തന്നെ ഞാൻ അഗ്നിയിൽ വീണ് കൊണ്ടും അതിനെ സ്വർഗ്ഗമായി ഗണിക്കുന്നു . ഈ ബുദ്ധിമുട്ടുകൾ എന്തുകൊണ്ടാണ് വരുന്നത് എന്നും എങ്ങനെ ദൂരീകരിക്കപ്പെടുമെന്നും അറിയാത്തത് കൊണ്ടാണ് മനുഷ്യന് എല്ലാ ദുഃഖവും ഉണ്ടാകുന്നത്. എന്നാൽ ഈ ബുദ്ധിമുട്ടുകൾ അല്ലാഹുവിൽ നിന്നാണെന്ന് അവൻ അറിയിക്കുകയും അവൻ ഇച്ഛിക്കുന്ന ഉടൻ തന്നെ അതെല്ലാം തകർന്ന് തരിപ്പണമാകുമെന്ന് അറിയുന്ന പക്ഷം പിന്നെ ദുഃഖിക്കേണ്ട കാര്യമെന്ത്? ബാക്കിയെല്ലാം സുഖം തന്നെ. ഇപ്പോൾ ഖാദിയാന്റെ നാലുഭാഗങ്ങളും ഏകദേശം നാല് മൈൽ ദൂരം വരെ പ്ലേഗ് രോഗമാണ്. ഖാദിയാൻ ഇപ്പോൾ നാല് ഭാഗത്ത് നിന്നും ആഞ്ഞുവീശുന്ന കൊടുങ്കാറ്റിൽ നദിയിൽ സഞ്ചരിച്ച് കൊണ്ടിരിക്കുന്ന ഒരു പെട്ടകത്തെപ്പോലെയാണ്. ഓരോ ആഴ്ചയും ഏകദേശം ഇരുപതിനായിരം ആളുകൾ മരിച്ച് വീഴുന്നു. ഈ കാലത്ത് വ്യാപകമായ പ്ലേഗ് പരന്ന് പിടിക്കും എന്നുള്ള സംശയം അല്ലാഹു ദൂരീകരിച്ചിരിക്കുന്നു.

വിനീതൻ

03/04/1902 മിർസാ ഗുലാം അഹ്മദ്



വിജ്ഞാനവേദി

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )

# അമാനത്ത് അഥവാ സൂക്ഷിപ്പുമുതൽ

? ആരെങ്കിലും പൈസയോ മറ്റോ സൂക്ഷിക്കാൻ ഏൽപ്പിച്ചാൽ ആവശ്യം നേരിട്ടാൽ അതെടുത്ത് ഉപയോഗിക്കാമോ?

അമാനത്ത് (സൂക്ഷിപ്പുമുതൽ)ന്റെ വിഷയം നല്ലപോലെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ ചില മുൻകരുതലുകൾ തീർച്ചയായും വേണ്ടതാണ്.

അമാനത്ത് നിബന്ധനകൾ ഒന്നും ഇല്ലാതെയാണെങ്കിൽ, വിശദീകരണങ്ങൾ ഇല്ലെങ്കിൽ ഉപയോഗിക്കാവുന്നതാണ്. മറ്റൊന്ന്, സൂക്ഷിപ്പുമുതൽ സ്വന്തം ആവശ്യത്തിന് ഉപയോഗിച്ചാൽ ആവശ്യപ്പെടുമ്പോൾ നിർബന്ധമായും തിരികെ കൊടുക്കേണ്ടതാണ്. കുറച്ചു കാലത്തേക്ക് ഉപയോഗിക്കുകയാണെന്ന യാതൊരു കാരണവും സ്വീകാര്യമായിരിക്കുകയില്ല. അത് ആവശ്യപ്പെടുന്ന അതേ നിമിഷത്തിൽ തിരികെ കൊടുത്തിരിക്കണം. അതിന് വല്ല നഷ്ടവും സംഭവിച്ചാൽ അതിന്റെ ഉത്തരവാദിത്വവും ഏൽപ്പിക്കേണ്ടിവരും.

അമാനത്ത് ഉപയോഗിക്കാതിരിക്കുകയും എടുത്ത് വെക്കുകയുമാണെങ്കിൽ അത് മോഷ്ടിക്കപ്പെടുകയോ (മോഷ്ടിക്കപ്പെട്ടുവെന്ന് തെളിയിക്കപ്പെടണം) ദൗർഭാഗ്യവശാൽ വീടിന് തീപ്പിടിക്കുകയോ ചെയ്താൽ അയാൾ തിരികെ കൊടുക്കാൻ ബാധ്യസ്ഥനല്ല. എന്നാൽ ക്രയവിക്രയത്തിന് ഉപയോഗിച്ചാൽ തിരിച്ചുകൊടുത്തേപറ്റൂ. അത്തരം സന്ദർഭത്തിൽ അത് താൽക്കാലിക ഉപയോഗത്തിന് തന്ന ഒരു തുകയായി ഗണിക്കപ്പെടും. നഷ്ടപ്പെട്ടാലും കുറവ് വന്നാലും മുഴുവൻ തിരികെ കൊടുക്കേണ്ടതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ നല്ലപോലെ ശ്രദ്ധിക്കണം. അമാനത്ത് സ്വീകരിക്കുമ്പോൾ, അത് ഏതുതരത്തിലാണ് തരുന്നതെന്ന് ചോദിച്ചു മനസിലാക്കണം.


സൂക്ഷിപ്പുമുതൽ മാത്രമാണെന്ന് പറയുന്നുവെങ്കിൽ അത് തെറ്റിക്കാതിരിക്കുന്നതാണ് ഉത്തമം. അതാണ് തഖ്‌വ. അല്ലാത്തപക്ഷം നിങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാവും. തരുമ്പോൾ തന്നെ, അത് തനിക്ക് ഉപയോഗിക്കാൻ പറ്റുമോ എന്നും, ആവശ്യപ്പെടുമ്പോൾ എത്രസമയം കൊണ്ട് തിരികെ തരണമെന്ന് ചോദിക്കുക. പിന്നെ അതനുസരിച്ച് പ്രവർത്തിക്കുക. ചോദിക്കുന്ന സമയത്ത് കരാറനുസരിച്ച് തിരികെ കൊടുക്കാൻ സാധ്യമാവാത്ത വിധത്തിൽ അത് നിക്ഷേപിക്കരുത്. അത്തരം അവസരത്തിൽ നിങ്ങൾക്ക് നഷ്ടം വന്നാലും അത് കൊടുക്കാൻ നിങ്ങൾ ബാധ്യസ്ഥനാണ്. അമാനത്തിൽ ചിലപ്പോൾ നിബന്ധനകൾ വെക്കാറുണ്ട്. അത് ഉപയോഗിക്കാനും നിക്ഷേപിക്കാനും അതിന്റെ ലാഭവിഹിതത്തിൽ ഉൾപ്പെടുത്താനും പറയാറുണ്ട്. അമാനത്തിൽ നിബന്ധനകൾ വന്നാൽ അത് അമാനത്തിന്റെ പരിധിയിൽനിന്ന് വിടുന്നു. (മജ്ലിസ് ഇർഫാൻ 4 - 11 - 1994)

സമ്പാ : അബൂസബാഹ്.

നുറുങ്ങുകൾ

എസ്.ഡി

# തഹജ്ജുദ് വളരെ പ്രധാനമാണ്



ഹ. മുസ്‌ലിഹ് മൗഊദ്(റ), തന്റെ രണ്ടാമത്തെ മകൻ ഹ. മിർസാ മുബാറക് അഹ്മദ് സാഹിബിനെ പഠനാർഥം മിസ്റിലേക്ക് അയക്കുമ്പോൾ എഴുതി നൽകിയ ഉപദേശത്തിൽ പറയുന്നു.


തഹജ്ജുദ് അനിവാര്യമല്ലെന്ന് കരുതരുത്. വളരെ നിർബന്ധമുള്ള സംഗതിയാണ്. എന്റെ ആരോഗ്യം നല്ലതായിരുന്നപ്പോൾ, നിനക്ക് ഇപ്പോൾ ഉള്ള പ്രായത്തിനേക്കാളും മുമ്പേ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ തഹജ്ജുദ് അനുഷ്ഠിച്ചിരുന്നു, മൂന്ന്, നാല് മണിക്കൂറുകളോളം. നബി(സ) നമസ്കാരത്തിന് നിൽക്കുമ്പോൾ അവിടുത്തെ കാലുകൾ നീരുവന്ന് വീർത്തിരുന്നു എന്ന ഹദീസ് മുൻ നിർത്തിയിരുന്നു.

(അവ : അൽഫദ്ൽ ദിനപ്പത്രം റബ്വ 20.3.2002)

പ്രത്യേക അഭിമുഖം 9.2.2008

സമ്പാ: കെ.വി.ഹസ്സൻകോയ

# കാരാഗൃഹവാസം



**പ്രതിനിധി :– അഹ്മദിയ്യത്തിന്റെ പേരിൽ അറസ്റ്റ് ചെയ്യപ്പെട്ട ബഹുമതി അങ്ങ് കരസ്ഥമാക്കിയിരിക്കുന്നു. ഇതിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ?**

ഹുസൂർ :- നമ്മുടെ ടൗൺ, അഥവാ സിറ്റി, റബ്വയുടെ പേര് മാറ്റുന്ന പ്രശ്നമുണ്ടായിരുന്നു. റബ്വയുടെ പേര് മാറ്റി മുല്ലാക്കൾ തിരഞ്ഞെടുക്കുന്ന പേര് അതിന് നല്കുന്നതിനെക്കുറിച്ച് പഞ്ചാബ് അസംബ്ലി ചർച്ച ചെയ്തിട്ടുണ്ടായിരുന്നു. റബ്വ എന്ന പേര് വിശുദ്ധ ഖുർആനിലുള്ളതിനാൽ അത് ചിലപ്പോൾ ചില മുസ്‌ലിംകളെ വഴിതെറ്റിച്ചേക്കും എന്നവർ കരുതി. റബ്വ എന്നാൽ ഉന്നതസ്ഥലം, അതിനാൽ ആ പേരുമാറ്റുവാൻ അവർ ആഗ്രഹിച്ചു. ആദ്യം അവർ നിർദ്ദേശിച്ചത് സിദ്ദീഖേ ആബാദ് എന്നായിരുന്നു. ഈ പേരിനും ഒരു ഇസ്‌ലാമിക സ്പർശം ഉണ്ടെന്നവർ മനസ്സിലാക്കി. പിന്നീടവർ യോജിച്ചു തീരുമാനിച്ചപ്രകാരം ചിനാബ് നഗർ എന്നപേർ നല്കി. പ്രധാന റോഡിൽ റബ്വയിലേക്ക് വഴികാണിക്കുന്ന ചില സൈൻബോർഡുകൾ ഉണ്ടായിരുന്നു. ഗവൺമെന്റോ, ടൗൺ കമ്മിറ്റി ജീവനക്കാരോ, പോലീസോ ആരാണെന്നെനിക്കറിയില്ല റബ്വ എന്നെഴുതിയ സൈൻബോർഡുകളിൽ പെയിന്റടിച്ചു. എന്നിട്ടത് മായ്ച്ചുകളഞ്ഞു. ആ പ്രശ്നം അഹ്മദികൾക്കും അനഹ്മദികൾക്കുമിടയിൽ ജ്വലിക്കുന്ന ഒരു പ്രശ്നമായിരുന്നു. പിന്നെ വേറൊരു പ്രശ്നം തലപൊക്കി. റബ്വ ബസ്സ്സ്റ്റോപ്പിന് നേരെമുമ്പിൽ അവർ ചില ഖുർആൻ വചനങ്ങളോ അറബി വാക്കുകളോ എഴുതിയിട്ടുണ്ടായിരുന്നു. എന്താണെന്ന് എനിക്ക് ഉറപ്പിച്ചുപറയാൻ പറ്റില്ല. അത് ഖുർആനിക വചനങ്ങളായിരുന്നുവെന്നാണ് ഞാൻ കരുതുന്നത്. എനിക്കറിയില്ല, ആരോ അതിന്മേൽ പെയിന്റടിച്ചു. വളരെ കുപ്രസിദ്ധരായ മുല്ലാക്കർ അതിനെതിരെ ശബ്ദമുയർത്തി. അത് മിർസാ മസ്റൂർ അഹ്മദും സദർ ഉമൂമി അയാസ് അഹ്മദും മറ്റും രണ്ടുപേരും കൂടിയാണെന്നാരോപിച്ചു. ഞങ്ങൾക്കെതിരിൽ പോലീസ് സ്റ്റേഷനിൽ കേസ് റജിസ്റ്റർ ചെയ്തു. ഞങ്ങൾക്കെതിരിൽ അവർ കേസെടുത്തിരുന്നത് സെക്ഷൻ 295c പ്രകാരമായിരുന്നു. അതിനുള്ള പരമാവധിശിക്ഷ തൂക്കിക്കൊല്ലലായിരുന്നു.

ഇത് കേട്ടശേഷം റബ്വയിലെ ഞങ്ങളുടെ സംഘടന സദർ അഞ്ചുമൻ അഹ്മദിയ്യ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഇ്(റ)ന്റെ അംഗീകാരത്തോടും കല്പനയോടുംകൂടി എഫ്. ഐ. ആറിനെതിരിൽ ഹൈക്കോടതിയിൽ കേസ്സ് ഫയൽചെയ്തു. സമയത്ത് ഞാൻ കോടതിയിൽ ഹാജരായി. ഹൈക്കോടതി കേസ്സ് സെഷൻ കോടതിയിലേക്ക് തന്നെ റഫർ ചെയ്തു. ഇത് ഹിയറിംഗിനും ജാമ്യത്തിനുമായിരുന്നു. ആദ്യം ജംഗിലും പിന്നീട് ചിനോട്ടിലുമായിരുന്നു. അവിടെ ഞങ്ങൾ നാലോ അഞ്ചോ തവണ ഹാജരായി. അവസാന വാദങ്ങളും കേട്ടശേഷം ന്യായാധിപൻ കുറ്റകരമായ ഒരു വിധി പുറപ്പെടുവിച്ചു. ഞങ്ങൾ കുറ്റക്കാരാണെന്നും അതിനാൽ ജയിലിലടക്കണമെന്നുമായിരുന്നു വിധി. സാധാരണഗതിയിൽ നിങ്ങൾ കോടതിയിലേക്ക് പോകുമ്പോൾ ആ സമയത്ത് നിങ്ങൾ പോലീസിനെ കാണില്ല. എന്നാൽ ആ സമയം എല്ലാം മുൻകൂട്ടി നിശ്ചയിച്ച പദ്ധതിയായിരുന്നു. കോടതിയുടെ തീരുമാനത്തിനുമുമ്പുതന്നെ ഞങ്ങളെ പോലീസ് വലയം ചെയ്തിരുന്നതിനാൽ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് ഞങ്ങൾക്കറിയാമായിരുന്നു. ഞങ്ങളുടെ രണ്ടു സുഹൃത്തുക്കൾ മാസ്റ്റർ മുഹമ്മദ് ഹുസൈനും ഒരു കുട്ടിയായ മുഹമ്മദ് അക്ബറും കുറ്റം ചുമത്തപ്പെട്ടവരിൽപ്പെട്ടിരുന്നു. പോലീസ് ഇൻസ്പെക്ടർ മുന്നോട്ടുവന്ന് അവരുടെ കൈകളിൽ ആമം വെച്ചു. ഇതു കണ്ടപ്പോൾ ഞാൻ എന്റെ കൈ ആമം വെക്കാൻ നീട്ടിക്കൊണ്ട് പറഞ്ഞു ഓകെ. അദ്ദേഹം ക്ഷുഭിതനും ലജ്ജിതനുമായി ഇല്ല, ഇല്ല ഇവർ രണ്ടുപേരെ അല്ലാതെ നിങ്ങളെ ആമം വെക്കാൻ പറഞ്ഞിട്ടില്ല. ഇവരോടൊപ്പം നിങ്ങളെ ഞങ്ങൾ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകും. അങ്ങനെ ഞങ്ങളെ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി. അതൊരു വെള്ളിയാഴ്ച ദിവസമായിരുന്നു. ജുമുഅക്ക് ഇമാമത്ത് നിന്ന വ്യക്തി മസ്ജിദ് അഖ്സയിൽ കേസ്സിനെക്കുറിച്ചും ഞങ്ങളെ അറസ്റ്റു ചെയ്ത കാര്യവും പ്രഖ്യാപിച്ചു. ജുമാ നമസ്ക്കാരത്തിന്ശേഷം റബ്വയിലുള്ള മിക്കവാറും എല്ലാവരും പോലീസ് സ്റ്റേഷനിലേക്ക് കുതിച്ചു. റബ്വയിലെ ആളുകളെ എല്ലായിടത്തും ഞങ്ങൾക്ക് കാണാൻ സാധിച്ചു. പുരുഷന്മാരും, സ്ത്രീകളും കുട്ടികളും എല്ലാം പോലീസ് സ്റ്റേഷനു ചുറ്റുമുണ്ടായിരുന്നു.

ഞങ്ങളെ ജംഗിലെ ജയിലിലേക്ക് കൊണ്ടുപോയി. ജയിൽ ഓഫീസറോ മറ്റേതോ ജീവനക്കാരനോ ഞങ്ങളെ പട്ടാളത്താവളത്തിലേക്ക് കൊണ്ടുപോയി. ഞങ്ങളവിടെ പ്രവേശിച്ചപ്പോൾ പല സെക്ഷനുകൾ പ്രകാരം ശിക്ഷിക്കപ്പെട്ട നിരവധി ആളുകൾ അവിടെയുണ്ടായിരുന്നു. അവിടെയുണ്ടായിരുന്ന അനേകം ആളുകൾ സെക്ഷൻ 302 പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ടവരായിരുന്നു. അതായത് ആരെയെങ്കിലും വധിച്ചതിന് അറസ്റ്റ് ചെയ്യപ്പെട്ടവരായിരുന്നു അവരിൽ അധികപേരും ഘാതകരും ലഷ്ക്കറെ ത്വയ്യിബായിലെ അംഗങ്ങളുമായിരുന്നു. ഞങ്ങളുടെ മുഖങ്ങളിൽ നിന്നും ആകാരത്തിലും അവരെപ്പോലെയുള്ളവരും അവരിൽപ്പെട്ടവരുമല്ലെന്ന് അവർ മനസ്സിലാക്കി. ഞങ്ങൾ ബനിയനും ട്രൗസറും ധരിച്ചിട്ടുണ്ടായിരുന്നു. ഞങ്ങൾ വളരെ പ്രശസ്തരാണെന്ന് അവർക്ക് മനസ്സിലായി. ഞങ്ങൾ അകത്തേക്ക് കടന്നപ്പോൾ അവരെക്കുറിച്ച് പഠിക്കാനും പരിശോധന നടക്കാനും അയക്കപ്പെട്ട സർക്കാർ അധികൃതരോ ഇന്റലിജൻസ് വകുപ്പിലെ ആളുകളോ ആണെന്ന് അവർ വിചാരിച്ചു. പിന്നീട് ഞങ്ങൾ അഹ്മദികളാണെന്ന് അവർ അറിഞ്ഞപ്പോൾ ഞങ്ങളുടെ പേരിൽ ചുമത്തപ്പെട്ട കുറ്റവും അവരിൽ ചിലർക്ക് ഞങ്ങളോട് വളരെ സഹതാപത്തിനിടയാക്കി. ലഷ്ക്കറെ ത്വയ്യിബയിലെ അംഗങ്ങൾ ഈ നാലു അഹ്മദികളോട് എന്താണ് ചെയ്യാൻ കഴിയുക എന്ന് ആസൂത്രണം ചെയ്യാൻ ആരംഭിച്ചു.



ഹദ്റത്ത് മിർസാ ഖുർശിദ് അഹ്മദ് സാഹിബും
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബും




ഈ പട്ടാളത്താവളം വെറും 40 പേർക്ക് വേണ്ടിയുള്ളതായിരുന്നു. പക്ഷേ, ഇപ്പോൾതന്നെ അവിടെ 200 പേരുണ്ടായിരുന്നു. ഞങ്ങൾക്ക് ഇരിക്കാൻ പോലും സ്ഥലം കണ്ടെത്താനായില്ല. ചിലർ ഞങ്ങൾക്ക് പായ തന്ന് അതിൽ ഇരുന്നുകൊള്ളാൻ വളരെ വിനയത്തോടെ പറഞ്ഞു. കുറച്ചു സമയം ഞങ്ങൾ അവിടെ ഇരുന്നു. അവിടെ വെച്ച് ഉച്ചഭക്ഷണം കഴിച്ചു. രാത്രി മുഴുവൻ അവിടെയാണ് കഴിച്ചുകൂട്ടേണ്ടതെന്ന് ഞങ്ങൾക്ക് മനസ്സിലായി. പക്ഷേ, ഞങ്ങൾക്ക് അവിടെ ഉറങ്ങാൻ സാധിച്ചില്ല. ഞങ്ങൾ തമ്മിൽ ചർച്ച ചെയ്തു. സദർ ഉമൂമി കേണൽ അയാസ് ഖാൻ, ഞങ്ങൾക്ക് അവിടെയുള്ളവരോടൊപ്പം നില്ക്കാൻ സാധ്യമല്ലെന്നും രാത്രിയിൽ ഞങ്ങളെ ഉപദ്രവിക്കാൻ അവരിൽ ചിലർ ഗൂഢാലോചന നടത്തുന്നതായി മനസ്സിലാകുന്നുവെന്നും ജയിലധികൃതരെ അറിയിക്കാൻ സമ്മതിച്ചു. ഞങ്ങളെ വധിക്കാൻ പോലും അവർ മടിക്കില്ല എന്ന് ഞങ്ങൾ സംശയിച്ചു. പാകിസ്താൻ ജയിലിൽ ആയുധങ്ങളോ മൂർച്ചയുള്ള ഉപകരണങ്ങളോ ഉപയോഗിക്കാൻ അനുവദിക്കപ്പെട്ടിരുന്നില്ല. മൂർച്ചയുള്ള കത്തി എങ്ങനെ ഉണ്ടാക്കാം എന്ന് ഞാൻ അവിടെവെച്ച് മനസ്സിലാക്കി. സ്പൂണിന്റെ വക്ക് മൂർച്ചയാക്കി അത് കത്തിയായി ഉപയോഗിച്ചിരുന്നു.

വൈകുന്നേരം ആറു മണിയായപ്പോൾ, ഞങ്ങളെ രാത്രി അവിടെത്തന്നെ നിർത്തിയാൽ വേറെ ചില പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് ജയിൽ സൂപ്രണ്ടിന് മനസ്സിലായി. അതിനാൽ അവർ ഏർപ്പാടുകൾ ചെയ്തു. ആ താവളത്തിൽതന്നെ നിന്നുകൊള്ളാൻ അനുവദിച്ചു. ബാക്കിയുള്ളവരെ മുഴുവൻ വേറെ തന്നെ ബാരക്കുകളിലേക്ക് കൊണ്ടുപോയി. മറ്റുള്ളവർ ഞങ്ങളോട് വളരെയധികം കോപം പ്രകടിപ്പിച്ചു. അവരെല്ലാം ജംഗ് സിറ്റിക്ക് ചുറ്റുമുള്ള ഗ്രാമീണരായിരുന്നു. ജില്ലയുടെ മറ്റുപല സ്ഥലങ്ങളിൽ നിന്നുള്ളവരുമുണ്ടായിരുന്നു. അവർ കൊടും കുറ്റവാളികളായിരുന്നു.അതിനാൽ കുറ്റവാളികളോടൊത്ത് കുറച്ചു മണിക്കൂറുകൾ ഞങ്ങൾ ചെലവഴിച്ചു. അവരിൽ ചിലർ മൂന്നുപേരെ വധിച്ചവരായിരുന്നു. ഒരാൾ തന്റെ സഹോദരിയെ വധിച്ചിരുന്നു. വേറെ ചിലർ മറ്റുചില ദുഷ്കൃത്യങ്ങളിലേർപ്പെട്ടവരായിരുന്നു. ചിലർ കവർച്ച നടത്തിയവരായിരുന്നു.

ഏതായാലും കുറഞ്ഞ മണിക്കൂറുകൾ അവരോടൊത്ത് ചെലവഴിച്ചത് വളരെ നല്ല അനുഭവമായിരുന്നു. അവിടെ അവർ എങ്ങനെയാണ് കത്തിയുണ്ടാക്കുന്നതെന്നും ജയിലിൽ എങ്ങനെയാണ് അവർ ആക്രമണം നടത്തുന്നതെന്നും എനിക്കറിയാൻ സാധിച്ചു. ഞങ്ങൾ വർത്തമാന പത്രങ്ങൾ വായിക്കുമ്പോൾ ജയിലിലെ രണ്ടു ഗ്രൂപ്പുകൾ തമ്മിൽ ആക്രമണം നടത്തിയെന്നും ഓരോ ഗ്രൂപ്പിലും നിരവധി ആളുകൾ കൊല്ലപ്പെട്ടുവെന്നും അറിയാറുണ്ട്. ഇങ്ങനെ ആക്രമണം നടത്താൻ അവർക്ക് എങ്ങനെയാണ് സാധിക്കുന്നതെന്ന് മനസ്സിലാക്കാൻ പ്രയാസമായിരുന്നു.

9

# അതാണ് ജീവിതം!

ഹ. മുസ്‌ലിഹ് മൗഊദ്(റ)

ഇസ്‌ലാമിക ചരിത്രത്തിൽ എനിക്ക് വളരെ ഇഷ്ടമുള്ള ഒരു അധ്യായം ഒരു സ്പാനിഷ് ജർണലിന്റേതാണ്. അദ്ദേഹത്തിന്റെ പേര് അബ്ദുൽ അസീസ് എന്നാണെന്ന് തോന്നുന്നു. സ്പെയ്നിൽ മുസ്‌ലിംകളുടെ ശക്തി ദുർബലമാവുകയും അവരുടെ പക്കൽ ഒരു കോട്ട മാത്രം അവശേഷിക്കുകയും ചെയ്തു. ക്രിസ്ത്യാനികൾ, ചില നിബന്ധനകൾ വെക്കുകയും രക്ഷപ്പെടണമെങ്കിൽ അത് അംഗീകരിക്കണമെന്ന് മുസ്‌ലിംകളോട് ആവശ്യപ്പെടുകയുമുണ്ടായി. പക്ഷേ ആ നിബന്ധനകൾ അംഗീകരിച്ചുകൊണ്ട് ഇസ്‌ലാമിന് അന്തസോടെ സ്പെയ്നിൽ കഴിയാൻ സാധ്യമല്ലായിരുന്നു. അവിടെയുള്ള രാജാവ് ആ നിബന്ധനകൾ അംഗീകരിക്കാൻ തയ്യാറായി. മറ്റ് ജർണൽമാരും അത് അംഗീകരിച്ചു.

ജർണൽ അബ്ദുൽ അസീസ് അതിന്നെതിരെ എഴുന്നേറ്റുകൊണ്ട് പറഞ്ഞു: ജനങ്ങളെ നിങ്ങൾ എന്താണ് ചെയ്യുന്നത്? ഇവർ തങ്ങളുടെ വാഗ്ദാനങ്ങൾ പൂർത്തിയാക്കുമെന്ന് നിങ്ങൾക്ക് ഉറപ്പുണ്ടോ? നമ്മുടെ പൂർവ പിതാക്കൾ സ്പെയ്നിൽ ഇസ്‌ലാമിന്റെ വിത്ത് വിതച്ചു. ഇപ്പോൾ നിങ്ങൾ നിങ്ങളുടെ കൈകൾകൊണ്ട് ആ വൃക്ഷത്തെ മുറിച്ച് മാറ്റാൻ ഒരുമ്പെടുകയാണോ? ജനങ്ങൾ പറഞ്ഞത്, അതല്ലാതെ മറ്റൊന്ന് ചെയ്യാൻ കഴിയുമെന്നും ശത്രുക്കളെ വിജയപൂർവ്വം എതിർക്കാൻ വഴിയില്ലെന്നുമായിരുന്നു. ജർണൽ പറഞ്ഞു: ഇപ്പോൾ ശത്രുക്കളെ വിജയകരമായി എങ്ങിനെ നേരിടാമെന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ല. അതേകുറിച്ച് ചിന്തിക്കേണ്ട ആവശ്യവുമില്ല. നമുക്ക് നമ്മുടെ ഉത്തരവാദിത്വം നിറവേറ്റേണ്ടിയിരിക്കുന്നു. നമ്മളിൽ ഓരോരുത്തരും മരിക്കണം. ഇവരുടെ നിബന്ധനകൾ അംഗീകരിക്കരുത്. അങ്ങനെ ശത്രുക്കൾക്ക് നമ്മുടെ കൈകൾകൊണ്ട് ഭരണം കൈമാറുന്ന നിന്ദ്യത നമുക്ക് ഉണ്ടാകുന്നതല്ല. നിങ്ങളുടെ കഴിവിൽപെട്ടതെല്ലാം നിങ്ങൾ ചെയ്യുക. ബാക്കിയെല്ലാം അല്ലാഹുവിൽ ഭാരമേൽപ്പിക്കണം.

ഇതുകേട്ട ജനങ്ങൾ, അതൊക്കെ ചിരിച്ച് തള്ളുകയാണുണ്ടായത്. അവർ ചോദിച്ചത്, ഇത്തരം ത്യാഗം കൊണ്ട് എന്ത് പ്രയോജനമാണുള്ളതെന്നായിരുന്നു. അദ്ദേഹം പറഞ്ഞു : നിങ്ങൾ ആത്മാഭിമാനത്തെ നഷ്ടപ്പെടുത്തുന്നുവെങ്കിൽ ആയിക്കോട്ടെ, പക്ഷേ ഞാൻ എന്റെ കൈ കൊണ്ട് ഇസ്‌ലാമിക പതാകയെ ശത്രുക്കൾക്ക് നൽകുന്നതല്ല.

ഏകദേശം ഒരു ലക്ഷത്തോളം വരുന്ന സൈന്യം കോട്ടക്ക് പുറത്തുണ്ടായിരുന്നു. അദ്ദേഹം ഒറ്റക്ക് വാളുയർത്തി പുറത്തേക്കിറങ്ങി ശത്രുക്കളെ നേരിട്ടു... അങ്ങിനെ പൊരുതി പൊരുതി ശഹീദായി.

അദ്ദേഹം ശഹീദായിട്ടും, സ്പെയ്നിൽ ഇസ്‌ലാമിക ഭരണം നിലനിന്നില്ല എന്നത് ശരിതന്നെ. പക്ഷേ അദ്ദേഹത്തിന്റെ നാമം എന്നന്നേക്കും അനശ്വരമായി മാറി. മരണത്തിന് അതിനെ ഇല്ലാതാക്കാൻ കഴിഞ്ഞില്ല.

രാജാവും ജർണൽമാരും അദ്ദേഹത്തിന്റെ അഭിപ്രായത്തെ സ്വീകരിക്കാതെ സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിച്ചവരായിരുന്നു. അവരെല്ലാം തുടച്ച് മാറ്റപ്പെട്ടിരിക്കുന്നു. അവരെക്കുറിച്ച് വായിക്കുമ്പോൾ കേൾക്കുമ്പോൾ നമ്മുടെ ഉള്ളിൽ നിന്ന് ഉയരുന്ന ശക്തിയായ ശാപങ്ങളെ നാം സ്വയം നിയന്ത്രിക്കുകയാണ് ചെയ്യുന്നത്.

എന്നാൽ സ്പെയ്ൻ ചരിത്രം വായിക്കുമ്പോൾ, അല്ലെങ്കിൽ ഇക്കാര്യങ്ങൾ സ്മൃതിപഥത്തിൽ എത്തുമ്പോൾ ആ ജർണലിന് വേണ്ടി ദുഃആകളാണ് ഉയരുന്നത്. അദ്ദേഹത്തിന്റെ ഓരോ തുള്ളി രക്തവും സ്പെയ്നിലെ താഴ്‌വാരങ്ങളിൽ നിന്ന് നമ്മെ വിളിക്കുന്നു: വരൂ, എന്റെ രക്തത്തിന് പകരം ചോദിക്കൂ!

ഒരു ജർണൽ മരിച്ചിരിക്കുന്നു. എന്താണ് മരണം? സാധാരണ ജനങ്ങളും മരിക്കാറില്ലേ? അന്നത്തെ രാജാവും ജർണൽമാരും ശത്രുക്കളോട് പൊരുതാനില്ലായിരുന്നെങ്കിലും മരിച്ചില്ലേ! അവരും മരിച്ച് പോയിരുന്നു. അവർക്ക്‌വേണ്ടി ഹൃദയങ്ങളിൽ നിന്ന് ശാപമാണ് ഉയരുന്നത്. എന്നാൽ ഈ ജർണലിന് വേണ്ടി പ്രാർഥനകളും!

(പ്രഭാഷണം 1944 ഏപ്രിൽ 7)



## ദഅ്‌വത്തെ ഇലല്ലാഹ്

സഗീർ എച്ച്.എസ്

ഞാൻ അവിടെ എത്തിയപ്പോൾ മൂർച്ചയുള്ള കത്തികൾ എങ്ങനെയാണ് രൂപപ്പെടുത്തുന്നതെന്നും ആക്രമണം നടത്തുന്നതെങ്ങനെയെന്നും മനസ്സിലായി.

ഒരു രാത്രി ഞങ്ങളവിടെ കഴിച്ചുകൂട്ടി. പിറ്റേ ദിവസം അവർ ദിനകൃത്യങ്ങൾ നടത്താൻ ഏർപ്പാടു ചെയ്തു. കുളിക്കാനും മറ്റും നല്ല ശുദ്ധമായ വെള്ളം നല്കി. നിങ്ങളിവിടെ കാണുന്നവിധം അത്ര നല്ലതായിരുന്നില്ല. എന്നാൽ ജയിലുകളിൽ നൽകപ്പെടുന്ന സൗകര്യങ്ങളുടെ മാനദണ്ഡ പ്രകാരം ഏറ്റവും നല്ലതായിരുന്നു. അങ്ങനെ ചില രാത്രികൾ അവിടെ കഴിച്ചുകൂട്ടി, പത്തു രാത്രികൾ. ആളുകൾ അതേക്കുറിച്ച് വളരെ അസ്വസ്ഥരായിരുന്നു. ഏകദേശം ഏഴെട്ട് രാത്രികൾ കഴിഞ്ഞപ്പോൾ അതിനിയും നീട്ടിക്കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നതായി ഞാനറിഞ്ഞു. ഞങ്ങളുടെ കേസ്സ് സെക്ഷൻ 295c പ്രകാരമായിരുന്നു. ഞങ്ങളെ മോചിതരാക്കിയാൽ വേറെയേതെങ്കിലും സെക്ഷൻ ഉപയോഗിക്കപ്പെടും. അത് നീക്കിക്കഴിഞ്ഞാൽ വേറെ സെക്ഷൻ പ്രാബല്യത്തിൽ വരും. ഈ വ്യക്തിയെ അങ്ങനെ പോകാൻ അനുവദിക്കരുതെന്ന കാര്യത്തിൽ മുല്ലാക്കൾ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു. ഏഴെട്ടു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഈ കേസ്സ് തീർപ്പാക്കാൻ കുറച്ചുസമയം കൂടി വേണ്ടിവരും എന്നതിനാൽ മറ്റാരെയെങ്കിലും നാസിർ ആലാ ആയി നിയമിക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന് കത്തയച്ചു. അങ്ങനെ അഞ്ചുമൻ അഹ്മദിയ്യയുടെ കാര്യങ്ങൾ നിർവിഘ്നം നടക്കട്ടെ എന്ന് ഞാൻ കരുതി. അദ്ദേഹം ഇങ്ങനെ മറുപടി നല്കി. ഇല്ല, താങ്കൾ തന്നെ നാസിർ ആലാ ആയി തുടരും. ജയിലധികൃതർ വളരെ ഔദാര്യം കാണിച്ചു എന്ന് ഞാൻ പറയട്ടെ. ചുരുങ്ങിയത്, ചെക്കുകളിൽ ഒപ്പിടാൻ അവർ എന്നെ അനുവദിച്ചു. മറ്റു കാര്യങ്ങൾ ഞാൻ നിയമിച്ച ആക്ടിംഗ് നാസിർ ആല നോക്കിനടത്തി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് (റഹ്) ൽ നിന്ന് ഇങ്ങനെ മറുപടി ലഭിച്ചപ്പോൾ ഈ കേസ്സ് ഉടനെ തീർപ്പാവാനാണ് അല്ലാഹു ഇച്ഛിക്കുന്നതെന്നും വളരെയധികം നീണ്ടുപോകുകയില്ലെന്നും ഞാൻ വിചാരിച്ചു. എന്റെ കൂട്ടുകാരായ മറ്റുള്ളവർ കണ്ട സ്വപ്നങ്ങളുടെ വ്യാഖ്യാനം ഞങ്ങൾ ഉടനെ വിട്ടയക്കപ്പെടുമെന്നതാണെന്ന് ഞാൻ മനസ്സിലാക്കി. 11 ദിവസം കഴിഞ്ഞപ്പോൾ ഞങ്ങളിൽ രണ്ടുപേരെ വിട്ടയച്ചു. കുറ്റത്തിന്റെ കാഠിന്യം കാണിക്കാൻ കേസ്സ് തയ്യാറാക്കിയത്, എന്റെ സ്നേഹിതനായിരുന്നുവെന്നറിഞ്ഞാൽ നിങ്ങൾ അത്ഭുതപ്പെടും. അല്ലെങ്കിൽ അദ്ദേഹം എന്റെ സ്നേഹിതനാണെന്ന് നടിക്കുകയായിരുന്നു. എനിക്കദ്ദേഹത്തെ നല്ലപോലെ അറിയാമായിരുന്നു. ഏതായാലും കേസ്സിന്റെ ഗൗരവം അറിയില്ലായിരുന്നു. പിന്നെ ഞങ്ങളെ അഴിക്കുള്ളിൽ കണ്ടപ്പോൾ അദ്ദേഹം വീണ്ടും റിപ്പോർട്ട് തയ്യാറാക്കി.താൻ മറ്റുചില തെളിവുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ഇവർ കുറ്റവാളികളല്ലെന്നും അദ്ദേ ഹം റിപ്പോർട്ടിൽ പറഞ്ഞു. അധികൃതർ മുല്ലാക്കളെ ഭയന്നിരുന്നു. കേസ്സ് അവസാനിപ്പിക്കാൻ പോകുകയാണെന്ന കാര്യം അവർ അറിഞ്ഞിരുന്നില്ല. പക്ഷെ, അവരത് ചെയ്തു. കേസ്സ് ഇപ്പോഴും നിലവിലുണ്ടെന്നാണ് അവർ വിശ്വസിക്കുന്നത്. ഇതാണ് കഥയുടെ ചുരുക്കം. ജയിലിൽ എന്റെ സഹചാരിയായ ഒരാൾ പത്തുദിവസത്തെ മുഴുവൻ റിപ്പോർട്ടും എഴുതിയിട്ടുണ്ട്. ഞങ്ങൾ 10 ദിവസം എന്താണവിടെ ചെയ്തിരുന്നതെന്നും എങ്ങനെയാണ് അത് ചെയ്തതെന്നും അതിലുണ്ട്. അതിന്റെ ഒരു കോപ്പി ഇവിടെയുണ്ട്. അത് പ്രൈവറ്റ് സെക്രട്ടറി സാഹിബിന് കൊടുത്തിട്ടുണ്ട്. അതും ഒരു നല്ല കഥയാണ്.

**പ്രതിനിധി :– ആരായിരുന്നു ആ സമയത്തെ ആക്ടിംഗ് അമീർ ?**

ഹുസൂർ : - മിർസാ ഖുർശിദ് അഹ്മദ് സാഹിബ്.

**പ്രതിനിധി :– മജ്‌ലിസ് അൻസാറുല്ലായിൽ അങ്ങയുടെ പങ്കെന്തായിരുന്നുവെന്ന് ദയവായി പറയാമോ?**

ഹുസൂർ :- എന്റെ പങ്ക്, ഞാൻ ഖാഇദ് വഖഫെ ജദീദ് പിന്നെ ഖാഇദ് തഅ്ലീമുൽ ഖുർആൻ. നിങ്ങൾ ഖുദ്ദാമുൽ അഹ്മദിയ്യയാണ്. പിന്നെ മജ്‌ലിസ് അൻസാറുല്ലായെക്കുറിച്ച് ചോദിക്കുന്നതെന്തിനാണ്?

**അടുത്ത ലക്കത്തിൽ**
**ആഫ്രിക്കൻ ജീവിതം**

## സൽസന്താനങ്ങൾ

**ഹദ്റത് അഹ്മദ്(അ) പറയുന്നു** : മക്കളുണ്ടാകണമെന്ന ആഗ്രഹം, അവർ ദീനുള്ളവരും, മുത്തഖീംകളും, അല്ലാഹുവിനെ അനുസരിക്കുന്നവരും, അവന്റെ ദീനിന്റെ സേവകരും ആകണമെന്ന ഉദ്ദേശ്യത്തോടെയല്ലെങ്കിൽ അത് ഒരുതരം പാപവും തിന്മയുമാണ്. അതിനെ ബാഖിയാത്തുസ്സ്വാലിഹാത്ത് (നന്മയുടെ ബാക്കി) എന്ന് പറയുന്നതിനു പകരം ബാഖിയാത്തുസ്സയ്യിആത്ത് (തിന്മയുടെ അവശേഷിപ്പ്) എന്ന് പറയുകയാണ് നല്ലത്.

താൻ സ്വാലിഹും, ദൈവഭയമുള്ളവരും, ദീനീ സേവകരുമായ മക്കളെയാണ് ആഗ്രഹിക്കുന്നതെന്ന് പറയുന്നവൻ, തന്റെ സ്വന്തം അവസ്ഥയിൽ പരിഷ്കരണം വരുത്തുന്നില്ലെങ്കിൽ അത് വെറും നിരർഥകവാദം മാത്രമായിരിക്കും.

സ്വയം തിന്മയിലും തെറ്റിലും ജീവിതം നീക്കുകയും, വായകൊണ്ട് സ്വാലിഹും മുത്തഖിയുമായ മക്കളെ വേണമെന്ന് ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യുന്നവൻ, തന്റെ വാദത്തിൽ കള്ളനാണ്.


സ്വാലിഹും മുത്തഖിയും ആയ മക്കളെ ആഗ്രഹിക്കുന്നതിനു മുമ്പേ തന്റെ സ്വന്തം അവസ്ഥയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. തന്റെ ജീവിതത്തെ മുത്തഖിയായ ജീവിതമാക്കേണ്ടതാണ്. അപ്പോൾ മാത്രമേ അയാളുടെ ആഗ്രഹം ഫലദായമാകുകയുള്ളൂ. അത്തരം മക്കൾ യഥാർഥത്തിൽ ബാഖിയാത്തുസ്സ്വാലിഹാത്ത് എന്ന് പറയപ്പെടാൻ യോഗ്യരായിരിക്കും.

ഈ ആഗ്രഹം, തങ്ങളുടെ പേര് ബാക്കിയാവണമെന്നും, തങ്ങളുടെ സ്വത്തിന് അവകാശിയാകണമെന്നും, അല്ലെങ്കിൽ പേരും പ്രസിദ്ധിയും നേടണമെന്നും ആണെങ്കിൽ അത്, എന്റെ വീക്ഷണത്തിൽ ശിർക്കാണ്

( മൽഫൂസാത്ത് - ഭാഗം: 2)

## പുണ്യാത്മാക്കൾ

# ഹദ്റത് ഖാൻ സാഹിബ് ദുൽഫിഖാർ അലി ഖാൻ സാഹിബ് ഗോഹർ റാം പൂരി.



ജനനം : 1869 ആഗസ്റ്റ്, ഉത്തർ പ്രദേശിൽ മൊറാദാബാദ് ജില്ലയിലെ റാംപൂരിൽ
ബയ്അത്ത് : 1900 ഡിസംബർ
വഫാത്ത് : 1954 ഫെബ്രുവരി 26 (റബ്വയിലെ ബഹിശ്തി മഖ്ബറയിൽ അന്ത്യവിശ്രമം)

- 1888-ൽ ഗോരഖ്പൂരിൽ നിന്നുള്ള റിയാസുൽ അഖ്ബാർ എന്ന പത്രത്തിൽ, ഹ. മസീഹ് മൗഊദ്(അ) അലക്സാണ്ടർ റസൽവെബ് (ഫിലിപ്പൈനിലെ അമേരിക്കൻ സ്ഥാനപതി) നയച്ച ഒരു കത്ത് പ്രസിദ്ധീകരിച്ചിരുന്നു. അതിലൂടെയാണ് ഖാൻസാഹിബിന് ഹ. മസീഹ് മൗഊദ്(അ)നെ കുറിച്ച് അറിവ് കിട്ടിയത്.
- 1900-ൽ ഹുസൂർ(അ)ന്റെ ഇസാലയെ ഔഹാം എന്ന പുസ്തകം വായിച്ച ഉടനെ ബയ്അത്ത് ചെയ്തുകൊണ്ട് കത്തയച്ചു.
- 1904-ൽ ഗുരുദാസ്പൂരിൽ വെച്ചാണ് ഹുസൂർ(അ)നെ ആദ്യമായി കാണുന്നത്.
- അന്ന് അദ്ദേഹം ഡപ്യൂട്ടി തഹ്സീർദാർ ആയിരുന്നു.
- 1920-ൽ ഖാദിയാനിൽ സ്ഥിരതാമസമാക്കി.
- ജമാഅത്തിൽ ഒട്ടനവധി ഉന്നത സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.
- 1918-ഹ. ഖലീഫത്തുൽ മസീഹ് സാനി(റ) കഠിനമായി രോഗാതുരനായപ്പോൾ ഉണ്ടാക്കിയ ഖിലാഫത്ത് കമ്മിറ്റിയിൽ മൗലാനാ ദുൽഫിഖാർ അലി സാഹിബ് അംഗമായിരുന്നു.
- ആദ്യകാലത്ത് നാസിർ ഉമൂർ ആയി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.
- 1924-ൽ ഹ. ഖലീഫത്തുൽ മസീഹ് സാനി(റ) യൂറോപ്പിലേക്ക് പോയപ്പോൾ ഇദ്ദേഹവും സംഘത്തിൽ ഉണ്ടായിരുന്നു.
- ഇന്ത്യൻ രാഷ്ട്രീയത്തിൽ ഏറെ പ്രശോഭിതരായ അലി സഹോദരന്മാരുടെ ജ്യേഷ്ഠനായ മൗലാനാ ദുൽഫിഖാർ അലി സാഹിബിനോട് ഒരിക്കൽ ഒരാൾ ചോദിച്ചു.

നിങ്ങളുടെ ചെറിയ സഹോദരന്മാർ രണ്ടുപേരും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടുന്നു. താങ്കൾ എന്തുകൊണ്ട് അങ്ങനെ ചെയ്യുന്നില്ല?

- മൗലാനാ സാഹിബ് പറഞ്ഞു: ഞാൻ മൂത്ത സഹോദരനായതുകൊണ്ട് എന്റെ ജോലിയും വലുതാണ്.
- ചോദ്യകർത്താവ് അത്ഭുതത്തോടെ ചോദിച്ചു : എന്ത് ജോലി
- മൗലാനാ സാഹിബ് പറഞ്ഞു: ഞാൻ മുഴുവൻ ലോകത്തേയും ശയ്ത്വാന്റെ അടിമത്വത്തിൽനിന്നും മോചിപ്പിക്കാനുള്ള പ്രസ്ഥാനത്തിലെ എളിയ സേവകനാണ്, അതായത് അഹ്മദിയ്യാ പ്രസ്ഥാനത്തിലെ.

---

## നമുക്ക് താരതമ്യം ചെയ്യാം

ആഫ്താബ്

قِيْلَ لَهَا ادْخُلِي الصَّرْحَ ۚ فَلَمَّا رَاَتْهُ حَسِبَتْهُ لُجَّةً وَّكَشَفَتْ عَنْ سَاقَيْهَا ۚ
قَالَ اِنَّهٗ صَرْحٌ مُّمَرَّدٌ مِّنْ قَوَارِيْرَ ۗ قَالَتْ رَبِّ اِنِّيْ ظَلَمْتُ نَفْسِيْ
وَاَسْلَمْتُ مَعَ سُلَيْمٰنَ لِلّٰهِ رَبِّ الْعٰلَمِيْنَ (27:45)

# കണങ്കാൽ കാണാനുള്ള തത്രപ്പാട്

### ജമാഅത്തെ ഇസ്‌ലാമി

അവളോടു പറയപ്പെട്ടു : (കൊട്ടാരത്തിൽ പ്രവേശിക്കുക അവൾ അത് കണ്ടപ്പോൾ തടാകമാണെന്ന് കരുതുകയും തന്റെ കണങ്കാലിൽ നിന്ന് പുടവ പൊക്കുകയും ചെയ്തു. സുലൈമാൻ പറഞ്ഞു : ഇത് തിളങ്ങുന്ന സ്ഫടികമണ്ഡപമാകുന്നു. അവർ വിളിച്ചു പറഞ്ഞു: എന്റെ റബ്ബേ, (ഇന്നേവരെ) ഞാൻ എന്നോട് തന്നെ അധർമം പ്രവർത്തിച്ചുകൊണ്ടിരുന്നു. ഇന്ന് ഞാൻ സുലൈമാന്റെ കൂടെ, സർവലോക നാഥനായ അല്ലാഹുവിന് സ്വയം സമർപ്പിച്ചിരിക്കുന്നു. (ഖുർആൻഭാഷ്യം : പേജ് : 498, By മൗലവി മൗദൂദി, ഐ.പി.എച്ച് പ്രസിദ്ധീകരണം, Feb 2010)

### സഊദി അറേബ്യ

കൊട്ടാരത്തിൽ പ്രവേശിക്കുക എന്ന് അവരോട് പറയപ്പെട്ടു. എന്നാൽ അവളതുകണ്ടപ്പോൾ അതൊരു ജലാശയമാണെന്ന് വിചാരിക്കുകയും, തന്റെ കണങ്കാലുകളിൽ നിന്ന് വസ്ത്രം മേലോട്ടു നീക്കുകയും ചെയ്തു. (വിശുദ്ധ ഖുർആൻ സമ്പൂർണ മലയാള പരിഭാഷ പേജ് : 557, പ്രസാധനം : മലിക് ഫഹദ് ഖുർആൻ പ്രിന്റിംഗ് പ്രസ്സ്, സഊദിഅറേബ്യ)

### മുജാഹിദ്

കൊട്ടാരത്തിൽ പ്രവേശിച്ചുകൊള്ളുക എന്ന് അവളോട് പറയപ്പെട്ടു. എന്നിട്ട് അവളതു കണ്ടപ്പോൾ അതൊരു ജലാശയമാണെന്ന് അവൾ കണക്കാക്കുകയും അവളുടെ ഇരുകാലുകളിൽ നിന്നും (വസ്ത്രംപൊക്കി) നീക്കുകയും ചെയ്തു. (വിശുദ്ധ ഖുർആൻ വിവരണം ഭാഗം : 3, പേജ് : 2373 by അമാനി മൗലവി, പ്രസാധനം : കേരള നദ്‌വത്തുൽ മുജാഹിദീൻ, കോഴിക്കോട്, 1996)

### അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

കൊട്ടാരത്തിൽ പ്രവേശിക്കുക എന്ന് അവളോട് പറയപ്പെട്ടു. അങ്ങനെ അവളത് കണ്ടപ്പോൾ അത് ആഴമുള്ള ഒരു ജലസംഭരണിയാണെന്ന് അവൾ ധരിച്ചു. അവൾ പരിഭ്രമിച്ചു. അപ്പോൾ സുലൈമാൻ പറഞ്ഞു. ഇത് മിനുസമുള്ള സ്ഫടികംകൊണ്ട് നിർമിച്ച കൊട്ടാരമാണ്. അവൾ പറഞ്ഞു : എന്റെ നാഥാ! ഞാൻ സ്വയം എന്നോടുതന്നെ അധർമം പ്രവർത്തിച്ചുപോയി. സുലൈമാനോടൊപ്പം സർവലോകപരിപാലകനായ അല്ലാഹുവിന് ഞാൻ സ്വയം അർപണം ചെയ്തിരിക്കുന്നു. (വിശുദ്ധ ഖുർആൻ മലയാള പരിഭാഷ)

* **കശഫത് അൻ സാഖിൻ** എന്നതിന്റെ അർഥം അവൾ പരിഭ്രമിച്ചു എന്നാണ്. ഈ അർഥത്തിൽ ഈ പദം ഖുർആനിൽ വേറെയും പ്രയോഗിച്ചിട്ടുണ്ട്. (68:43)

* സുലൈമാൻ(അ) വെള്ളത്തിന്റെ മീതെ സ്ഫടികം പാകിക്കൊണ്ട് ചെയ്ത ഈ ഏർപാട് രാജ്ഞിയെ കാര്യം മനസ്സിലാക്കിക്കൊടുക്കുന്നതിന് സഹായകമായി. അവൾ തന്റെ തെറ്റ് മനസ്സിലാക്കി. സ്ഫടികത്തിന്റെ കീഴിൽ വെള്ളം ദൃശ്യമായതുപോലെ സൂര്യന്റെ പ്രകാശം അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. അതുകൊണ്ട് സൂര്യനെയല്ല ഏകദൈവമായ അല്ലാഹുവിനെയാണ് ആരാധിക്കേണ്ടതെന്നവൾ മനസ്സിലാക്കി.

---

# തിരുനബിയുടെ സ്വഹാബാക്കൾ

### ഹദ്റത് അഹ്മദ്(അ) പറയുന്നു :

തിന്മകളിൽ കളവ് പറയുക എന്നത് ഏറ്റവും എളുപ്പമുള്ളതും വേഗം ചെയ്യാവുന്നതുമായ കാര്യമാണ്. കാരണം വ്യഭിചരിക്കാനും,മോഷണം നടത്താനും മറ്റും ശക്തിയും,സമ്പത്തും,ധൈര്യവും,തന്റേടവും വേണം. എന്നാൽ കളവ് പറയാൻ ഇതൊന്നും വേണ്ട. വെറുതെ നാക്ക് ചലിപ്പിച്ചാൽ മതി. എന്നിട്ടും, നബി(സ)ന്റെ സ്വഹാബാക്കൾ കളവ് പറഞ്ഞതായി സ്ഥാപിക്കാൻ സാധ്യമല്ല. തിരുനബി (സ)ന്റെ സ്വഹാബാക്കളിൽ ആരും തന്നെ കളവ് പറഞ്ഞവരില്ല. (മൽഫൂസാത്ത് ഭാഗം : 1, പേജ്: 535)

വനിതാരംഗം
അബൂഅത്തിയ

# സ്നേഹാദരമായ ഉത്തരവാദിത്വം

ഹ.മുസ്ലിഹ് മൗഊദ് (റ) തന്റെ മൂന്നാമത്തെ സഹധർമിണിയായിരുന്ന ഹ.മർയം ബേഗം (റ) (ഉമ്മെത്വാഹിർ)യെ അവരുടെ വഫാത്തിനെ തുടർന്ന് അനുസ്മരിച്ചു കൊണ്ടെഴുതിയ ലേഖനത്തിൽ നിന്ന്.

......ഞാൻ ഇംഗ്ലണ്ടിൽ പോയപ്പോൾ അമത്തുൽ ഹയ് മർഹൂമ(ഹുസൂറിന്റെ രണ്ടാമത്തെ ഭാര്യ ഖലീഫ അവ്വൽ (റ) ന്റെ മകൾ)യും ഇവരും (ഉമ്മെ ത്വാഹിർ) മർയം ബേഗം തമ്മിൽ ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അതിൽ എനിക്ക് മർയമിനോടാണ് ദേഷ്യം തോന്നിയത്. പക്ഷേ തിരിച്ചുവന്നപ്പോൾ അമത്തുൽ ഹയ് മർഹൂമയുടെതാണ് കൂടുതൽ തെറ്റ് എന്ന് എനിക്ക് മനസ്സിലായി. ദേഷ്യം കാരണം യാത്രയുടെ ആദ്യ ദിവസങ്ങളിൽ ഞാൻ അവർക്ക് കത്തയച്ചില്ല. പക്ഷേ അൽഹംദുലില്ലാഹ്, അല്ലാഹു എനിക്ക് കാര്യങ്ങൾ വേഗം മനസ്സിലാക്കിതരുകയും അങ്ങിനെ കൂടുതൽ ബുദ്ധിമുട്ടുന്നതിൽ നിന്ന് അല്ലാഹു അവരെ രക്ഷിക്കുകയും ചെയ്തു. .............

ഇംഗ്ലണ്ട് യാത്രക്ക് ശേഷം ഞാൻ തിരിച്ചുവന്ന്, ഏതാനും ദിവസങ്ങൾക്കകം അമത്തുൽഹയ് മരണപ്പെട്ടു. അവരുടെ ചെറിയ മക്കളെ സംരക്ഷിക്കാൻ ഞാൻ ആരേയും കാണുന്നുണ്ടായിരുന്നില്ല. മറുഭാഗത്ത് അവർക്ക് വഫാത്ത് വേളയിൽ മക്കളുടെ സംരക്ഷണത്തെക്കുറിച്ചോർത്ത് ഏറെ വേവലാതിയായിരുന്നു. പ്രത്യേകിച്ച് അമത്തുൽ ഖയ്യൂമിനെ കുറിച്ച്, അവർ പറഞ്ഞിരുന്നത് (അമത്തു) റശീദിനെ വല്യുമ്മയാണ് പോറ്റുന്നത്. അവൾക്ക് എന്നെകുറിച്ച് ചിന്തയുണ്ടാവില്ല. ഖലീലിന് ഒരു മാസത്തെ പ്രായമേ ഉള്ളൂ. അവനും എന്നെക്കുറിച്ച് ഓർമ്മയുണ്ടാവില്ല. പക്ഷേ അമത്തുൽ ഖയ്യും വലുതായിരിക്കുന്നു. അവളുടെ അവസ്ഥ എന്താകും? അവർ കുട്ടികളെ മാറിമാറി നോക്കിക്കൊണ്ടിരുന്നു. എന്നിലേക്ക് നോക്കുന്നേ ഉണ്ടായിരുന്നില്ല. ഒരു പക്ഷേ, പുരുഷൻമാർക്ക് മക്കളുടെ സംരക്ഷണത്തെക്കുറിച്ച് എന്തറിയാൻ എന്ന ചിന്തയായിരിക്കും. ഞാൻ അവരെ തന്നെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. എന്തെങ്കിലും പറയണമെന്നുണ്ടെങ്കിലും മറ്റാളുകളുടെ സാന്നിധ്യത്തിൽ പറയാൻ എനിക്ക് മടി തോന്നി. അങ്ങിനെ ഒരു സന്ദർഭത്തിൽ ഒറ്റക്കായപ്പോൾ പറഞ്ഞു. അമത്തുൽഹയ്, നീ എന്തിനാണ് വിഷമിക്കുന്നത്, ഞാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ നിന്റെ മക്കളെ ഞാൻ ശ്രദ്ധിക്കുന്നതാണ്. ഇൻശാഅല്ലാഹ്, ഒരു ബുദ്ധിമുട്ടും ഉണ്ടാകുന്നതല്ല. ഞാൻ പറയാൻ പറഞ്ഞെങ്കിലും എന്തു ചെയ്യണമെന്ന് മനസിലാകുന്നുണ്ടായിരുന്നില്ല. അവസാനം അമത്തുൽഹയ് വഫാത്താകുന്നതിന്റെ തലേരാത്രി, ഞാൻ മർയമിനോട് പറഞ്ഞു. മർയം! എനിക്ക് മേൽ ഒരു ഭാരം വന്നിരിക്കുന്നു. നീ എന്നെ സഹായിക്കുമോ? (അല്ലാഹു ആയിരമായിരം അനുഗ്രഹങ്ങൾ അവരുടെ ആത്മാവിന് മേൽ ചൊരിയുമാറാകട്ടെ) അവർ ഉടൻ തന്നെ എന്നോട് പറഞ്ഞു, ഉവ്വ്, ഞാൻ അവരെ ശ്രദ്ധിക്കാം, ഉമ്മ മക്കളെ പോറ്റുന്നതുപോലെ ഞാൻ അവരെ പോറ്റുന്നതാണ്. അടുത്ത ദിവസം ഞാൻ റശീദിനേയും, ഖയൂമിനേയും കൊണ്ടുവന്ന് അവരെ ഏൽപ്പിച്ചു. ................

മർയം ആ മക്കളുടെ രോഗാവസ്ഥയിൽ ശുശ്രൂഷിച്ചത് പോലെ, അമ്മത്തുൽഹയ് ജീവിച്ചിരുപ്പുണ്ടെങ്കിൽ പോലും ശുശ്രൂഷിക്കുമെന്ന് പറയാൻ സാധ്യമല്ല. അല്ലാഹു അവരുടെ ആത്മാവിനെ തന്റെ മടിത്തട്ടിൽ എടുക്കുമാറാകട്ടെ ......

19 വയസ്സുള്ള പെൺകുട്ടി പെട്ടെന്ന് മൂന്ന് കുട്ടികളുടെ മാതൃസ്ഥാനത്തേക്ക് വരുക എന്നത് നിസ്സാര കാര്യമല്ല. പക്ഷേ, അവർ സന്തോഷത്തോടെ, ആവേശത്തോടെ ഈ ഭാരം ഏറ്റെടുത്തു. ആരും സഹായിക്കാനില്ലാത്തപ്പോൾ അവർ എന്റെ സഹായിയായി. എന്റെ വാഗ്ദാനത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് എനിക്ക് പൂർണ്ണമായും വിടുതൽ തരുകയും ചെയ്തു.

എന്റെ കണ്ണുകളിൽ അന്നത്തെ ആ രംഗം ഇന്നുമുണ്ട്. ഖയ്യൂമിനേയും റശീദിനേയും ഞാൻ അവരുടെ അടുത്ത് എത്തിച്ചപ്പോൾ, അവർ നിറകണ്ണുകളുമായി അവരെ നെഞ്ചോട് ചേർത്തുകൊണ്ട് പറഞ്ഞു. മക്കളേ, ഇനിമുതൽ ഞാനാണ് നിങ്ങളുടെ ഉമ്മ! ആ കുട്ടികളും അവരുടെ ചുമലിൽ തൂങ്ങി തേങ്ങുന്നുണ്ടായിരുന്നു. .....

ചരിത്രം
ഇഷ്

# സരോജിനി നായിഡുവിന്റെ മോചനത്തിന് അപ്പീൽ

കോൺഗ്രസ് നേതാവായിരുന്ന മിസിസ് സരോജിനി നായിഡുവിനെ സിവിൽ ലംഘനകുറ്റത്തിന് 9 മാസത്തേക്ക് ജയിലിലാക്കുകയുണ്ടായി. ഇതിൽ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ)1930 ജൂൺ 5 ന് ഇന്ത്യൻ വൈസ്രോയി ഇർവിൻ പ്രഭുവിന് വിശദമായ ഒരു കത്തയക്കുകയും മിസിസ് നായിഡുവിനെ എത്രയും വേഗം മോചിപ്പിക്കണമെന്ന് ശക്തിയായി അപ്പീൽ ചെയ്യുകയുണ്ടായി.



നിയമലംഘനം ഞാൻ ഒരു നിലക്കും ശരിയാണെന്ന് കരുതുന്നില്ല. എന്റെ അഭിപ്രായത്തിൽ രാഷ്ട്രീയ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീകൾക്ക് ജയിൽ വിധിക്കുന്നത് വളരെ നിർബന്ധമുള്ള സാഹചര്യത്തിൽ മാത്രമായിരിക്കണം. പ്രത്യേകിച്ചും മിസിസ് നായിഡു രാജ്യത്തിലെ തലയെടുപ്പുള്ള, തെളിമയാർന്ന വീക്ഷണഗതിയുള്ള ലീഡർ എന്നതിലുപരി കവിയത്രിയും കൂടിയാണ്. ആയതിനാൽ മിസിസ് നായിഡുവിനെ മോചിപ്പിച്ചുകൊണ്ട് ബ്രിട്ടൻ സ്ത്രീകളെ ആദരിക്കുന്നു എന്ന് ഒരിക്കൽ കൂടി തെളിയിക്കണമെന്ന് ഞാൻ നിങ്ങളോട് അപ്പീൽ ചെയ്യുകയാണ്. സ്ത്രീകൾ മുഖേന നിയമലംഘനം നടത്താനുള്ള ആഗ്രഹം ഭീരുത്വമുള്ള അഭിലാഷമാണെന്നതിൽ എനിക്ക് തർക്കമൊന്നുമില്ല. അത്തരം സന്ദർഭങ്ങളിൽ സർക്കാരിന് നിയമത്തെ ആദരിച്ചുകൊണ്ട് എന്തെങ്കിലും ചെയ്യണമെന്ന ഭരണഘടനപരമായ ഉത്തരവാദിത്വം ഉണ്ടായിരിക്കാം. എങ്കിലും എന്റെ വീക്ഷണത്തിൽ



സ്ത്രീകളുടെ മഹത്വത്തെ കോൺഗ്രസ് മനസിലാക്കിയില്ലെങ്കിലും സർക്കാർ കഴിവതും അക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

ഹുസൂർ ഇന്ത്യൻ വൈസ്രോയിക്ക് അപ്പീൽ കൊടുത്തതിനു പുറമേ, കോൺഗ്രസ് നേതാക്കളുമായും കത്തിടപാട് നടത്തിക്കൊണ്ട് സ്വാതന്ത്ര്യസമരത്തിൽ സ്ത്രീകളെ ഭാഗഭാക്കാകുന്നത് ഒഴിവാക്കണമെന്നും അത് കൽതുറുങ്കിലാണ് കലാശിക്കുകയെന്നും, അന്ന് കോൺഗ്രസിനുമേൽ ഭീരുത്വം ആരോപിക്കപെടുമെന്നും ഉപദേശിക്കുകയുണ്ടായി.

(അൽഫസ്ൽ 1930 ജൂൺ 10)

# ഒരു ഭർത്താവ് ഭാര്യക്ക് നൽകിയ ആദ്യ ഉപദേശം

( ഹദ്റത് മുസ്ലിഹ് മൗഊദ്(റ)ന്റെ ഏറ്റവും ചെറിയ സഹധർമിണിയായിരുന്നു ഹദ്റത് സയ്യിദ മെഹർആപാ, ബുശ്റാ ബേഗം സാഹിബ (റഹ്). നിക്കാഹിനെ തുടർന്ന് ഹുസൂർ, അവർക്ക് ഉപദേശങ്ങൾ നൽകിക്കൊണ്ട് അയച്ച ആദ്യ കത്തിലെ ആദ്യഭാഗം സയ്യിദ സാഹിബ, അൽഫദ്ലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ സ്വതന്ത്ര വിവർത്തനമാണ് ഇവിടെ ചേർക്കുന്നത് )

നിന്റെ ഉപ്പയും ഉമ്മയും നിന്നോടുള്ള സ്നേഹവാൽസല്യങ്ങൾ കാരണം വിവാഹത്തിനുള്ള തയ്യാറെടുപ്പിൽ അനിതരസാധാരണമായി ചിലവഴിക്കാനും, നിനക്ക് തരുന്ന സാധനങ്ങൾ കൂടുതലാക്കാനും നിർബന്ധം കാണിച്ചേക്കും. അങ്ങനെ അവർ ചെയ്യുകയാണെങ്കിൽ, വീട്ടിൽ തങ്ങളുടെ സൗകര്യത്തിനുള്ളിൽനിന്ന് ഒരുക്കുന്നതൊഴികെയുള്ള ഒരു വസ്തുവിലും തൊടാൻ പോലും ഒരുക്കമല്ലെന്ന് നീ വീട്ടുകാരോട് തുറന്ന് പറയണം.


എന്നെക്കുറിച്ച് ഓർത്ത് വിവാഹം നടത്തുന്നത് അവർ തങ്ങൾക്ക്തന്നെ വലിയ ഭാരമാക്കാൻ ഇടയുണ്ടെന്ന് ഞാൻ കരുതുന്നു. അതുകൊണ്ട്തന്നെ, അല്ലാഹു ഇത്തരം കാര്യങ്ങളെ ഇഷ്ടപ്പെടുന്നില്ലെന്ന് നീ മനസിലാക്കേണ്ടതാണ്.

(അൽ ഫദ്ൽ പത്രം 26-3-1966)

# കുട്ടികളുടെ സംരക്ഷണം

ആരോഗ്യം

**- ഹ.ഖലീഫത്തുൽ മസീഹ് III (റഹ്) -**



വരും കാലഘട്ടങ്ങളിൽ അൻസാറും ഖുദ്ദാമും തങ്ങളുടെ സന്താനങ്ങളെ സംരക്ഷിക്കേണ്ടതാണ്. ഇതിനായി വിവിധ രീതികൾ അവലംബിക്കാവുന്നതാണ്. ..... അഹ്മദികൾക്ക് തങ്ങളുടെ ഉത്തരവാദിത്തം നിറവേറ്റണമെങ്കിൽ അവർ ലോകത്ത് ഏറ്റവും നല്ല ആരോഗ്യമുള്ളവരായിരിക്കേണ്ടതാണ്.

ആരോഗ്യവാന്മാരാകുന്നതിന് ആവശ്യമായ സുപ്രധാന കാര്യങ്ങൾ ഇവയാണ്.

1. പരിശുദ്ധമായ ഭക്ഷണം :- പരിശുദ്ധമായ ഭക്ഷണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നല്ലതും ശരീരത്തിന് അനുയോജ്യവുമായിട്ടുള്ള ഭക്ഷണമാണ്. എല്ലാ ഭക്ഷണവും എല്ലാവർക്കും അനുയോജ്യമാവുകയില്ല, പരിശുദ്ധമാവുകയില്ല.

2. സമീകൃത ആഹാരം : - വെറും ആട്ട മാത്രം കഴിച്ചത് കൊണ്ടോ, മാംസം മാത്രം കഴിച്ചത് കൊണ്ടോ അല്ലെങ്കിൽ പച്ചക്കറികളോ, പഴങ്ങളോ മാത്രം കഴിച്ചത്കൊണ്ടോ, പാലോ, ബദാമോ, അഹ്റൂട്ടോ, പിസ്തയോ മാത്രം കഴിച്ചത് കൊണ്ടോ ആരോഗ്യം ഉണ്ടാവുകയില്ല. എന്നാൽ ഇന്ന് മനുഷ്യൻ വളരെ വിശാലമായ ഗവേഷണങ്ങൾ നടത്തികൊണ്ട് മനുഷ്യന്റെ ആരോഗ്യം സംരക്ഷിക്കുന്നതിനാവശ്യമായ പോഷകാഹാരങ്ങൾ ക്രമീകരിച്ച് കൊണ്ടുള്ള പല രീതികളും ആവിഷ്കരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി മനുഷ്യന്റെ ആരോഗ്യം വളരെ നല്ലതായിത്തീരുന്നു.

3. എന്താണോ ഭക്ഷിക്കുന്നത് അതിനെ സംരക്ഷിക്കേണ്ടതാണ്(മിച്ചമാക്കേണ്ടതാണ്) അതായത് ഭക്ഷണം ശരീരത്തിന്റെ ഭാഗമായിത്തീരുന്ന വിധത്തിലുള്ള വ്യായാമം ചെയ്യേണ്ടതാണ്. ഹോക്കി പോലുള്ള കളികളെ കുറിച്ചല്ല ഞാൻ പറയുന്നത്. എല്ലാ അഹ്മദികളും എല്ലാ പ്രായക്കാരും, സ്ത്രീ പുരുഷന്മാരും എല്ലാവരും തന്നെ തങ്ങൾ കഴിക്കുന്നത് ദഹിപ്പിക്കാനുള്ള പ്രവൃത്തികൾ ചെയ്യേണ്ടതാണ്. അതിന് വിവിധ രീതികളുണ്ട്. ഉദാഹരണത്തിന് എനിക്ക് ഇപ്പോൾ കൂടുതലായി പുറത്ത് ഇറങ്ങി നടക്കാൻ സാധിക്കാത്തതിനാൽ ഞാൻ വീട്ടിൽ ഒരു പ്രത്യേകരീതിയിലുള്ള സൈക്കിൾ വെച്ചിട്ടുണ്ട്. ഞാൻ എത്ര കിലോമീറ്റർ സൈക്കിൾ യാത്ര ചെയ്തെന്ന് അത് എനിക്ക് മനസ്സിലാക്കിതരുന്നു. അപ്പോൾ ആരാണോ വ്യായാമം ചെയ്യാൻ ആഗ്രഹിക്കുന്നത്. അവർ അതിനുള്ള പല രീതികളും തെരഞ്ഞെടുത്തിട്ടുണ്ട്.



4. ആരോഗ്യം നിലനിറുത്തുന്നതിന് ആവശ്യമായ നാലാമത്തെ കാര്യം സ്വഭാവപരമായ തിന്മയിൽ നിന്ന് രക്ഷപ്പെടുക എന്നതാണ്. ഇത് വളരെ അത്യാവശ്യമാണ്(നിർബന്ധമാണ്). ഏതൊരാൾ മാനസികമായ തിന്മകളിൽ അകപ്പെട്ടിരിക്കുന്നുവോ അയാളുടെ ആരോഗ്യം നന്നാവുകയില്ല. അത് പോലെതന്നെ ഏതൊരാൾ ശാരീരികമായ തിന്മകളിൽ അകപ്പെട്ടിരിക്കുന്നുവോ അയാളുടെ ആരോഗ്യവും നന്നാവുകയില്ല എന്നത് ബുദ്ധിയുള്ള ഏതൊരു മനുഷ്യനിൽനിന്നും മറഞ്ഞ് കിടക്കുന്നതല്ല.

ഇതെല്ലാം ചെയ്യുന്നതോടൊപ്പം ഏറ്റവും സുപ്രധാനമായ കാര്യം ദുആ മുഖേന പ്രതാപവാനായ അല്ലാഹുവിന്റെ കാരുണ്യത്തെ ആഗിരണം ചെയ്യുക എന്നതാണ്. വിശുദ്ധ ഖുർആൻ ആരോഗ്യ സംരക്ഷണത്തെ സംബന്ധിച്ച് സുന്ദരമായ രീതിയിൽ പരാമർശിക്കുന്നുണ്ട്. ഹ.മൂസ (അ) ആരുടെ മൃഗങ്ങളെയാണോ വെള്ളം കുടിപ്പിക്കാൻ സഹായിച്ചത്. അതിലൊരു പെൺകുട്ടി മൂസ(അ)നെ സംബന്ധിച്ച് തന്റെ പിതാവിനോട് പറഞ്ഞതായി വിശുദ്ധഖുർആൻ പറയുന്നു. താങ്കൾ ജോലിയിൽ നിറുത്താൻ ആഗ്രഹിക്കുന്നവരിൽ ഏറ്റവും ഉത്തമൻ الْقَوِيُّ الْأَمِينُ അതായത് ആരോഗ്യവാനും, ശാരീരികമായി വഞ്ചന പ്രവർത്തിക്കാത്തവനും ആണ്. ആരോഗ്യമില്ലാത്തവൻ ജോലി സംബന്ധമായി (ശാരീരികമായി) വിശ്വാസ വഞ്ചന പ്രവർത്തിക്കുന്നതാണ്. ഉദാഹരണത്തിന് ഒരാൾ കന്നുകാലികളെ മേയ്ക്കാൻ കൊണ്ടുപോയാൽ ദിവസം മുഴുവനും അവയുടെ പിറകെ നടക്കാനുള്ള ആരോഗ്യം അവനില്ലെങ്കിൽ കന്നുകാലികളെ ചെന്നായ് പിടിച്ചാലും ശരി, അവൻ വല്ല മരച്ചുവട്ടിലും പോയി ഇരിക്കും. അപ്പോൾ (ആരോഗ്യവാൻ) ആണെങ്കിൽ ശാരീരികമായ ബലഹീനത നിമിത്തം വിശ്വാസ വഞ്ചന പ്രവർത്തിക്കുന്നതല്ല. അതുപോലെ തന്നെ (വിശ്വസ്തൻ) സ്വഭാവപരമായ ബലഹീനത നിമിത്തവും വിശ്വാസ വഞ്ചന പ്രവർത്തിക്കുന്നതല്ല.അവൻ ആരോഗ്യവാനും ശാരീരികമായി വിശ്വാസവഞ്ചന പ്രവർത്തിക്കാത്ത കാരണത്താൽ വിശ്വസ്തനുമായിരിക്കും.തന്റെ സൽസ്വഭാവം കാരണത്താൽ അയാൾ വിശ്വസ്തനായിരിക്കും. ആരാണോ രണ്ട് രീതിയിലും വിശ്വസ്തരായിട്ടുള്ളത് അവരേക്കാൾ നല്ല വല്ല ജോലിക്കാരെയും നിങ്ങൾക്ക് ലഭ്യമാണോ?

ഹദീസിൽ വന്നിട്ടുണ്ട്. ഖിയാമത്ത് നാളിൽ അല്ലാഹു ആദ്യമായി മനുഷ്യനോട് ചോദിക്കുന്നത് ഞാൻ നിനക്ക് നല്ല ആരോഗ്യം നൽകിയിട്ട് നീ അതുകൊണ്ട് എന്താണ് പ്രവർത്തിച്ചത് എന്നായിരിക്കും.

(മശ്അലെ റാഹ് - വാള്യം - 2 )

സമ്പാ: സി.മുബശ്ശിർ അഹ്മദ് - കൊച്ചി

വീക്ഷണവിശേഷം

ഒബ്സർവർ

# പിണങ്ങോട് പിണങ്ങരുത് !

സുന്നി പണ്ഡിതൻ പിണങ്ങോട് അബൂബക്കർ അവർകളുടെ വക ഒരു ഹദീസ് വിശദീകരണം 2011 ആഗസ്റ്റ് 10 ലെ മാതൃഭൂമിയിൽ കാണാനിടയായി. പക്ഷേ മുസ്ല്യാർ തല മറന്ന് എണ്ണ തേക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. നബി (സ) യുടെ പേരിൽ തന്റെ സൗകര്യാർഥം ഒരു ഹദീസ് തർജുമ ചെയ്ത് ചേർത്തിട്ടുണ്ട്. അടിയിൽ ബുഖാരി - മുസ്‌ലിം എന്ന് ഉദ്ധരണി കൂടി ചേർത്തപ്പോൾ പാവം കരുതിയത് ജനങ്ങളൊക്കെ നബിമൊഴി അങ്ങനെത്തന്നെയാണെന്ന് ധരിച്ചുവശാകുമെന്നായിരിക്കും.

ഹദീസ് ഇങ്ങനെയാണ് കുറിച്ചിരിക്കുന്നത് : ആളുകളെ പരസ്പരം യോജിപ്പിക്കുക വഴി നന്മ വളർത്തുന്നവനോ നന്മ ഉപദേശിക്കുന്നവനോ നുണ പറയുന്നവനല്ല. ജനങ്ങളെ യോജിപ്പിക്കുന്നതിന് വേണ്ടി കളവ് പറയേണ്ടി വന്നാലും അവൻ കുറ്റക്കാരനാവുകയില്ല. ബുഖാരി - മുസ്‌ലിം ഹദീസിൽ ആദ്യഭാഗം മാത്രമേയുള്ളൂ. രണ്ടാമത്തെ വരി മുസ്ല്യാർ വക ഹദീസിലേക്ക് കനത്തൊരു സംഭാവനയാണ്. പിണങ്ങോട് മാത്രമല്ല തർജമക്കാരൊക്കെ ആദ്യമേ തന്നെ അത്തരം സംഭാവനകൾ നൽകിയവരാണ്.

ഇറ്റലിക്കാരനായ മക്കിയാവലി (Machiavelli) ആണ് നന്മയാകുമെന്ന് കണ്ടാൽ ഏതു മാർഗ്ഗവും സ്വായത്തമാക്കാമെന്ന് പറഞ്ഞത്. അതിന്റെ അതിഭയാനകമായ ഭവിഷത്തുകൾ ലോകം അനുദിനം അനുഭവിക്കുകയും ചെയ്യുന്നു. ജർമ്മനിയിൽ ഹിറ്റലറുടെ മന്ത്രി പുംഗവൻ ഗീബൽസാണ് കളവ് ആവർത്തിച്ചാൽ അത് സത്യമാണെന്ന് ജനങ്ങൾ ധരിക്കുമെന്ന് പ്രായോഗിക തലത്തിൽ നടപ്പാക്കിയത്. പിന്നെ ആധുനിക മുഫസ്സിറുൽ ഖുർആൻ മൗലാനാ മൗദൂദി കുറേക്കൂടി കടന്ന് അതിന് മതവിധിയുടെ പരിവേഷം നൽകിക്കൊണ്ട് പറഞ്ഞത്, കളവ് പറയൽ അനുവദീയം മാത്രമല്ല ചിലപ്പോൾ അനിവാര്യമാണെന്നാണ്. ഇതേ സരണിയിലേക്ക് ഒരു സ്വയംകൃത ഹദീസുമായി ഓടിക്കയറുകയാണ് പിണങ്ങോട് ചെയ്യുന്നത്.

സാമാന്യബുദ്ധി നഷ്ടപ്പെട്ടിട്ടില്ലാത്ത, അൽപസ്വൽപ്പമെങ്കിലും ഇസ്‌ലാമിക ബോധമുള്ള ഒരാൾക്ക് എങ്ങിനെയാണ് നബി (സ) നെക്കുറിച്ച് ഇത്രയും ധൈര്യപൂർവ്വം കളവ് പറയാൻ കഴിയുക. അതൊക്കെ ആധാരവും ആധികാരികവുമായി കൊണ്ടുനടക്കുന്ന, മുല്ലാവർഗ്ഗത്തിന് ബുദ്ധി പറ്റേ തീറെഴുതിക്കൊടുത്ത അണികൾക്ക് ഒരു പക്ഷേ ഇത്തരം മഹത്തായ പഠനങ്ങൾ താന്തോന്നിത്തരത്തിന് വീണു കിട്ടുന്ന സർട്ടിഫിക്കറ്റുകളായിരിക്കാം.

എന്താണ് ഹദീസ് ? ബുഖാരി കിത്താബുസ്സുൽഹിൽ പറയുന്നു:

**ലയ്സൽ കദ്ദാബു ല്ലദീ യുസ്വലിഹു ബയ്നന്നാസി ഫയൻമിയു ഖയ്റൻ ഔ യഖൂലൂ ഖയ്റൻ**

അതായത് ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നവൻ നുണയനല്ല. അവൻ നന്മ ആരിലേക്കെങ്കിലും ചേർത്തു പറയുകയോ നന്മ പറയുകയോ ചെയ്യുന്നു.

നബി (സ) ഈ ഹദീസിൽ എവിടേയും കളവ് പറയാൻ ഉപദേശിച്ചിട്ടില്ല. സ്വയം കൃതാർത്ഥനാർത്ഥം പിണങ്ങോട് പറയുന്ന ഭാഗം ഈ ഹദീസിൽ എവിടേയും കാണുന്നേയില്ല.

സത്യത്തെ സ്നേഹിക്കുകയും അതിന് വേണ്ടി നിലകൊള്ളുകയും ചെയ്ത തിരുനബി (സ) ജീവിതത്തിന്റെ ഒരു ഘട്ടത്തിലും കളവുമായി സന്ധിചെയ്യാൻ സന്നദ്ധനേ അല്ലായിരുന്നു. അനുരഞ്ജനത്തിന് കളവ് പറയാമായിരുന്നെങ്കിൽ അതിന് എത്രയെത്ര അവസരങ്ങളാണ് ഖുറൈശികൾ നബി (സ) ന് നൽകിയത്. അതിനെയൊക്കെ തിരുനബി തികച്ചും അവഗണിച്ച് പുച്ഛിച്ച് തള്ളുകയാണുണ്ടായത്.

ഇസ്‌ലാം ശിർക്കിനെയും കളവിനെയും ഒരേ ഗണത്തിലാണ് എണ്ണുന്നത്. ഒരു കാര്യത്തിലും കളവിന്റെ മേമ്പൊടി ചേർക്കരുതെന്ന് നിഷ്കർഷിക്കുകയും ചെയ്യുന്നു.

ഹിജ്റത്ത് വേളയിൽ കൂടെ ആരാണെന്ന് ആരാഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്കർ (റ) നൽകിയ മറുപടി അതെന്റെ വഴികാട്ടിയാണെന്നായിരുന്നു. അതേ അബൂബക്കർ(റ), നബി (സ) നെക്കുറിച്ച് പറഞ്ഞ ആ പ്രസ്താവന എല്ലാനിലയ്ക്കും സാർഥകമായിരുന്നു. അതേ സമയം ഗോപ്യമായ സംസാരം കൊണ്ട് മറ്റൊരാളുടെ അവകാശത്തെ ഹനിക്കാനോ അനാവശ്യമായി നേട്ടമുണ്ടാക്കാനോ ഇസ്‌ലാം അനുവദിക്കുന്നേയില്ല. എല്ലാ സത്യവും എല്ലായിടത്തും വാരിവിളമ്പാൻ ഇസ്‌ലാം പറയുന്നില്ല. പക്ഷേ പറയേണ്ടിവന്നാൽ അത് സത്യമായിരിക്കണമെന്നാണ് ഇസ്‌ലാമിക ശാസന.

**ഹദീസിൽ പറയുന്നത്, രഞ്ജിപ്പുണ്ടാക്കാൻ ഉഭയ സമ്മതപ്രകാരം കരാർ ചെയ്യപ്പെടുന്നത് പിന്നീട് ലംഘിക്കപ്പെട്ടാൽ രഞ്ജിപ്പുണ്ടാക്കാൻ ശ്രമിക്കുന്നയാളെ നുണയനെന്നുപറയാൻ സാധ്യമല്ലെന്നാണ്.** അല്ലാതെ കളവ് പറഞ്ഞ് രഞ്ജിപ്പിന് ശ്രമിക്കണമെന്നല്ല.

അവസാനകാലത്ത് കളവ് പരക്കുമെന്നും അന്നത്തെ പണ്ഡിതരെ സമീപിച്ച് മതവിധികൾ തേടാൻ പോകുമ്പോൾ ജനങ്ങൾ അവിടെ പന്നികളേയും കുരങ്ങുകളേയുമാണ് കാണുകയെന്നും നബി (സ) പറഞ്ഞിട്ടുണ്ടായിരുന്നു. ഭൗതിക ലാഭേച്ഛയിൽ ഭൂമിയിലേക്ക് മാത്രം നോക്കുന്ന പന്നിയും അനുകരിക്കാൻ മാത്രം ശീലിച്ച, ചാഞ്ചാടുന്ന കുരങ്ങനും വർത്തമാന കാല സമുദായ നേതാക്കൾക്ക് തീർച്ചയായും മാതൃക തന്നെയായിരിക്കും.

**ഗുട്ടൻസ്**

നബി (സ) പറഞ്ഞത് നോമ്പെടുക്കുന്നവൻ കളവ് പറയുകയാണെങ്കിൽ അവന്റെ നോമ്പ് പട്ടിണിമാത്രമാണെന്നാണ്. പരിശുദ്ധ റമസാനിൽ പണ്ഡിതർ നുണ പറയാൻ ആധികാരിക സ്രോതസുകൾ തേടിയലയുകയാണ്.



# ഒബാമയുടെ ഇഫ്താറിൽ അഹ്മദിയ്യാ പ്രതിനിധി

**വാഷിങ്ങ്ടൻ:** യുഎസ് പ്രസിഡന്റ് ബരാക്ക് ഹുസൈൻ ഒബാമ സംഘടിപ്പിച്ച വാർഷിക ഇഫ്താറിൽ അമേരിക്കയിലെ ആദ്യത്തെ മുസ്‌ലിം സംഘടനയായ അഹ്മദിയ്യാ ജമാഅത്തിനെ പ്രതിനിധീകരിച്ച് ദേശീയ വൈസ് പ്രസിഡന്റ് ജനാബ് നസീം മഹ്ദി സാഹിബ് പങ്കെടുത്തു.



അമേരിക്കൻ മുസ്‌ലിം നേതാക്കന്മാരോടായി ചെയ്ത പ്രസംഗത്തിൽ അമേരിക്കൻ മുസ്‌ലിംകൾ രാജ്യത്തിന് നൽകുന്ന പിന്തുണയിൽ പ്രസിഡന്റ് കൃതജ്ഞത രേഖപ്പെടുത്തി. അഹ്മദിയ്യാ പ്രതിനിധിയുടെ മറുപടി പ്രസംഗത്തിൽ, 9/11 ന്റെ പത്താം വാർഷിക പശ്ചാത്തലത്തിൽ അഹ്മദിയ്യാ കമ്യൂണിറ്റി ദേശീയ തലത്തിൽ സംഘടിപ്പിക്കുന്ന മുസ്‌ലിം ഫോർ ലൈഫ് എന്ന പരിപാടിയിലൂടെ 71 ശാഖകളിലൂടെ പതിനായിരം പേർ രക്തദാനം നിർവ്വഹിച്ചതായി വെളിപ്പെടുത്തി. ഇഫ്താറിലേക്കുള്ള ക്ഷണം രാജ്യത്തിന്റെ കമ്യൂണിറ്റിയോടുള്ള ആദരവായി മനസ്സിലാക്കുന്നുവെന്നും എല്ലാ അമേരിക്കൻ മുസ്‌ലിം സംഘടനകളെയും മുസ്‌ലിം ഫോർ ലൈഫിനെ പിന്തുണക്കുന്നതിനും അതിലൂടെ രക്തദാനം നിർവ്വഹിച്ച് സൃഷ്ടി സേവനത്തിനായി ക്ഷണിക്കുകയും ചെയ്തു.

# യു.കെ ഗവൺമെന്റിന്റെ പ്രശംസ

**ഹദീഖത്തുൽ മഹ്ദി,യുകെ:** ലോകത്തെല്ലായിടത്തും യുകെയിൽ പ്രത്യേകിച്ചും അഹ്മദികൾ ഓരോ പ്രദേശത്തെയും ജനങ്ങളുമായി സാഹോദര്യത്തോടുകൂടി ജീവിക്കുന്നുവെന്ന് യുകെ സാംസ്കാരിക, സ്പോർട്ട്സ് മീഡിയ സെക്രട്ടറി ജെർമി ഹണ്ട് പ്രശംസിക്കുകയുണ്ടായി.



ഹദീഖത്തുൽ മഹ്ദിയിൽ സംഘടിപ്പിച്ച അഹ്മദിയ്യാ ജമാഅത്ത് യുകെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകവ്യാപകമായി അഹ്മദികൾ നടത്തിവരുന്ന മാനുഷിക സേവനങ്ങളെയും ജീവകാരുണ്യ പ്രവർത്തനങ്ങളെയും അദ്ദേഹം എടുത്തു പറഞ്ഞു. പ്രധാനമന്ത്രി ഡേവിഡ് കാമറൂണിന് വേണ്ടി അദ്ദേഹം വാർഷിക ജലസയ്ക്ക് ആശംസകൾ നേർന്നു.



ലോകശ്രദ്ധയാകർഷിച്ച ത്രിദിന സമ്മേളനത്തിൽ ഖലീഫത്തുൽ മസീഹ് ഖാമിസ് രണ്ട് സെഷനുകളിലായി വിവിധ പ്രതിനിധികളെ അഭിസംബോധന ചെയ്തു കൊണ്ട് സംസാരിക്കുകയുണ്ടായി.

# ഘാന ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ വക ഉപഹാരം

അക്ര: ഘാന ബ്രോഡ് കാസ്റ്റിംഗ് കോർപ്പറേഷന്റെ (ജി.ബി.സി) 75ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി അഹ്മദിയ്യാ ജമാഅത്തി(ഘാന)ന് ഉപഹാരം നൽകുകയും പ്രാർത്ഥനയ്ക്കായി അപേക്ഷിക്കുകയും ചെയ്തു .

ജി.ബി സി യുടെ 75 വർഷത്തെ വിജയകരമായ പ്രവർത്തനത്തിന് പിന്തുണ നൽകിയതിലുള്ള സന്തോഷപ്രകടനമായി, ജി.ബി.സി പ്രതിനിധികൾ റമസാനിലെ വെള്ളിയാഴ്ച അക്രയിലെ മിഷൻ ഹൗസിലെത്തിയാണ് ഉപഹാരം കൈമാറിയത്. ജമാഅത്ത് നൽകുന്ന എല്ലാ പിന്തുണക്കും ജി.ബി.സി പ്രതിനിധികൾ നന്ദി പറഞ്ഞു. ദേശീയ അമീർ വഹാബ് ആദം സാഹിബിന് വേണ്ടി ഉപഹാരം സ്വീകരിച്ച മൗലവി യൂസുഫ് ഹസൻ സാഹിബ് കോർപറേഷന്റെ വിജയകരമായ രാജ്യ സേവനത്തിനായി ജമാഅത്തിന്റെ പ്രാർത്ഥനയും സഹായവും തുടർന്നും വാഗ്ദാനം ചെയ്തു.

# പുതിയ നിയമനങ്ങൾ

ഖാദിയാൻ : ജ. ശുഐബ് അഹ്മദ് സാഹിബിനെ നാസിർ ബയ്തുൽ മാൽഖർച്ച് (Expentiture) ആയും, മൗ. താഹിർ അഹ്മദ് ഗോരി സാഹിബിനെ നാസിം മാൽ വഖ്ഫെ ജദീദ് ആയും, മൗ. ഖുറൈശി മുഹമ്മദ് ഫദ്‌ലുല്ലാഹ് സാഹിബിനെ നാഇബ് നാസിർ നശ്റോ ഇശാഅത്ത് ആയും, മൗ. മുഹമ്മദ് അയ്യൂബ് സാജിദ് സാഹിബിനെ മാനേജർ ബദ്ർ ആയും, മൗ. മുജാഹിദ് അഹ്മദ് ശാസ്ത്രി സാഹിബിനെ എഡിറ്റർ സദ്ർ ആയും നിയമിച്ചു കൊണ്ട് ഹുസൂർ തിരുമനസ് ഉത്തരവായിരിക്കുന്നു. ശുഐബ് സാഹിബ് നിലവിൽ വഖ്ഫെ ജദീദ് നാസിം മാൽ ആയി സേവനം അനുഷ്ഠിച്ചു കൊണ്ടിരിക്കുകയായിരുന്നു. മാത്രമല്ല ഓഫീസർ ജൽസ സാലാന ആയി കഴിഞ്ഞവർഷം നിയമിതനായിരുന്നു, നേരത്തെ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ സദ്ർ ആയും സദ്ർ അഞ്ചുമൻ ഓഡിറ്ററായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം മജ്‌ലിസ് അൻസാറുല്ലാഹ് നാഇബ് സദ്ർ (ദോം)ആയി തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

മൗ.താഹിർ ഗോരി സാഹിബ് ദീർഘകാലം ബയ്തുൽ മാലിലും വഖ്ഫെ ജദീദിലും ഇൻസ്പെക്ടറായിരുന്നു. രണ്ട് വർഷം മുമ്പാണ് നാഇബ് നാസിം മാൽ ആയി നിയമിതനായത്. കുറച്ചുകാലം ജാമിഅത്തുൽ മുബശ്ശിരീൻ (മുഅല്ലിം കോഴ്സ്)ൽ അധ്യാപകനും സൂപ്രണ്ടും ആയിരുന്നു.

മൗ. അയ്യൂബ് സാജിദ് സാഹിബ് ദീർഘകാലം മുബല്ലിഗ് ആയി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കേയാണ് വഖ്ഫെ ജദീദിൽ അഡീ. നാസിം ആയി നിയമിക്കപ്പെട്ടത്. തുടർന്ന് ജാമിഅ അഹ്മദിയ്യയിൽ അധ്യാപകനായിരുന്നു. അതിന് ശേഷം നശ്റോ ഇശാഅത്തിൽ നാഇബ് നാസിർ ആയി നിയമിതനായി.

മൗ. ഫദ്‌ലുല്ലാഹ് സാഹിബ് ദീർഘകാലം ജാമിഅയിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കേയാണ് നശ്റോ ഇശാഅത്തിൽ നിയമിതനാവുന്നത്. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ വ്യത്യസ്ത തസ്തികളിൽ സേവനം ചെയ്തിട്ടുള്ള മൗലവി സാഹിബ് നാഇബ് സദ്ർ ആയും നിയമിക്കപ്പെട്ടിട്ടുണ്ട്.

മൗ. മുജാഹിദ് സാഹിബ് ജാമിഅ അധ്യാപകനായിരുന്നു. എഡിറ്റർ ബദ്ർ എന്നതിനുപുറമേ അഖിലേന്ത്യാ പ്രസ് കമ്മിറ്റി സെക്രട്ടറിയും മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മുഅ്ത്തമിം അത്ഫാലുമാണ്.

## തർബിയ്യത്ത് യോഗവും വനവൽക്കരണവും

പാലക്കാട്: മജ്‌ലിസ് അൻസാറുല്ലാ അംഗങ്ങൾ മരങ്ങൾ വെച്ചു പിടിപ്പിക്കുന്നതിന്റെ ഭാഗമായി പള്ളി അങ്കണത്തിൽ കാറ്റാടി നട്ടുപിടിപ്പിക്കുകയും തുടർന്ന് അൻസാറുല്ലായുടെ തർബിയ്യത്ത് യോഗം സംഘടിപ്പിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ പാലക്കാട് മജ്‌ലിസിലെ 15 അംഗങ്ങളാണ് പങ്കെടുത്തത്. സയീം അൻസാറുല്ലാ താജുദ്ദീൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച യോഗത്തിൽ ജമാഅത്ത് പ്രസിഡന്റ് ഹമീദ് സാഹിബ് വിശിഷ്ഠ അതിഥിയായിരുന്നു. മൗലവിമാരായ എസ്. എം ബശീറുദ്ദീൻ സാഹിബും നസീം അഹ്മദ് സാഹിബും പ്രഭാഷണം നടത്തി .

## ഹാഫിളുമാരെ അനുമോദിച്ചു



എറണാകുളം: പരിശുദ്ധ ഖാദിയാനിൽ നിന്നും ഖുർആൻ ഹാഫിളായി പുറത്തിറങ്ങിയ എറണാകുളം മേഖലയിലുള്ള ഐരാപുരം ജമാഅത്തി ലെ ഇബ്രാഹിം സാഹിബിന്റെ മകൻ അബ്ദുൽ ബാസിത്ത് അലി സാഹിബിനെയും മൗലവി സൈനുൽ ആബിദീൻ സാഹിബിന്റെ മകൻ മിസ്ബാഹുദ്ദീൻ സാഹിബിനെയും (ഇവർ വഖ്ഫെ നൗ കുട്ടികളാണ്) 30.7.2011 ന് എറണാകുളം മസ്ജിദിൽ വെച്ച് നടത്തിയ മേഖലാ സംഗമത്തിൽ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് ഉപഹാരങ്ങൾ നൽകി അനുമോദിച്ചു. ഇവർ ഐരാപുരം ജമാഅത്തിലെ ദീർഘകാലത്തെ പ്രസിഡന്റായിരുന്ന മർഹും മോളത്ത് എം.എ അലി സാഹിബിന്റെ പൗത്രന്മാരാണ്.



## സാമ്പത്തിക വാരം

കരുളായി: മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ നേതൃത്വത്തിൽ 5.8.2011 മുതൽ 12.8.2011 വരെ സാമ്പത്തിക വാരം നടത്തി. ഈ ദിവസങ്ങളിൽ വിശുദ്ധഖുർആനിൽ നിന്നും ഹദീസുകളിൽ നിന്നും മസീഹ് മൗഊദ്(അ) ന്റെ ഉപദേശങ്ങളിൽ നിന്നുമുള്ള ഉദ്ധരണികൾ നോട്ടീസ് ബോർഡിൽ പതിക്കുകയും അത്ഫാലുകളെ ഉൽബോധിപ്പിക്കുകയും 95%അത്ഫാലുകളിൽ നിന്ന് ചന്ദ മജ്‌ലിസ് പിരിച്ചെടുക്കുകയും കൂടാതെ അത്ഫാലുകളുടെ വഖ്ഫെജദീദ്, തെഹ്‌രീക്കെ ജദീദ് വാഗ്ദാനങ്ങൾ പരിശോധിക്കുകയും കുടിശ്ശികയുള്ളവരെ ബോധവൽക്കരിക്കുകയും ചെയ്തു.

## തർബിയ്യത്ത് യോഗം

അലനല്ലൂർ : ഖുദ്ദാമുൽ അഹ്മദിയ്യയുടെ ആഭിമുഖ്യത്തിൽ 14.8.2011 ഞായർ അസർ നമസ്കാര ശേഷം ഖുദ്ദാം അത്ഫാൽ സംയുക്ത തർബിയ്യത്ത് പ്രോഗ്രാം സംഘടിപ്പിക്കുകയുണ്ടായി. എം.റിഷാദ് സാഹിബിന്റെ തിലാവത്തോടെ ആരംഭിച്ച യോഗത്തിൽ ഖാഇദ് സി. ഷനിൽ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. ജനാബ് വി.ടി. ബഷീർ സാഹിബ്, മൗലവി പി.എ.ഗുലാം അഹ്മദ് സാഹിബ് എന്നിവർ നോമ്പും യുവാക്കളും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു.

## റമദാൻ മാസ തർബിയ്യത്ത് ക്ലാസുകൾ

കണ്ണൂർ മേഖലയിലെ പഴയങ്ങാടി,കൂടാളി,കടലായി,മട്ടന്നൂർ,കണ്ണൂർ സിറ്റി ,കണ്ണൂർടൗൺ എന്നീ ജമാഅത്തുകളിൽ റമദാൻമാസത്തിലെ എല്ലാ ഞായറാഴ്ചകളിലും തർബിയ്യത്ത് ക്ലാസുകൾ സംഘടിപ്പിച്ചു. പ്രസ്തുത ക്ലാസുകളിൽ മേഖലയിലെ മൗലവിമാരായ മുഹമ്മദ് ഇസ്മായീൽ സാഹിബ്, അബ്ദുസ്സലാം സാഹിബ്, സിദ്ധീഖ് സാഹിബ്, കെ.വൈ ശംസുദ്ദീൻ സാഹിബ്,ടി.എം മുഹമ്മദ് സാഹിബ്, വി.കെ മുനീർ സാഹിബ് എന്നിവർ റംസാനുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസെടുക്കുകയുണ്ടായി.ഈ ക്ലാസുകളിൽ പ്രസ്തുത ജമാഅത്തുകളിലെ സ്ത്രീകളടക്കം എല്ലാ അംഗങ്ങളും പങ്കെടുത്തു. കണ്ണൂർ മേഖലയിലെ വിവിധ ജമാഅത്തുകളിൽ വർഷങ്ങളായി റംസാൻ തർബിയ്യത്തീ ക്ലാസുകൾ നടന്ന് വരുന്നു.

## ദേശീയ ഇജ്തിമാഅ്

**ഖാദിയാൻ :** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ദേശീയ ഇജ്തിമാഅ് ഒക്ടോബർ 18, 19, 20 തിയ്യതികളിൽ നടത്താൻ ഹുസൂർ തിരുമനസ് അനുമതി നൽകിയതായി സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് മൗലവി. മഖ്ദൂം ശരീഫ് സാഹിബ് അറിയിച്ചു. ഇത്തവണ അഖിലേന്ത്യാ സദർ തെരഞ്ഞെടുപ്പും ഉണ്ടായിരിക്കുന്നതാണ്. മജ്‌ലിസുകൾ പ്രതിനിധികളെ തെരഞ്ഞെടുത്ത് യഥാസമയം കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

## സൗജന്യ മെഡിക്കൽ ക്യാംപ്


എറണാകുളം:എറണാകുളം മേഖലാ മജ്‌ലിസ് അൻസാറുല്ലാ സംഘടിപ്പിച്ച സൗജന്യ മെഡിക്കൽ ചെക്കപ്പ് ക്യാംപ് മേഖലാ അമീർ അഹ്മദ് കബീർ സാഹിബ് ഉൽഘാടനം ചെയ്തു.മേഖലാ നാസിം ഷാഹുൽ ഹമീദ് സാഹിബ് അദ്ധ്യക്ഷനായിരുന്നു. മേഖലാ ഇൻചാർജ്ജ് മൗലവി. നാസർ അഹ്മദ് സാഹിബ് ഖുർആൻ പാരായണം നിർവ്വഹിച്ചു.

## പ്രബന്ധരചനാ മത്സരം

അഹ്മദീ വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ വൈജ്ഞാനിക പാടവത്തെ പരിപോഷിപ്പിക്കാനായി കേന്ദ്ര തഅ്ലീം വകുപ്പിന്റെ കീഴിൽ ഒരു പ്രബന്ധരചനാ മത്സരം സംഘടിപ്പിക്കുന്നു. ഇതിന്നായി തെരഞ്ഞെടുത്തിരിക്കുന്ന വിഷയം 'How to eliminate curruption in the light of teaching of islam' എന്നതാണ്. ഈ പ്രബന്ധം 5000 വാക്കുകളിൽ ഒതുങ്ങുന്നതായിരിക്കണം. ഉർദു,ഇംഗ്ലീഷ്,ഹിന്ദി എന്നീ ഭാഷകളിൽ ഏതെങ്കിലും ഒന്നിൽ എഴുതാവുന്നതാണ്. ഈ പ്രബന്ധരചനാ മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് യഥാക്രമം 5000/- 4000/- 3000/- രൂപ ഉപഹാരമായി നൽകുന്നതായിരിക്കും. എഴുതി തയ്യാറാക്കിയ പ്രബന്ധം 2011 ഒക്ടോബർ 31 നുള്ളിൽ കേന്ദ്ര തഅ്ലീം വകുപ്പ് ഓഫീസിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്.

## മാതൃകാ വഖാറെ അമൽ

കരുളായി : മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ മാതൃകാ വഖാറെ അമൽ സംഘടിപ്പിച്ചു. വഖാറെ അമൽ സെക്രട്ടറി ഹലീഖ് അഹ്മദിന്റെ നേതൃത്വത്തിൽ നടന്ന വഖാറെ അമലിൽ പള്ളിയുടെ മതിലുകൾ വൃത്തിയാക്കുകയും റോഡിന്റെ സൈഡുകളിലുള്ള പുല്ലുകൾ പറിക്കുകയും അഴുക്കുചാലുകളിൽ കിടന്ന പ്ലാസ്റ്റിക്ക് കവറുകൾ നീക്കം ചെയ്യുകയും മദ്റസാ ഹാളും ഖുദ്ദാം ഓഫീസും വൃത്തിയാക്കുകയും ചെയ്തു. എല്ലാ അത്ഫാലുകളും വളരെ ആവേശത്തോടെയാണ് വഖാറെ അമലിൽ പങ്കെടുത്തത്.



# റോസാബൽ ശ്രൈൻ ഓഫ് ശ്രീനഗർ ഡോക്യുമെന്ററി പ്രദർശനം

തിരുവനന്തപുരം: നാലാം അന്തർദേശീയ ഡോക്യുമെന്ററി ഷോർട്ട്ഫിലിം മേളയിൽ യശേന്ദ്ര തയ്യാറാക്കിയ ഒരു മണിക്കൂർ നീണ്ട റോസാബേൽ ശ്രൈൻ ഓഫ് ശ്രീനഗർ എന്ന ഡോക്യുമെന്ററിയും പ്രദർശിപ്പിച്ചു.

യേശുക്രിസ്തു കുരിശുമരണത്തിൽ നിന്നും രക്ഷപ്പെട്ടോ? ശിഷ്ടകാലം അദ്ദേഹം ഇന്ത്യയിലേക്ക് പലായനം ചെയ്തോ? ചെറുപ്പകാലത്തിലും അദ്ദേഹം ഇന്ത്യ സന്ദർശിച്ചിട്ടുണ്ടോ? റോസാബൽ ശ്രൈൻ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന കുടീരമാണോ? തുടങ്ങിയ വിഷയങ്ങളിലേയ്ക്കുള്ള അന്വേഷണമാണ് ഈ ഡോക്യുമെന്ററി.

യഹൂദാ, ക്രൈസ്തവ, മുസ്ലിംങ്ങളുടെ സവിശേഷ ശ്രദ്ധ പതിയേണ്ട ഒരു സ്ഥലമാണ് റോസാബൽ ശ്രൈൻ എന്ന് തിരുവനന്തപുരത്ത് നടന്ന പ്രസ്സ് ക്ലബ്ബ് സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. എല്ലാ മത ഗുരുക്കന്മാരും ഒരേ അദ്ധ്യാപനങ്ങൾ തന്നെയാണ് നൽകിയിട്ടുള്ളതെന്നും പാമരരായ അനുയായികളാണ് കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ഈ ശ്രൈനിന്റെ സംരക്ഷണം ഏറ്റെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

തിരുവനന്തപുരം അഹ്മദിയ്യാ മുസ്ലിം ജമാഅത്തിൽ നിന്നും പ്രസിഡന്റ് മുഹമ്മദ് നിസാർ. മിഷണറി മൗലവി അമീൻ മുഹമ്മദ്, മുഹമ്മദ് ഹുസൈൻ. എന്നിവരാണ് യശേന്ദ്രയെ സന്ദർശിച്ചത്. അഹ്മദിയ്യാ മിഷണറിക്ക് അനുവദിച്ച ഒരു മണിക്കൂറോളം നീണ്ട അഭിമുഖത്തിൽ അദ്ദേഹം ഈ ഡോക്യുമെന്ററിക്ക് തുടക്കം കുറിച്ചത് തന്റെ പത്താം ക്ലാസ് പഠനകാലത്താണെന്ന് അറിയിച്ചു. ശ്രീ ശ്രീ താക്കൂർ അനുകൂൽ ചന്ദ്ര (1888-1969) എഴുതിയ ഒരു ഗ്രന്ഥത്തിൽ നിന്നും യേശുവിന്റെ കബറിനെക്കുറിച്ചുള്ള മിർസാ ഗുലാം അഹ്മദ് (അ) ന്റെ പ്രസ്ഥാവനകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ അറിയാൻ കഴിഞ്ഞു. തുടർന്ന് ഇന്ത്യാ ഗവൺമെന്റിന്റെ സഹായത്തോടെയുള്ള അന്വേഷണത്തിന്റെ ഫലമായി ഈ ഡോക്യുമെന്ററി തയ്യാറാക്കാൻ കഴിഞ്ഞുവെന്നും തുടർന്നു പറഞ്ഞു. താൻ സമർപ്പിച്ചിരിക്കുന്ന എല്ലാ കാര്യങ്ങൾക്കും



തന്റെ കയ്യിൽ വ്യക്തമായ ആധാരങ്ങൾ ഉണ്ടെന്നും ഈ ഡോക്യുമെന്ററി എല്ലാവരും കാണണമെന്നും അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. കഴിഞ്ഞ നൂറു വർഷമായി അഹ്മദിയ്യാ ജമാഅത്ത് പ്രസിദ്ധീകരിച്ചു വരുന്ന ഇതുസംബന്ധമായ പ്രധാന ഗ്രന്ഥങ്ങൾ അദ്ദേഹത്തിന് ഉപഹാരമായി നൽകി.

## തഅ്ലീം ക്ലാസ്

കരുളായി: മജ്ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ തഅ്ലീം ക്ലാസ് സംഘടിപ്പിച്ചു. നാസിം അത്ഫാൽ സി. റസീഹ് അഹ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന ക്ലാസിൽ മൗലവി ശഫീഖ് അഹ്മദ് സാഹിബ് നമസ്ക്കാരത്തെക്കുറിച്ചും അത്ഫാലുകൾ സ്വായത്തമാക്കേണ്ട വിവിധ ഗുണങ്ങളെക്കുറിച്ചും മുറബ്ബി അത്ഫാൽ എം.ഐ മുനവ്വർ സാഹിബ് പള്ളിയിൽ പാലിക്കേണ്ട മര്യാദകളെക്കുറിച്ചും ക്ലാസെടുത്തു. ഈ യോഗത്തിൽ 24 അത്ഫാലുകൾ പങ്കെടുത്തു.

## പ്രാദേശിക ഇജ്ത്തിമ

**അലനല്ലൂർ:** ഖുദ്ദാം അത്ഫാൽ സംയുക്ത പ്രാദേശിക ഇജ്ത്തിമ സംഘടിപ്പിച്ചു.ജമാഅത്ത് പ്രസിഡന്റ് എം. അബ്ദുൽ ബശീർ സാഹിബ് ഉൽ ഘാടനം നിർവ്വഹിച്ചു. വിജയികൾക്ക് മൗലവിമാരായ യൂസുഫ് സാഹിബ് (മുറിയക്കണ്ണി) കെ .സലീം സാഹിബ് (തിരുവഴാംകുന്ന്) പി.എ ഗുലാം അഹ്മദ് (അലനല്ലൂർ) എന്നിവർ സമ്മാനദാനം നിർവ്വഹിച്ചു. തദവസരത്തിൽ കുലൂ ജമീഅയും സംഘടിപ്പിക്കുകയുണ്ടായി.

## ഇലാഖാ ഇജ്ത്തിമകൾ

### സൗത്ത് ഇലാഖാ ഇജ്ത്തിമാ തിരുവനന്തപുരത്ത

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ-അത്ഫാലുൽ അഹ്മദിയ്യാ സൗത്ത് കേരളാ വാർഷിക ഇജ്ത്തിമാ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോംപൗണ്ട് ഹാളിൽ സെപ്റ്റംബർ 10,11 (ശനി,ഞായർ)തിയ്യതികളിൽ നടക്കുന്നതാണ്.

സദർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ പ്രതിനിധി കശ്മീർ ഇലാഖാ ഖാഇദ് ഉൽഘാടനം ചെയ്യുന്നതായിരിക്കും.

### നോർത്ത് ഇലാഖാ ഇജ്ത്തിമ പഴയങ്ങാടിയിൽ

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ-അത്ഫാലുൽ അഹ്മദിയ്യാ നോർത്ത് ഇലാഖാ വാർഷിക ഇജ്ത്തിമാ പഴയങ്ങാടി ഫസ്ലെ ഉമർ സ്കൂളിൽ സെപ്റ്റംബർ 10,11 (ശനി,ഞായർ) തിയ്യതികളിൽ വിവിധ വൈജ്ഞാനിക - കായിക മത്സരങ്ങളോട് കൂടി നടക്കുന്നതായിരിക്കും.

സദർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ പ്രതിനിധികളായി ഉത്തര കർണ്ണാടക,ഹൈദരാബാദ് ഇലാഖാ ഖാഇദുമാർ പങ്കെടുക്കുന്നതാണ്.

### പള്ളിപ്പുറം ഒരുങ്ങി

സെപ്റ്റംബർ 10,11(ശനി,ഞായർ)തിയ്യതികളിലായി നടക്കുന്ന മദ്ധ്യമേഖലാ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ-അത്ഫാലുൽ അഹ്മദിയ്യാ ഇജ്ത്തിമയ്ക്കായുള്ള ഒരുക്കങ്ങൾ പള്ളിപ്പുറത്ത് ഊർജ്ജസ്വലമായി നടന്ന് വരുന്നു. പാലക്കാട് മേഖലാ അമീർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന ഇജ്ത്തിമ നാഇബ് സദർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് ഉൽഘാടനം ചെയ്യുന്നതായിരിക്കും.

### തമിഴ്നാട് സൗത്ത് ഇലാഖാ ഇജ്ത്തിമാ

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ-അത്ഫാലുൽ അഹ്മദിയ്യാ സൗത്ത് തമിഴ്നാട് വാർഷിക ഇജ്ത്തിമാ ഉടൻകുടിയിൽ സെപ്റ്റംബർ 10,11 (ശനി,ഞായർ) തിയ്യതികളിൽ നടക്കുന്നതാണ്.

സദർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ പ്രതിനിധി കർണ്ണാടക സൗത്ത് ഇലാഖാ ഖാഇദ് ഉൽഘാടനം ചെയ്യുന്നതായിരിക്കും.

## തർബിയ്യത്ത് യോഗം

ബല്ലാർശാഹ് (മഹാരാഷ്ട്ര) : കേന്ദ്ര നിർദ്ദേശപ്രകാരം ദഅ്വത്തെ ഇലല്ലാഹ് മുബല്ലിഗ് എച്ച്. ശംസുദ്ദീൻ കാവശേരി ബല്ലാർശാഹ് സർക്കിളിൽ പര്യടനം നടത്തി. പാട്ടൻ, പിപ്പരി, മിർക്കർപേട്ട, അംബിജേരി. ജമാഅത്തുകളിലെ പര്യടനത്തിൽ ബല്ലാർശാഹ് സദ്ർ എസ്. എച്ച്. അലി സാഹിബ്, സർക്കിൾ ഇൻചാർജ് മൗ. ഖാലിദ് അഹ്മദ് സാഹിബ്, മുഅല്ലിം ശഹാദത്ത് അഹ്മദ്ഖാൻ എന്നിവരുമുണ്ടായിരുന്നു. അവസാന ദിവസം അംബിജേരി ഗ്രാമത്തിൽ തർബിയ്യത്ത് യോഗം സംഘടിപ്പിച്ചു. പ്രാദേശിക മുഅല്ലിം ശേഖ് മുനീർ സാഹിബ് അധ്യക്ഷത വഹിച്ചു. എസ്. എച്ച്. അലി സാഹിബ് ആമുഖ പ്രസംഗം നടത്തി. ശേഷം ദഅ്വത്തെ ഇലല്ലാഹ് കേന്ദ്രപ്രതിനിധി തർബിയ്യത്ത് വിഷയങ്ങളെ അധികരിച്ച് പ്രഭാഷണം നടത്തി.

യോഗാവസാനം ഗ്രാമവാസികളുടെ വക പങ്കെടുത്ത എല്ലാവർക്കും ഭക്ഷണത്തിന് ഏർപ്പാട് ചെയ്തിരുന്നു.

**The Editor, AL HAQ**
**C/o Majlis Khuddamul Ahmadiyya**
**Karulai , Malappuram, Kerala**

**E.mail: alhaqeditor@gmail.com**

**AL HAQ**

VOL: 19, ISSUE:7
September 2011




اَوَلَمْ يَرَوْا اِلَى الطَّيْرِ فَوْقَهُمْ صٰٓفّٰتٍ وَّ يَقْبِضْنَ ۘ
مَا يُمْسِكُهُنَّ اِلَّا الرَّحْمٰنُ ۭ اِنَّهٗ بِكُلِّ شَيْءٍۭ بَصِيْرٌ ۝٢٠

67:20

അവരുടെ മീതെ പക്ഷികൾ ചിറകുവിടർത്തി പറക്കുന്നത് അവർ കാണുന്നില്ലേ? (ചിലപ്പോൾ) അവ ചിറകുകൾ കൂട്ടിപ്പിടിക്കുകയും ചെയ്യുന്നു. പരമകാരുണികനായ അല്ലാഹു അല്ലാതെ മറ്റാരും അവയെ പിടിച്ചുനിറുത്തുന്നില്ല. തീർച്ചയായും അവൻ സർവ വസ്തുക്കളേയും നല്ലപോലെ നോക്കിക്കാണുന്നവനാകുന്നു.

# ദേശാടനപക്ഷികൾ



**ടർക്കി വൾച്ചർ**

ഏകദേശം 6000 കി.മീറ്റർ യാത്രചെയ്ത് സമയം തെറ്റാതെ എല്ലാവർഷവും ഒരേ സ്ഥലത്തെത്തിമുട്ടയിടുന്നു.




**ആർടിക് ടേൺ**

ഏറ്റവും കൂടുതൽ ദൂരം യാത്രചെയ്യുന്നു. 15,000 കി.മീറ്റർ.




**റൂബി – ത്രോട്ടസ് ഹമ്മിംഗ്ബേർഡ്**

ഏകദേശം 6000 കി.മീറ്റർ യാത്രചെയ്യുന്നു. ഫ്ളോറിഡ, ക്യൂബ, മെക്സിക്കോ, പ്രദേശങ്ങളിലേക്കാണ് യാത്ര.








**അമേരിക്കൻ റോബിൻ**

യാത്ര രാത്രിയിൽ മാത്രം. 11 ആഴ്ച കൊണ്ട് 6400 കി.മീറ്റർ യാത്രചെയ്യുന്നു.



**ബാൺസ്വാളോ**

2/3 ഔൺസ് ഭാരമുള്ള ഇവ 10,000 കി.മീറ്റർ യാത്ര ചെയ്യുന്നു.





**സെഡ്ജ് വാർബ്ലർ**

യാത്ര = 3000 – 4000 കി.മീറ്റർ. യൂറോപ്പിൽ നിന്ന് ആഫ്രിക്കയിലേക്ക് 3–4 ദിവസം കൊണ്ട് യാത്ര ചെയ്യാനാകും.




**യൂറോപ്യൻ വൈറ്റ് സ്റ്റോർക്ക്**

2000 മുതൽ 10500 കി.മീറ്റർവരെ യാത്ര ചെയ്യുന്നു. അഞ്ഞൂറോളം വരുന്ന കൂട്ടങ്ങൾ വളരെ ഉയർന്നാണ് യാത്ര ചെയ്യുന്നത്.




**ബ്രാന്റ്**

വടക്കൻ ഭൂഖണ്ഡങ്ങളിൽ കണ്ടുവരുന്ന കാട്ടുതാറാവ്. 3000 –6500 കി.മീറ്റർ. V ആകൃതിയിൽ കൂട്ടമായി പറക്കുന്നു.




Chairman
Management & Editorial Board : C.Zameem
Printer & Publisher : T.K.Mushtaq Ahmad
Manager : Shafeeq Ahmad Karulai
Circulation Manager : K.Mubarak Ahmad

Chief Editor : H.Shamsuddin
Editor : Shareef Karulai
Members : B.M.Shoukath Ali
Shareef Ahmad
K.Noorudheen

Not for sale - circulation among members only

Views expressed in this publication are not necessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad , for Majlis Khuddamul Ahmadiyya Kerala at Orange ,Calicut